# പഞ്ചായത്ത് രാജ്

പുസ്തകം 52 ◆ ലക്കം 1

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഏപ്രിൽ 2012



പഞ്ചായത്തുകൾ ജനാഭിലാഷം നിറവേറ്റുന്ന പ്രാദേശിക ഭരണകേന്ദ്രങ്ങളാകണം

കുട്ടികൾക്ക് അവകാശസമത്വം ഉറപ്പാക്കും





# അധികാര വികേന്ദ്രീകരണം

## നേട്ടങ്ങൾ വെല്ലുവിളികൾ




"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ്"

'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്




# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 പഞ്ചായത്തുകൾ ജനാഭിലാഷം നിറവേറ്റുന്ന പ്രാദേശിക ഭരണകേന്ദ്രങ്ങളാകണം
ഉമ്മൻ ചാണ്ടി



8 കുട്ടികൾക്ക് അവകാശസമത്വം ഉറപ്പാക്കും
ഡോ. എം.കെ. മുനീർ



10 അധികാരവികേന്ദ്രീകരണം: പുതിയ വെല്ലുവിളികളും കേരള മാതൃകകളും
എസ്.എം. വിജയാനന്ദ് ഐ.എ.എസ്

14 അധികാരവികേന്ദ്രീകരണം ജില്ലാതലത്തിൽ
പി. കമാൽകുട്ടി



16 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളും കൂറുമാറ്റ നിരോധനനിയമവും
കെ. ശശിധരൻ നായർ

18 കരുതലോടെ കരുത്തുറ്റ പ്രാദേശിക സർക്കാരുകൾ
പി.ടി. മാത്യു



22 അധികാരം ഔദാര്യമല്ല; അവകാശമാണ്
അഡ്വ. യു. പ്രതിഭാഹരി

24 അധികാരവികേന്ദ്രീകരണം - കേന്ദ്രവും സംസ്ഥാനങ്ങളും
ഡോ. പി.പി. ബാലൻ



28 അധികാര വികേന്ദ്രീകരണവും സ്ത്രീശാക്തീകരണവും
പി.കെ. രാജഗോപാൽ

30 ജനാധിപത്യവും പ്രാദേശികഭരണവും
വിനു. എ

33 പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്

35 കുട്ടികളുടെ സമഗ്ര കായികാരോഗ്യ വളർച്ചയ്ക്ക് 'സ്റ്റാമിന' പദ്ധതി
ടി. ഷാഹുൽ ഹമീദ്



36 മഴവെള്ളം സംഭരിക്കാതെ കേരളത്തിന്റെ ദാഹം തീരില്ല
ആഷ്ലി ജോസ്



38 സഫലമീ സായാഹ്നം
പി.എ. സലാം



40 തേഞ്ഞുമാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ




## ഇ–ഗവേണൻസ് പതിപ്പ് ശ്രദ്ധേയമായി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് പ്രസിദ്ധീകരിച്ച മാർച്ച് ലക്കം പഞ്ചായത്ത്‌രാജ് മാസിക ശ്രദ്ധേയമായി. പൊതുജനങ്ങൾക്ക് ആവശ്യമായ ഒട്ടുമിക്ക സേവനങ്ങളും പ്രദാനം ചെയ്യുന്ന സേവനദാതാക്കളായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇ-ഗവേണൻസിലൂടെ ജോലിഭാരം ലഘൂകരിക്കുവാൻ കഴിയും. വികസന ക്ഷേമ ഭരണ നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കേണ്ട ഉത്തരവാദിത്തമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആധുനിക വിവര സാങ്കേതിക വിദ്യയുടെ എല്ലാ സാദ്ധ്യതകളും ഉപയോഗപ്പെടുത്തിയാൽ മാത്രമേ ആധുനിക കാലഘട്ടത്തിൽ തിരക്കേറിയ ജനവിഭാഗങ്ങൾക്ക് അവർ ആവശ്യപ്പെടുന്ന വേഗത്തിൽ സേവനം നൽകുവാൻ കഴിയുകയുള്ളൂ. അതിനുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ടവർ ഉടനെ നടത്തുമെന്ന് പ്രതീക്ഷിക്കുന്നു.

**സന്തോഷ് ടി. ജോസ്,** പുത്തൻ വീട്, കരിമ്പൻ

## ”ഗ്രാമപഞ്ചായത്തുകളിൽ പാലിയേറ്റീവ് കെയർ നിർബന്ധമാക്കും“

ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങളിൽ പാലിയേറ്റീവ് കെയർ നിർബന്ധമാക്കുമെന്ന് പഞ്ചായത്ത്-സാമൂഹ്യക്ഷേമവകുപ്പ് മന്ത്രി ഡോ.എം.കെ. മുനീർ പറഞ്ഞു. സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവർത്തന ഫണ്ടിലേക്കുള്ള തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം ഏറ്റുവാങ്ങി സംസാരിക്കുകയായിരന്നു അദ്ദേഹം. നിലവിൽ 400ഓളം പഞ്ചായത്തുകൾ മാത്രമാണ് പാലിയേറ്റീവ് കെയർ പ്രവർത്തനം നടത്തുന്നത്. ഇത് എല്ലാ തദ്ദേശസ്ഥാപനങ്ങളുടെയും ചുമതലയായി കാണണം. ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, കൗൺസിലർമാർ തുടങ്ങിയവർക്കായി പ്രത്യേക ഇൻഷ്വറൻസ് സ്കീം ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചതായും മന്ത്രി അറിയിച്ചു. സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ളവർക്ക് ചികിത്സാ സഹായവും ആരോഗ്യ സുരക്ഷയും ലഭ്യമാക്കുകയാണ് സാമൂഹ്യസുരക്ഷാ മിഷന്റെ ദൗത്യം. ക്യാൻസർ രോഗികളായ കുട്ടികളടക്കം അനേകംപേർക്ക് വിവിധ സ്കീമുകളിലൂടെ സഹായം ലഭ്യമാക്കുന്നുണ്ട് പേമെന്റ് ഗേറ്റ്‌വേ സംവിധാനത്തിലൂടെ സംഭാവനകൾ വഴി 100 കോടി രൂപ സമാഹരിക്കുമെന്ന് മന്ത്രി പറഞ്ഞു. കൂടുതൽപേർക്ക് വിപുലമായ നിലയിൽ സഹായം ലഭ്യമാക്കാനാണിതെന്നും മന്ത്രി പറഞ്ഞു. ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രമണി പി. നായർ തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം മന്ത്രിക്ക് കൈമാറി.



*സാമൂഹ്യസുരക്ഷാമിഷന്റെ പ്രവർത്തനഫണ്ടിലേക്കുള്ള തിരുവനന്തപുരം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രമണി പി. നായരിൽ നിന്നും പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ ഏറ്റുവാങ്ങുന്നു.*



*സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ ഭാഗമായി രൂപീകരിച്ച സ്വാഗതസംഘം ആഫീസിന്റെ ഉദ്ഘാടനം പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ നിർവ്വഹിക്കുന്നു.*

**പഞ്ചായത്ത് രാജ്**

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഏപ്രിൽ 2012
പുസ്തകം 52
ലക്കം 1
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in

**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ
**ജെയിംസ് വർഗ്ഗീസ്,** ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എ. ഫിറോസ്**
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**ജെ. സദാനന്ദൻ**
പഞ്ചായത്ത് ഡയറക്ടർ (അഡീഷണൽ ചാർജ്ജ്)

എഡിറ്റർ (അഡീഷണൽ ചാർജ്ജ്)
**ജെ. സദാനന്ദൻ**
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

എഡിറ്ററുടെ പേന

# പഞ്ചായത്ത് ദിനം നൽകുന്ന സന്ദേശം

പഞ്ചായത്തുകൾക്ക് ഭരണഘടനാ പദവി നൽകിയ 73-ാം ഭേദഗതി പ്രാബല്യത്തിൽ വന്ന 1993 ഏപ്രിൽ 24-ാം തീയതിയെ സ്മരിച്ചുകൊണ്ട് എല്ലാ വർഷവും അന്നേ ദിവസം ദേശീയ പഞ്ചായത്ത് ദിനമായി ആഘോഷിക്കുകയാണ്. കേരളത്തിൽ 23, 24 തീയതികളിലായി തിരുവനന്തപുരത്ത് വിപുലമായ പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്.


സ്വാതന്ത്ര്യം ലഭിച്ച് നാലരപതിറ്റാണ്ട് കാത്തിരിക്കേണ്ടിവന്നെങ്കിലും തദ്ദേശ ഭരണ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് നാന്ദികുറിക്കാൻ 73-ാം ഭേദഗതിക്ക് കഴിഞ്ഞു. പ്രത്യക്ഷ ജനാധിപത്യ വേദികളായ ഗ്രാമസഭകൾ, വനിതകൾക്കും ദുർബല ജനവിഭാഗങ്ങൾക്കും സംവരണം, കേന്ദ്ര-സംസ്ഥാനങ്ങളിലെന്നപോലെ തദ്ദേശഭരണ രംഗത്തും കൃത്യമായി അഞ്ചുവർഷത്തിലൊരിക്കൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ, സംസ്ഥാനവും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിൽ വിഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിന് സംസ്ഥാന ധനകാര്യ കമ്മിഷൻ എന്നിങ്ങനെ പ്രാദേശിക ജനാധിപത്യം ശക്തിപ്പെടുത്തുന്ന വ്യവസ്ഥകൾ ഭേദഗതിയുടെ സവിശേഷതയാണ്.

ഭേദഗതിയുടെ അന്ത:സത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് അധികാര വികേന്ദ്രീകരണത്തിന്റെ പരീക്ഷണശാലയായി മാറുകയായിരുന്നു കേരളം. ജനാധിപത്യ അധികാരവികേന്ദ്രീകരണമായിരുന്നു കേരളത്തിൽ നടന്നത്. അധികാരങ്ങൾക്കൊപ്പം അത് പ്രയോഗത്തിലെത്തിക്കുന്നതിന് ആവശ്യമായ വിഭവവും നൽകി. ഓരോ വിഷയമേഖലയെ അടിസ്ഥാനമാക്കി സ്ഥാപനങ്ങൾ കൈമാറി നൽകിയതോടൊപ്പം ഓംബുഡ്സ്മാൻ, ട്രിബ്യൂണൽ, കില, ശുചിത്വമിഷൻ, ഐ.കെ.എം. തുടങ്ങിയ അനുബന്ധ സ്ഥാപനങ്ങളിലൂടെ പിന്തുണാ സംവിധാനവും ഒരുക്കി. ദളിതരും ഗോത്രരും ദുർബലരും വനിതകളുമുൾപ്പെടുന്ന സർവ്വവിഭാഗം ജനങ്ങളുടെ പങ്കാളിത്തത്തോടെ സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനത്തിനായി പ്രാദേശിക തലത്തിൽ ആസൂത്രണപ്രക്രിയ രൂപം കൊണ്ടു. അടിസ്ഥാന സൗകര്യ വികസനത്തിലും സാമൂഹ്യ മേഖലയിലും വൻനേട്ടം കൈവരിക്കാൻ കഴിഞ്ഞു. ഒട്ടനവധി പ്രാദേശിക വികസന മാതൃകകൾ രൂപം കൊണ്ടു. അധികാരവികേന്ദ്രീകരണത്തിൽ അനുകരണീയ മാതൃകകൾ ഇല്ലാതിരുന്ന രാജ്യത്ത് ചെയ്തും പഠിച്ചും അനുഭവങ്ങളിൽ നിന്നും പിഴവുകൾ തിരുത്തിയും മുന്നോട്ടുപോയ കേരളം മാതൃകയായി. തുടർച്ചയായി ലഭിച്ച ദേശീയ പുരസ്കാരങ്ങൾ അതിനുള്ള സാക്ഷ്യപത്രമായി.

കാലാകാലങ്ങളിൽ ഉണ്ടാകുന്ന പ്രതിബന്ധങ്ങളെയും വെല്ലുവിളികളെയും അതിജീവിച്ച് അധികാരവികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കുന്നതിനുള്ള പാതയിലാണ് നാം ഇപ്പോൾ. പരിഹരിക്കപ്പെടേണ്ട വിഷയങ്ങൾ അനവധിയാണ്. ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളെ അടിസ്ഥാനമാക്കി ജില്ലയ്ക്കൊട്ടാകെ ഒരു വികസന പദ്ധതി - കൊല്ലം ജില്ലയിലൊഴികെ - സ്വപ്നമായി അവശേഷിക്കുന്നു. വകുപ്പുകൾ തമ്മിലും കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും പഞ്ചായത്തുകളും തമ്മിലും വേണ്ടത്ര ഏകോപനമില്ലായ്മ, കടുത്ത ഡിപ്പാർട്ടുമെന്റലിസം, വർദ്ധിച്ചുവരുന്ന ഉത്തരവാദിത്തങ്ങൾക്കാനുപാതികമായി ചുമതലാനിർവ്വഹണം നടത്തുന്നതിനുള്ള ഉദ്യോഗസ്ഥരുടെ കുറവ്, ഇ-ഗവേണൻസ് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിലുണ്ടാകുന്ന വീഴ്ച, വിഭവങ്ങളുടെയും വകുപ്പുകളുടെയും ഉദ്ഗ്രഥനമില്ലായ്മ, ഗ്രാമസഭകളുടെ നിർജ്ജീവാവസ്ഥ, വികസന ക്ഷേമപ്രവർത്തനങ്ങളിൽ കുറഞ്ഞുവരുന്ന ജനപങ്കാളിത്തം, പ്രാദേശികതലത്തിൽ സമഗ്ര വികസന കാഴ്ചപ്പാടിന്റെ അഭാവം, തനതു വരുമാന സ്രോതസ്സുകൾ ശക്തിപ്പെടുത്തുന്നതിൽ കാട്ടുന്ന ഉദാസീനത എന്നിങ്ങനെ നീളുന്നു ആ പട്ടിക.


നേട്ടങ്ങളെക്കുറിച്ച് അഭിമാനിക്കുമ്പോൾ തന്നെ ഈ സംവിധാനത്തിന്റെ കോട്ടങ്ങളും കുറവുകളും തുറന്ന മനസ്സോടെ ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തികൊണ്ടു മാത്രമേ അധികാരവികേന്ദ്രീകരണത്തിന്റെ ദീപശിഖയുടെ മുന്നോട്ടുള്ള പ്രയാണം കൂടുതൽ ദീപ്തമാക്കാൻ കഴിയൂ. പഞ്ചായത്ത്ദിനം ഓർമ്മിപ്പിക്കുന്നതും അതാണ്.

# പഞ്ചായത്തുകൾ ജനാഭിലാഷം നിറവേറ്റുന്ന പ്രാദേശിക ഭരണകേന്ദ്രങ്ങളാകണം



ഉമ്മൻ ചാണ്ടി
മുഖ്യമന്ത്രി

**കേന്ദ്ര – സംസ്ഥാന ഭരണവ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി പഞ്ചായത്തുകളിൽ ഭരണ – പ്രതിപക്ഷ വേർതിരിവില്ല. തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ ജനപ്രതിനിധികളും ഭരണസമിതി അംഗങ്ങളാണ്. അതുകൊണ്ടുതന്നെ കക്ഷിരാഷ്ട്രീയത്തിനതീതമായി ഒരു മനസ്സോടെ പ്രവർത്തിച്ചാൽ ജനാഭിലാഷം നിറവേറ്റുന്ന പ്രാദേശിക ഭരണസിരാകേന്ദ്രങ്ങളായി പഞ്ചായത്തുകൾക്ക് ശോഭിക്കുവാൻ കഴിയും.**



ഇന്ത്യയിൽ ത്രിതല പഞ്ചായത്ത്‌രാജ് സംവിധാനം സാർവത്രികമായത് 73-ാം ഭരണഘടനാ ഭേദഗതിയോടെയാണ്. ഈ ഭേദഗതി പ്രാബല്യത്തിൽ വന്ന 1993 ഏപ്രിൽ 24നെ സ്മരിച്ചുകൊണ്ട് എല്ലാ വർഷവും അന്നേ ദിവസം ദേശീയ പഞ്ചായത്ത് ദിനമായി രാജ്യമെങ്ങും ആചരിച്ചു വരുന്നു. കേരളവും ഈ വർഷം മുതൽ പഞ്ചായത്ത് ദിനം ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.

പ്രധാനമന്ത്രി രാജീവ് ഗാന്ധി 1989-ൽ പഞ്ചായത്തീരാജ് ബിൽ 64-ാം ഭരണഘടനാ ഭേദഗതിയായി പാർലമെന്റിൽ അവതരിപ്പിച്ചതോടെയാണ് പഞ്ചായത്തുകളെ ശാക്തീകരിക്കാനുള്ള നടപടിക്കു തുടക്കമായത്. ബിൽ ലോക്സഭ പാസ്സാക്കിയെങ്കിലും ചില വ്യവസ്ഥകളോടുള്ള പ്രതിപക്ഷ വിയോജിപ്പുകാരണം രാജ്യസഭയിൽ ആവശ്യമായ ഭൂരിപക്ഷം അതിനു ലഭിച്ചിരുന്നില്ല. 1992 ഡിസംബറിൽ പി.വി. നരസിംഹറാവു സർക്കാർ വീണ്ടും 73-ാം ഭരണഘടനാ ഭേദഗതിയായി അവതരിപ്പിച്ച ബിൽ പാർലമെന്റ് പാസ്സാക്കിയതോടെ പഞ്ചായത്തുകൾ ഭരണഘടനാ പദവിയുള്ള സ്ഥാപനങ്ങളായി മാറി.

മഹാത്മജി സ്വപ്നം കണ്ട ഗ്രാമസ്വരാജിലേക്കുള്ള അർത്ഥപൂർണ്ണമായ ചുവടുവയ്പായിരുന്നു 73-ാം ഭേദഗതി. ത്രിതല പഞ്ചായത്തുകൾ, ഗ്രാമസഭകൾ, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, സംസ്ഥാന ധനകാര്യ കമ്മീഷൻ, സംവരണ വ്യവസ്ഥ തുടങ്ങി പ്രാദേശിക ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനും ജനങ്ങൾക്ക് ഭരണത്തിൽ പങ്കാളിത്തം നൽകുന്നതിനും സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതായിരുന്ന 73-ാം ഭരണഘടനാ ഭേദഗതി. 29 വിഷയങ്ങളിൽ സംസ്ഥാനങ്ങൾ തങ്ങളുടെ അധികാരം പഞ്ചായത്തുകൾക്ക് കൈമാറുന്നതിനും ഭരണഘടന വ്യവസ്ഥ ചെയ്തു. 1994ൽ കേരളത്തിൽ അധികാരത്തിലിരുന്ന യു.ഡിഎഫ് സർക്കാർ ഭരണഘടനാ ഭേദഗതിയുടെ അന്തഃസത്ത കാത്തുസൂക്ഷിച്ചുകൊണ്ട് ഒരു വർഷത്തിനകം തന്നെ കേരള പഞ്ചായത്ത്‌രാജ് നിയമം പാസ്സാക്കി. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടന്ന നിയമനിർമ്മാണങ്ങളിൽവെച്ച് ഏറ്റവും സുദൃഢമായിരുന്നു കേരള നിയമം.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വിഷയമേഖലകളിലായി നമ്മുടെ പഞ്ചായത്തുകൾ വൈവിധ്യമാർന്ന ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിച്ചു വരികയാണ്. കൃഷി, വ്യവസായം, മൃഗസംരക്ഷണം, മത്സ്യബന്ധനം, സഹകരണം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ, അടിസ്ഥാന സൗകര്യവികസനം എന്നിങ്ങനെ സാമൂഹിക ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇടപെടാൻ കഴിയുന്ന വിപുലമായ സാധ്യതകളാണ് പഞ്ചായത്തുകൾക്ക് ഇന്നുള്ളത്. ലഭ്യമായ അധികാരങ്ങളും വിഭവങ്ങളും ഉപയോഗപ്പെടുത്തി ഏതെല്ലാം മേഖലകളിൽ എന്തൊക്കെ വളർച്ച കൈവരിക്കാൻ കഴിഞ്ഞു എന്നതിനെക്കുറിച്ച് നാം ആത്മപരിശോധന നടത്തുന്നത് നമ്മുടെ മുന്നോട്ടുള്ള യാത്രയ്ക്ക് ഗുണകരമാകും.



ജനങ്ങളുമായി ഏറ്റവും അടുത്ത് ഇടപഴകുന്ന സ്ഥാപനങ്ങൾ എന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് പ്രതിജ്ഞാബദ്ധമായ നടപടികളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. ഗ്രാമസഭകളുടെ പുനരുജ്ജീവനത്തിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. പ്രാദേശിക ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനുള്ള സുപ്രധാന വേദികളാണ് ഗ്രാമസഭകൾ. ജനങ്ങൾക്ക് ഭരണത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന പ്രത്യക്ഷ ജനാധിപത്യവേദികളായ ഗ്രാമസഭകൾ വേണ്ടവിധം ഇന്ന് പ്രവർത്തിക്കുന്നില്ല. ഗ്രാമസഭകളെ സജീവമാക്കിക്കൊണ്ട് മാത്രമേ ഭരണ സുതാര്യത ഉറപ്പുവരുത്താൻ കഴിയുകയുള്ളു. അണുകുടുംബ വ്യവസ്ഥയിലെ പരിമിതികൾ മുറിച്ചു കടക്കാൻ ഗ്രാമസഭകൾക്ക് കഴിയണം.

സംസ്ഥാന പദ്ധതി അടങ്കലിന്റെ ഏകദേശം മൂന്നിലൊന്ന് ഭാഗം തുക വകയിരുത്തപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവയ്ക്ക് അനുവദിക്കപ്പെടുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കുന്നില്ല എന്നത് വസ്തുതയാണ്. പദ്ധതികളുടെ ആസൂത്രണത്തിനും അംഗീകാരത്തിനും മാസങ്ങൾ എടുക്കുന്നതിനാൽ പഞ്ചായത്തുകളെ മാത്രം കുറ്റപ്പെടുത്തുന്നത് നീതിയുക്തവുമല്ല. അതുകൊണ്ട് തന്നെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അവലംബിച്ചിരിക്കുന്ന പഞ്ചവത്സര പദ്ധതിയുടെ മാതൃക 12-ാം പദ്ധതി മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും പൂർണ്ണമായും നടപ്പാക്കുന്നതിന് വഴിയൊരുക്കും. ഈ സാമ്പത്തിക വർഷാരംഭം മുതൽ നടപ്പാക്കുന്ന 12-ാം പഞ്ചവത്സര പദ്ധതിക്ക് 105,000 കോടി രൂപയാണ് അടങ്കലായി നിശ്ചയിച്ചിരിക്കുന്നത്. 11-ാം പദ്ധതിയിലിത് 40,022 കോടി രൂപയായിരുന്നു.

കേരളം ഇന്ന് അഭിമുഖീകരിക്കുന്ന മറ്റൊരു രൂക്ഷമായ പ്രശ്നം മാലിന്യ സംസ്ക്കരണമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ തന്നെ 'മാലിന്യമുക്ത കേരളം – ശുചിത്വ വർഷ പരിപാടി' എന്ന പേരിൽ ഒരു കർമ്മ പദ്ധതിക്ക് രൂപം നല്കി. സംസ്ഥാന സർക്കാരിനൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനങ്ങളും ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ മാത്രമെ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയുകയുള്ളു. മാലിന്യപ്രശ്നം പരിഹരിക്കാൻ നൂതന സാങ്കേതിക വിദ്യയ്ക്കൊപ്പം ജനപങ്കാളിത്തവും ഉറപ്പാക്കണം. വികേന്ദ്രീകൃത മാലിന്യസംസ്കരണ രീതിയാണ് സർക്കാർ പ്രോൽസാഹിപ്പിക്കുന്നത്. ജനങ്ങളെ ബോധവൽക്കരിക്കുക എന്നതാണ് പരമപ്രധാനം.

ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങളുടെ തൊണ്ണൂറു ശതമാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പ്രദാനം ചെയ്യുന്നത്. വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഇ-ഗവേണൻസിലൂടെ സമയബന്ധിതമായും ഗുണമേന്മയോടെയും സേവനം നൽകുന്നതിനും പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മുൻഗണന നൽകുന്ന സമീപനമാണാവശ്യം. പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച പഠന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഇന്ന് മുഴുവൻസമയ ജനസേവകരായി മാറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ സർക്കാർ അധികാരമേറ്റയുടൻ ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിക്കുകയും സി.യു.ജി ഗ്രൂപ്പിൽ ഉൾപ്പെടുത്തി പഞ്ചായത്ത് പ്രസിഡന്റുമാർക്ക് മൊബൈൽ സിംകാർഡ് വിതരണം ചെയ്യുകയുമുണ്ടായി.

കേന്ദ്ര-സംസ്ഥാന ഭരണവ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി പഞ്ചായത്തുകളിൽ ഭരണ-പ്രതിപക്ഷ വേർതിരിവില്ല. തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ ജനപ്രതിനിധികളും ഭരണസമിതി അംഗങ്ങളാണ്. അതുകൊണ്ടുതന്നെ കക്ഷിരാഷ്ട്രീയത്തിനതീതമായി ഒരു മനസ്സോടെ പ്രവർത്തിച്ചാൽ ജനാഭിലാഷം നിറവേറ്റുന്ന പ്രാദേശിക ഭരണസിരാകേന്ദ്രങ്ങളായി പഞ്ചായത്തുകൾക്ക് ശോഭിക്കുവാൻ കഴിയും. ■

പഞ്ചായത്ത് രാജ്

# കുട്ടികൾക്ക് അവകാശ സമത്വം ഉറപ്പാക്കും



**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി

**നാം** ഇപ്പോൾ പഞ്ചായത്ത് സുവർണ്ണ ജൂബിലി ആഘോഷിക്കുകയാണ്. തദ്ദേശഭരണ രംഗത്ത് അനവധി പരിണാമങ്ങൾക്ക് സാക്ഷ്യം വഹിച്ച അരനൂറ്റാണ്ടാണ് നാം പിന്നിടുന്നത്. ഇവയിലെ വിപ്ലവകരമായ പരിവർത്തനം അധികാരവികേന്ദ്രീകരണമായിരുന്നു. വികേന്ദ്രീകൃതാസൂത്രണവും സാമ്പത്തികവികേന്ദ്രീകരണവും ഈ പ്രക്രിയയുടെ ഭാഗമായി. ജനാധിപത്യം അതിന്റെ പൂർണ്ണ അർത്ഥത്തിൽ ശാക്തീകരിക്കപ്പെടുകയും ദുർബലവിഭാഗങ്ങൾ അധികാരശ്രേണിയിൽ തങ്ങളുടെ സ്വന്തം ഇരിപ്പിടം കണ്ടെത്തുകയും ചെയ്തു. രാജ്യത്തെ ഓരോ പൗരന്റെയും ശബ്ദം കേൾക്കപ്പെടുകയും ശ്രദ്ധിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയിൽ സ്വന്തം ശബ്ദത്തിന്റെ ശക്തി അവൻ തിരിച്ചറിഞ്ഞു. ത്രിതല പഞ്ചായത്തിരാജ് സംവിധാനം ഏറ്റവും ഫലപ്രദമായി നടപ്പിൽവന്ന സംസ്ഥാനങ്ങളിൽ ഒന്ന് കേരളം ആണെന്നത് നമുക്ക് അഭിമാനം പകരുന്നു. പല വികസ്വര രാജ്യങ്ങളിൽനിന്നും കേരളത്തിന്റെ ഈ വിജയകഥ നേരിൽ മനസ്സിലാക്കാനായി പ്രതിനിധി സംഘങ്ങൾ ഇവിടേക്കെത്തുന്നുണ്ട്. നമ്മുടെ പഞ്ചായത്തിരാജ് സംവിധാനം കേന്ദ്ര ഗവണ്മെന്റിന്റെ പുരസ്കാരങ്ങൾ പല പ്രാവശ്യം നേടി.

എങ്കിലും നമ്മൾ സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങൾ ഈ അവസരത്തിൽ ഉയർന്നു വരുന്നുണ്ട്. അധികാര വികേന്ദ്രീകരണത്തോടൊപ്പം വർദ്ധിച്ച അവകാശ സമത്വം എത്രത്തോളം ലഭ്യമായി? നമ്മുടെ കുട്ടികൾക്ക് അവരുടെ അവകാശം ഉന്നയിക്കാൻ പര്യാപ്തമായ വേദികൾ കൈവന്നിട്ടുണ്ടോ? കുട്ടികൾക്കായുള്ള ഒരു ദേശീയ നയം നമ്മൾ രൂപീകരിച്ചത് 1974-ൽ ആണ്. ഐക്യരാഷ്ട്രസഭ അംഗീകരിച്ച പോലെ 18 വയസ്സ് വരെയുള്ള ഏത് മനുഷ്യജീവിയും ശിശു എന്ന നിർവചനത്തിൽപ്പെടുന്നു. ഐക്യരാഷ്ട്രസഭാസമ്മേളനം അംഗീകരിച്ച പ്രകാരം കുട്ടികളെ ബാധിക്കുന്ന ഏത് നടപടിയും അവരുടെ ഉത്തമതാത്പര്യം കണക്കിലെടുത്തുകൊണ്ടുള്ളതാവണം. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ അംഗീകരിച്ച കുട്ടികളുടെ അടിസ്ഥാന അവകാശങ്ങൾ ഇവയാണ്:

(1) വിദ്യാഭ്യാസം (2) അഭിപ്രായ സ്വാതന്ത്ര്യം (3) കാര്യഗ്രഹണം (ഇൻഫർമേഷൻ) (4) പോഷകാഹാരം (5) ആരോഗ്യവും ശുശ്രൂഷയും (6) പീഡനത്തിൽനിന്നുള്ള സംരക്ഷണം (7) അവഗണനയ്ക്കെതിരായ സംരക്ഷ (8) പുരോഗതി (9) വിനോദം (10) സ്വന്തം നാമവും പൗരത്വവും (11) അതിജീവനം.

കോടിക്കണക്കിന് കുട്ടികൾ തൊഴുത്തിന് സമാനമായ പാർപ്പിടങ്ങളിൽ അശുദ്ധജലം ഉപയോഗിച്ച് പ്രതിരോധ കുത്തിവയ്പുകൾപോലും ഇല്ലാതെ, പോഷകാഹാരം ലഭിക്കാതെ സ്കൂളുകളിൽ പോകാതെ കഴിയുന്ന ഇന്ത്യൻ സാഹചര്യത്തിൽ അടിസ്ഥാന അവകാശങ്ങൾ സംരക്ഷിക്കപ്പെടാൻ ഇനിയും ഏറെ ദൂരം പോകാനുണ്ട്. എങ്കിലും കേരളത്തിലെ സ്ഥിതി ഏറെ മെച്ചമാണ്. നമ്മൾ പുലർത്തുന്ന സാമൂഹിക ജീവിതസൂചിക ഏറെ ഉയർന്നുനിൽക്കുന്നു എന്നതാണ് കാരണം. നമ്മുടെ കുട്ടികൾ പ്രധാനമായും നേരിടേണ്ടിവരുന്നത് രക്ഷകർത്താക്കളുടെ മദ്യപാനശീലം, മാനസിക വികാസമില്ലായ്മയും ആത്മഹത്യാ പ്രവണതയും, മദ്യവും മറ്റ് ലഹരി വസ്തുക്കളും, അണുകുടുംബാന്തരീക്ഷത്തിലെ ഏകാന്തതയും വഴിതെറ്റലുകളും, സൈബർ കുറ്റകൃത്യങ്ങൾ, ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ദുരുപയോഗം, വാഹനാപകടങ്ങൾ, അടിപൊളി ജീവിതം, പ്രവാസികളായ കുട്ടികളുടെ വിദ്യാഭ്യാസ-ആരോഗ്യപ്രശ്നങ്ങൾ, അനാഥാലയങ്ങളിലെ കുട്ടികളുടെ ദൈന്യത, ഉപേക്ഷിക്കപ്പെട്ട ശിശുക്കളുടെ അപര്യാപ്ത സംരക്ഷണം തുടങ്ങിയ സംഗതികളാണ്.

ഇവയ്ക്ക് ഒരു പോംവഴി, അവകാശ സമത്വം എന്നിവയ്ക്കായി വിവിധ സ്ഥാപനങ്ങൾ, വകുപ്പുകൾ, പഞ്ചായത്തുകൾ, ഗവൺമെന്റ് - ഗവൺമെന്റിതര ഏജൻസികൾ എന്നിവയുടെ പ്രവർത്തനം സമന്വയിപ്പിക്കുകയാണ് വേണ്ടത്. കുടുംബശ്രീയുടെ ബഡ്സ് സ്കൂളുകൾ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ അവകാശ സംരക്ഷണത്തിൽ നിസ്തുലമായ പങ്കുവഹിക്കുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ വരുന്ന മാതൃകാ അംഗൻവാടികൾ കുട്ടികളുടെ പോഷകാഹാരത്തിന് പുറമേ, പ്രായമായവർക്ക് കൂടി സന്ദർശിക്കാനും അവരുടെ വിഭവശേഷി പ്രയോജനപ്പെടുത്തി കുട്ടികളോടൊപ്പം സമയം ചെലവിടാനുമുള്ള ഇടങ്ങളാക്കികൂടി പരിവർത്തനം ചെയ്യും. നമ്മുടെ ശിശുക്ഷേമ സമിതികളിൽ എത്തിപ്പെടുന്ന അനാഥ ശിശുക്കളുടെ യഥാർത്ഥ മാതാപിതാക്കൾ ഗവൺമെന്റ് ആണെന്ന രീതിയിൽ പ്രവർത്തനം കൂടുതൽ ഉത്തരവാദിത്തപൂർണ്ണമാക്കും. കേരളത്തിൽ നിലവിൽവന്ന ശിശുഅവകാശ സംരക്ഷണ സമിതിക്ക് ഈ രംഗത്ത് ഏറെ പ്രവർത്തിക്കാൻ കഴിയും.

കുട്ടികളുടെ അവകാശതുല്യത ഉറപ്പാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റിന് വ്യക്തമായ ലക്ഷ്യബോധവും കർമ്മപദ്ധതിയും ഉണ്ട്. അത് നടപ്പാക്കുകതന്നെ ചെയ്യും. എല്ലാത്തരം നീതിനിഷേധവും ക്രൂരതകളും പീഡനവും അവസാനിപ്പിക്കുക, ശാരീരിക-മാനസിക-സാമൂഹിക വികസനത്തിനുള്ള നൂതന പദ്ധതികൾ, ഊർജ്ജസ്വലമായ ശിശുക്ഷേമ പ്രവർത്തനം, ബന്ധപ്പെട്ട സ്ഥാപനങ്ങൾ കൂടുതൽ ശിശുസൗഹൃദമാക്കുക, അവകാശ സംരക്ഷണത്തിനായി പൗരാവകാശ രേഖ രൂപപ്പെടുത്തുക തുടങ്ങിയ നടപടികൾ ഉടനെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പോഷകാഹാര-രോഗപ്രതിരോധ കുത്തിവയ്പ് മേഖലകളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നതിന് പുറമേ, പോഷകാഹാര വിഷയത്തിന് മാത്രമായി പ്രത്യേകം ഗ്രാമസഭകൾ ചേരാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുകയും ചെയ്യും. കുട്ടികളുടെ അവകാശസംരക്ഷണത്തിൽ ഇന്ത്യക്കും ലോകത്തിനും മാതൃകയാവണം എന്നതാണ് കേരളത്തിന്റെ ലക്ഷ്യം. ■







# അധികാരവികേന്ദ്രീകരണം

## പുതിയ വെല്ലുവിളികളും കേരള മാതൃകകളും

**എസ്.എം. വിജയാനന്ദ് ഐ.എ.എസ്**

അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ സ്വാതന്ത്ര്യാനന്തരമുള്ള അരനൂറ്റാണ്ടിൽ എടുത്തുപറയത്തക്ക ചരിത്രനേട്ടം ഇന്ത്യക്ക് രേഖപ്പെടുത്താനായിട്ടില്ല.

1992ലെ 73, 74 ഭരണഘടനാ ഭേദഗതിയും അതുമൂലമുണ്ടായ പഞ്ചായത്തിരാജ് നിയമനിർമ്മാണവുമാണ് അധികാരവികേന്ദ്രീകരണത്തിൽ ഇന്ത്യയുടെ വിധിയും ഗതിയും മാറ്റിക്കുറിച്ചത്.

**1992ലെ 73, 74 ഭരണഘടനാ ഭേദഗതിയും അതുമൂലമുണ്ടായ പഞ്ചായത്തിരാജ് നിയമനിർമ്മാണവുമാണ് അധികാരവികേന്ദ്രീകരണത്തിൽ ഇന്ത്യയുടെ വിധിയും ഗതിയും മാറ്റിക്കുറിച്ചത്.**

സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഒരുപോലെ പ്രാദേശിക വികസനത്തിൽ സക്രിയമായി ഇടപെടാനുള്ള അവസരം അതിലൂടെ കൈവന്നു. ആ അവസരം ശരിക്കും പ്രയോജനപ്പെടുത്തിയ സംസ്ഥാനമാണ് കേരളം.

അധികാരവും വിഭവങ്ങളും താഴേക്ക് നൽകുന്ന കാര്യത്തിൽ അധികം അനുകരണീയ മാതൃകകൾ നമുക്കില്ലായിരുന്നു. അതുകൊണ്ടുതന്നെ പ്രയോഗത്തിലൂടെ പഠിക്കുക (Learning by Doing) അഥവാ തെറ്റുതിരുത്തി മുന്നേറുക (Trial and Error) എന്ന സമീപനമാണ് കേരളം സ്വീകരിച്ചത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ 'ബിഗ് ബാങ് ആൻഡ് റിവേഴ്സൽസ്' നയം.

ആദ്യം അധികാരം താഴേതട്ടിലേക്ക് നൽകുക; എന്നിട്ട് സംവിധാനങ്ങൾ കെട്ടിപ്പടുക്കുക; ചുമതലകൾ കൈമാറുക, അതിനുശേഷം കാര്യശേഷി മെച്ചപ്പെടുത്തുക; പണവും വിഭവങ്ങളും കൈമാറുക; തുടർന്ന് അക്കൗണ്ടിംഗ് ഘടനകൾ രൂപകല്പന ചെയ്യുക. ഇത് തുടക്കത്തിൽ പലർക്കും സ്വീകാര്യമായിരുന്നില്ല.

താഴേതട്ടിൽ ജനങ്ങൾക്കും ജനപ്രതിനിധികൾക്കും അധികാരവികേന്ദ്രീകരണം നൽകുന്ന ചുമതലകൾ നിർവഹിക്കാനുള്ള കാര്യപ്രാപ്തിയില്ല എന്ന വാദമാണ് അധികാര കൈമാറ്റത്തിന് തടസ്സം നിന്നവർ ഉയർത്തിയിരുന്നത്.

എന്നാൽ അത്തരം തടസ്സവാദങ്ങളെയെല്ലാം പ്രതിരോധിച്ച് അധികാരവികേന്ദ്രീകരണത്തെ അചിരേണ പ്രവൃത്തിപഥത്തിലെത്തിക്കാൻ നമുക്കായി. അധികാരവും അർത്ഥവും താഴേക്കു നൽകി. ഒപ്പം വിപുലമായ കാര്യശേഷി വികസന പരിപാടികൾ നടപ്പാക്കുകയും ചെയ്തു.

സങ്കല്പത്തിലും പ്രയോഗത്തിലും അധികാരവികേന്ദ്രീകരണത്തിന്റെ അടിത്തറ ഉറപ്പിക്കാൻ നമുക്കായി. നടപടിക്രമങ്ങളിലും പ്രക്രിയകളിലും നാം അനുകരണീയ മാതൃകയായി.

പങ്കാളിത്ത ആസൂത്രണത്തോടെയായിരുന്നു വികേന്ദ്രീകൃത ജനാധിപത്യത്തിന്റെ പാത നാം വെട്ടിത്തുറന്നത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ അതിനൊരു ലക്ഷ്യബോധവും വേഗവും കൈവന്നു. അതിന്റെ തുടർച്ചയായി നടന്ന കാര്യപ്രാപ്തി വികസന പരിപാടികൾ കേരളത്തിലെ പഞ്ചായത്തുകളെ പ്രാദേശിക സർക്കാരുകളായി മാറ്റുന്നതിൽ സുപ്രധാന പങ്കുവഹിച്ചു.







ഭരണഘടനാ ഭേദഗതികൾക്കു ശേഷമുള്ള ആദ്യ പദ്ധതിയായ ഒമ്പതാം പദ്ധതി മുതൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും പദ്ധതിയുണ്ടാക്കാനുള്ള അധികാരവും പദ്ധതി നിർവഹണത്തിന് സംസ്ഥാന പദ്ധതിയുടെ ഏതാണ്ട് മൂന്നിലൊന്ന് തുകയും നൽകിത്തുടങ്ങിയതോടെ പ്രാദേശിക വികസനത്തിന്റെ കേന്ദ്രബിന്ദുവായി തദ്ദേശഭരണസ്ഥാപനങ്ങൾ മാറി.

കൃത്യമായ ചുമതലാ വിഭജനം ആണ് മറ്റൊരു പ്രധാന പ്രത്യേകത. മനുഷ്യശേഷി വികസനം, സാമൂഹിക വികസനം, ഭൗതിക വികസനം, സാമ്പത്തിക വികസനം എന്നിങ്ങനെ പ്രധാനപ്പെട്ട എല്ലാ വികസന ചുമതലകളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽ ഉൾപ്പെട്ടു. മനുഷ്യശേഷി വികസനത്തിലുൾപ്പെടുന്ന സെക്കൻഡറി വരെയുള്ള വിദ്യാഭ്യാസം, പ്രാഥമികാരോഗ്യം, സാമൂഹിക വികസനത്തിന്റെ അടിസ്ഥാന ശിലകളായ സ്ത്രീ-ശിശു വികസനം, പട്ടികജാതി പട്ടികവർഗ വികസനം, ദാരിദ്ര്യലഘൂകരണം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ഉന്നമനം, സാമൂഹിക സുരക്ഷ, ഭൗതിക പുരോഗതിക്കു നിദാനമായ ജലവിതരണം, ശുചീകരണം, വൈദ്യുതി, പൊതു സ്ഥാപനങ്ങളുടെ സൃഷ്ടിയും പരിപാലനവും, സാമ്പത്തിക വികസനത്തിന് അനുപേക്ഷണീയമായ കൃഷിയും അനുബന്ധ മേഖലകളും, ഗ്രാമവ്യവസായങ്ങൾ, സൂക്ഷ്മസംരംഭങ്ങൾ എന്നിവയെല്ലാം അതിലുൾപ്പെടുന്നു. അതോടൊപ്പം മാലിന്യ പരിപാലനവും തെരുവ് വിളക്കുകൾ സ്ഥാപിക്കലും അവയുടെ പരിപാലനവും അനിവാര്യ ചുമതലയായി.

വർധിച്ച ഉത്തരവാദിത്തവും ചുമതലകളും സ്വാഭാവികമായും പ്രാദേശിക ഭരണത്തിൽ പുതിയ വെല്ലുവിളികൾ ഉയർത്തി. അവയിൽ പ്രധാനം ത്രിതല സംവിധാനത്തിൽ പ്രാദേശിക വികസനത്തിനാവശ്യമായ വിവിധ ഘടകങ്ങളുടെ ചുമതലാ വിഭജനമാണ്. അക്കാര്യത്തിലുണ്ടാകാവുന്ന ആശയക്കുഴപ്പം ഒഴിവാക്കാൻ പഞ്ചായത്തിരാജ് ചട്ടങ്ങളിലെ കൃത്യമായ ചുമതലാ വിഭജനം മാർഗ്ഗദർശിയായി മാറുന്നു. അതുപോലെ തന്നെ പ്രധാനമാണ് മുൻ-പിൻ ബന്ധങ്ങളുടെ ഏകോപനം. സമഗ്രമായ ജില്ലാ പ്ലാൻ വഴി ആ വെല്ലുവിളിയെ നേരിടാനാവും.

മറ്റൊരു പ്രധാന വെല്ലുവിളി പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങളുടെ പരിപാലനത്തിൽ ത്രിതല പഞ്ചായത്തുകൾക്കിടയിൽ ഉയർന്നുവരാവുന്ന അധികാരാതിർത്തി പ്രശ്നങ്ങളാണ്. അത് പരിഹരിക്കാൻ കേരളം രൂപം നല്കിയ നീർത്തടാധിഷ്ഠിത പ്രകൃതി വിഭവ പരിപാലന പ്ലാൻ പ്രാദേശിക വികസനത്തിൽ മറ്റൊരു അനുകരണിയ മാതൃകയായി മാറിയിട്ടുണ്ട്. അതുപോലെ തന്നെ പൊതുവായ സേവനസംവിധാനങ്ങളുടെ കാര്യത്തിൽ സ്വഭാവികമായുണ്ടാവുന്ന പരിപാലന പ്രശ്നങ്ങൾ. അതു പരിഹരിക്കാൻ ഒരു പൊതുപ്ലാൻ അനിവാര്യമായി മാറുന്നു- ഉദാഹരണം: കുടിവെള്ള വിതരണം.

അധികാരങ്ങളും ചുമതലകളും വർധിക്കുമ്പോൾ സ്വാഭാവികമായും ഉണ്ടാകാവുന്ന മറ്റൊരു വെല്ലുവിളിയാണ് വകുപ്പുകൾ, പ്രവൃത്തികൾ, ഉദ്യോഗസ്ഥർ എന്നിവയുടെ കൈമാറ്റം. ഒപ്പം ഉദ്യോഗസ്ഥരുടെ മേൽ നിലനില്ക്കുന്ന 'ഇരട്ട നിയന്ത്രണ'വും. ചരിത്രപരമായ ഇടപെടലുകളിലൂടെ അത്തരം പ്രശ്നങ്ങളെ നല്ലൊരളവിൽ പരിഹരിക്കാൻ കേരളത്തിന് ഇതിനകം കഴിഞ്ഞിട്ടുണ്ട്. എന്നാൽ അവ കാര്യക്ഷമവും കരുത്തുറ്റതുമാക്കാൻ ഒട്ടേറെ കാര്യങ്ങൾ ഇനിയും ചെയ്യേണ്ടതുണ്ട്. മാനേജ്മെന്റ് വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും മനോഭാവ മാറ്റത്തിനും സഹായകമായ തുടർച്ചയായ പരിശീലന പരിപാടികൾ, പ്രത്യേക സൂപ്പർവൈസർമാരില്ലാതെ തന്നെ മേൽനോട്ടം നിർവഹിക്കാൻ കൃത്യമായ മാർഗരേഖകൾ, സ്വയം പരിശോധനാ സംവിധാനങ്ങൾ എന്നിവ സഹായകമാകും.

### ധനവികേന്ദ്രീകരണം

ധനവികേന്ദ്രീകരണമേഖലയിലെ

**താഴേതട്ടിൽ ജനങ്ങൾക്കും ജനപ്രതിനിധികൾക്കും അധികാരവികേന്ദ്രീകരണം നൽകുന്ന ചുമതലകൾ നിർവഹിക്കാനുള്ള കാര്യപ്രാപ്തിയില്ല എന്ന വാദമാണ് അധികാര കൈമാറ്റത്തിന് തടസ്സം നിന്നവർ ഉയർത്തിയിരുന്നത്. എന്നാൽ അത്തരം തടസ്സവാദങ്ങളെയെല്ലാം പ്രതിരോധിച്ച് അധികാരവികേന്ദ്രീകരണത്തെ അചിരേണ പ്രവൃത്തിപഥത്തിലെത്തിക്കാൻ നമുക്കായി. അധികാരവും അർത്ഥവും താഴേക്കു നൽകി. ഒപ്പം വിപുലമായ കാര്യശേഷി വികസന പരിപാടികൾ നടപ്പാക്കുകയും ചെയ്തു. സങ്കല്പത്തിലും പ്രയോഗത്തിലും അധികാരവികേന്ദ്രീകരണത്തിന്റെ അടിത്തറ ഉറപ്പിക്കാൻ നമുക്കായി. നടപടിക്രമങ്ങളിലും പ്രക്രിയകളിലും നാം അനുകരണീയ മാതൃകയായി.**



**വർധിച്ച ഉത്തരവാദിത്തവും ചുമതലകളും സ്വാഭാവികമായും പ്രാദേശിക ഭരണത്തിൽ പുതിയ വെല്ലുവിളികൾ ഉയർത്തി. അവയിൽ പ്രധാനം ത്രിതല സംവിധാനത്തിൽ പ്രാദേശിക വികസനത്തിനാവശ്യമായ വിവിധ ഘടകങ്ങളുടെ ചുമതലാ വിഭജനമാണ്. അക്കാര്യത്തിലുണ്ടാകാവുന്ന ആശയക്കുഴപ്പം ഒഴിവാക്കാൻ പഞ്ചായത്തിരാജ് ചട്ടങ്ങളിലെ കൃത്യമായ ചുമതലാ വിഭജനം മാർഗ്ഗദർശിയായി മാറുന്നു. അതുപോലെ തന്നെ പ്രധാനമാണ് മുൻ–പിൻ ബന്ധങ്ങളുടെ ഏകോപനം. സമഗ്രമായ ജില്ലാപ്ലാൻ വഴി ആ വെല്ലുവിളിയെ നേരിടാനാവും.**



വെല്ലുവിളികൾ അനേകമാണ്. സ്വന്തം വരുമാന മാർഗ്ഗങ്ങൾ വർധിപ്പിക്കാതെ പ്രാദേശിക സർക്കാരുകൾക്കു നിലനില്ക്കാനാവില്ല. കെട്ടിട നികുതി, ഉദ്യോഗസ്ഥനികുതി, വിനോദനികുതി, പരസ്യനികുതി, സേവന നികുതി എന്നിവ കൃത്യമായി ഈടാക്കാനുള്ള സംവിധാനം അനിവാര്യമാണ്. അക്കാര്യത്തിലും കേരളത്തിന് അഭിമാനിക്കാവുന്ന നേട്ടം അവകാശപ്പെടാം. ഇതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വരൂപിക്കുന്ന ശരാശരി പ്രതിശീർഷ വരുമാനം 125 രൂപയാണ്.

ശ്രദ്ധേയമായ മറ്റൊരു കാര്യം വികസന ഫണ്ടിന്റെ വികേന്ദ്രീകരണമാണ്. പ്ലാൻഫണ്ടിന്റെ 25 ശതമാനം പ്രാദേശിക സർക്കാരുകളുടെ വികസനാവശ്യങ്ങൾക്ക് നീക്കിവയ്ക്കാൻ നമുക്ക് കഴിയുന്നു. 5.5 ശതമാനം മെയ്ന്റനൻസ് ഫണ്ടായും 3.5 ശതമാനം ജനറൽ പർപ്പസ് ഫണ്ടായും ലഭിക്കുന്നു. പണം ലഭിക്കുന്നു എന്നതു മാത്രമല്ല, അതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ നിലവാരവും അതുപോലെ തന്നെ പ്രധാനമാണ്. അവയിൽ പ്രധാനപ്പെട്ട ചിലത് ചുവടെ ചേർക്കുന്നു.

- ഉത്തരവാദിത്തങ്ങൾ തൃപ്തികരമായി നിറവേറ്റാൻ ആവശ്യമായ പണം ലഭ്യമാക്കൽ
- സുതാര്യത – കൃത്യമായ ഫോർമുലയോടെ
- തുല്യത – പിന്നാക്കാവസ്ഥയ്ക്ക് 30 ശതമാനം വെയ്റ്റേജ്
- ധനലഭ്യത ഉറപ്പുവരുത്തൽ – മുൻകൂട്ടിയുള്ള പ്രഖ്യാപനം, ബജറ്റിൽ പ്രത്യേകം വകയിരുത്തൽ
- സുരക്ഷിതത്വം– വകമാറ്റാതിരിക്കാനുള്ള നടപടികൾ
- തടസ്സങ്ങളും പ്രത്യേക നടപടിക്രമങ്ങളുമില്ലാതെ പ്രതിമാസ തവണകളായി പണം ലഭ്യമാക്കൽ
- പ്രാദേശിക പദ്ധതികൾക്ക് ആവശ്യാനുസരണം പണം ചെലവാക്കാനുള്ള സംവിധാനം.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനപ്രകാരം പണം ചെലവാക്കാനുള്ള സ്വാതന്ത്ര്യം.
- ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി പണം– 70%
- കടമെടുക്കാനുള്ള അവകാശം– ലോക്കൽ അതോറിറ്റി ലോൺ ആക്ട്
- കേരള ലോക്കൽ ഡെവലപ്മെന്റ് ഫണ്ട്.

ഇതൊക്കെയാണെങ്കിലും ഒട്ടേറെ പരിമിതികളും വെല്ലുവിളികളും ഈ മേഖലയിൽ നിലനില്ക്കുന്നു. സ്വന്തം വരുമാനമാർഗങ്ങൾ വികസിപ്പിക്കാനും ചെലവഴിക്കുന്ന പണത്തിന്റെ യഥാർത്ഥ ഫലം ഉറപ്പുവരുത്താനും സാമ്പത്തിക സുസ്ഥിരതയ്ക്കാവശ്യമായ നവീനാശയങ്ങൾ രൂപപ്പെടുത്താനുമുള്ള ശ്രമങ്ങൾ മുന്നോട്ടു കൊണ്ടു പോകേണ്ടതുണ്ട്. ഇക്കാര്യത്തിൽ ധനകാര്യ കമ്മിഷനുകളുടെ ശുപാർശകളും ഗിഫ്റ്റ് (GIFT) പോലുള്ള സ്ഥാപനങ്ങളുടെ പഠനങ്ങളും മാർഗ്ഗരേഖയായി പരിഗണിക്കണം.

### ഭരണതല പരിഷ്ക്കാരങ്ങൾ

ഭരണതലത്തിൽ പ്രാദേശിക ഭരണം നേരിടുന്ന ഒരു പ്രധാന വെല്ലുവിളി ഓഫീസ് നടപടിക്രമങ്ങളിൽ കാലാകാലമായി നിലനില്ക്കുന്ന കേന്ദ്രീകരണമാണ്. സാധനങ്ങൾ വാങ്ങുന്നതിലും മരാമത്ത് പണികളുടെ നിർവഹണത്തിലും ധനപരിപാലനത്തിലും മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനത്തിലും വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കുന്നതിലൂടെ മാത്രമേ ഭരണനടപടികളിലെ സുതാര്യതയും കാര്യക്ഷമതയും ഉയർത്താനാവൂ. കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രൊജക്ടിന്റെ ഭാഗമായി രുപം നൽകിയ മാർഗ്ഗരേഖകൾ ഇക്കാര്യത്തിൽ ഏറെ സഹായകമാവും.

### വികേന്ദ്രീകൃതാസൂത്രണം

പങ്കാളിത്ത ആസൂത്രണമാണ് പഞ്ചായത്തീരാജിൽ കേരളത്തിന്റെ മികച്ച അനുകരണീയ മാതൃകകളിലൊന്ന്. ഗ്രാമ/വാർഡ്സഭകളിലൂടെ വികസനാവശ്യങ്ങൾ കണ്ടെത്തുക, വിവിധ തലങ്ങളിലെ ചർച്ചകളിലൂടെ അവയെ പദ്ധതികളായും പരിപാടികളായും പരിവർത്തനം ചെയ്യുക, മുൻഗണനാക്രമം നിശ്ചയിക്കുക, കാര്യക്ഷമമായ നിർവഹണത്തിന് തന്ത്രങ്ങൾ മെനയുക, പദ്ധതികൾക്ക് അന്തിമ രൂപം നല്കുക, സാങ്കേതിക ഉപദേശക സമിതിയുടെ ഉപദേശം ആരായുക, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ആർജ്ജിക്കുക എന്നിങ്ങനെ ചിട്ടയായ നടപടിക്രമങ്ങളിലൂടെ വികസനാസൂത്രണത്തിന്റെയും പദ്ധതികളുടെയും ഗുണനിലവാരം ഉയർത്താൻ കേരളത്തിന് സാധിച്ചിട്ടുണ്ട്.

ജനങ്ങളുടെ അടിസ്ഥാന ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലും പൊതുസേവനത്തിനുള്ള സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നതിലും വിവിധ മേഖലകളിൽ അനുകരണീയ മാതൃകകൾ സൃഷ്ടിക്കുന്നതിലും സാമൂഹിക നീതിക്ക് പ്രാധാന്യം നൽകി പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൽ മുൻഗണന നൽകുന്നതിലുമൊക്കെ മികവുറ്റ നേട്ടങ്ങൾ കൈവരിക്കാൻ നമുക്കു കഴിഞ്ഞു. എന്നാൽ അവിടെ നിന്ന് ഇനിയും ബഹുദൂരം നമുക്ക് മുന്നോട്ട് പോകേണ്ടതുണ്ട്.

പ്രാദേശിക സാമ്പത്തിക വികസനത്തിൽ പരിമിതമായ വിജയം മാത്രമേ





നമുക്ക് അവകാശപ്പെടാനാവൂ. അതു പരിഹരിക്കാൻ പ്രത്യേക പദ്ധതികൾ ആവശ്യമാണ്.

സേവനപ്രദാന സംവിധാനങ്ങൾ ഇനിയും ഏറെ മെച്ചപ്പെടുത്തേണ്ടതുണ്ട്. അതിനായി സർവീസ് ഡെലിവറി പ്ലാനുകൾ പ്രത്യേകം ഉണ്ടാവണം.

വിഭവങ്ങളുടെ ശരിയായ വിനിയോഗത്തിന് പ്രതിവർഷ പദ്ധതികൾ പലപ്പോഴും പ്രായോഗിക തടസ്സങ്ങളുണ്ടാക്കുന്നു. അതു നീക്കാൻ സമഗ്രമായ പഞ്ചവത്സര പദ്ധതികൾ ആവശ്യമാണ്.

ചർച്ചകളിലൂടെ രൂപപ്പെട്ട മുൻഗണനകൾ അടിസ്ഥാനമാക്കിയുള്ള ആസൂത്രണം വഴി വികസനാവശ്യങ്ങളുടെ മുൻഗണനയിൽ കൂടുതൽ വ്യക്തത കൈവരുത്തണം.

ജില്ലാ ആസൂത്രണ സമിതികൾക്ക് വികസനാസൂത്രണത്തിൽ ക്രിയാത്മകമായി ഇടപെടാനുള്ള അവസരം ഇപ്പോൾ പരിമിതമാണ്. അത് പരിഹരിക്കുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്.

സാമൂഹികാധിഷ്ഠിതവും ക്രിയാത്മകവുമായ മോണിറ്ററിംഗ് സംവിധാനം വികസനപ്രവർത്തനങ്ങളുടെ ഫലക്ഷമത ഉയർത്താൻ സഹായിക്കും. ഒരു 'തേഡ് പാർട്ടി മോണിറ്ററിംഗ് സമ്പ്രദായം' ആവിഷ്കരിക്കാവുന്നതാണ്.

### പിന്തുണാസംവിധാനം

ജനാധിപത്യ വികേന്ദ്രീകരണത്തെ പിന്തുണയ്ക്കുന്ന ഒട്ടേറെ സംവിധാനവും സ്ഥാപനങ്ങളും രൂപപ്പെടുത്താൻ ഇതിനകം കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ

1. കില: പരിശീലനത്തിന്
2. കുടുംബശ്രീ: ദാരിദ്ര്യലഘൂകരണത്തിന്. പഞ്ചായത്ത് സ്വയംസഹായ സംഘ പങ്കാളിത്തത്തിന്റെ മികച്ച മാതൃകയാണിത്.
3. ഇൻഫർമേഷൻ കേരള മിഷൻ: ഇ-ഗവേണൻസിന്
4. സംസ്ഥാന ശുചിത്വമിഷൻ: ശുചിത്വ പ്രവർത്തനങ്ങൾക്ക്

### സന്നദ്ധ പ്രവർത്തനം

- പ്ലാൻ തയ്യാറാക്കുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പുകൾ
- പ്ലാൻ പരിശോധിക്കുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനും സാങ്കേതിക ഉപദേശക സമിതികൾ
- അംഗീകൃത സന്നദ്ധ സംഘടനകൾ
- ലോക്കൽ ഗവൺമെന്റ് അസോസിയേഷനുകൾ: രാഷ്ട്രീയകക്ഷി ബന്ധങ്ങൾക്കുപരിയായി പ്രവർത്തിക്കുന്ന ത്രിതല സംഘടനാ സംവിധാനം; നയരൂപീകരണം, അഡ്വക്കസി, ലോബിയിംഗ്, ആക്ഷൻ റിസർച്ച് എന്നീ മേഖലകളിൽ പ്രാദേശിക സർക്കാരുകളെയും സംസ്ഥാന സർക്കാരുകളെയും സഹായിക്കുന്നു.
- സ്റ്റേറ്റ് ഡെവലപ്മെന്റ് കൗൺസിൽ

### സന്നദ്ധ സംഘടനകളും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളും

പിന്തുണാ സംവിധാനത്തിൽ നിലവിലുള്ള വെല്ലുവിളികളിലൊന്ന് സന്നദ്ധ സംഘടനകളും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളും തമ്മിൽ നിലനിൽക്കുന്ന സംഘർഷമാണ്. ഇതു പരിഹരിക്കാൻ ഒരു കോർഡിനേഷൻ കമ്മിറ്റി ആവശ്യമാണ്. അതുപോലെ തന്നെ പ്രധാനമാണ് സേവനസന്നദ്ധതയും വ്യത്യസ്ത കഴിവുകളുമുള്ള വളണ്ടിയർമാരെ കണ്ടെത്തി പരിശീലിപ്പിക്കുകയും പ്രചോദിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുകയെന്നതും.

അക്കാദമിക–ഗവേഷണ–വികസന സ്ഥാപനങ്ങളുടെ അറിവും സൗകര്യങ്ങളും പ്രാദേശിക സർക്കാരുകൾക്ക് പ്രയോജനപ്പെടുത്താൻ സംവിധാനം ഒരുക്കേണ്ടതുണ്ട്. മാധ്യമങ്ങളുടെയും അക്കാദമിക സമൂഹത്തിന്റെയും സഹായവും പിന്തുണയുമാർജ്ജിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കു കഴിയണം. ജനാധിപത്യ വികേന്ദ്രീകരണത്തിന് വിഘാതം നിൽക്കുന്ന ഘടകങ്ങളെ തരണം ചെയ്യുന്നതിന് രാഷ്ട്രീയ പ്രവർത്തകർ, ഉദ്യോഗസ്ഥർ, അക്കാദമിക സമൂഹം, സാമൂഹ്യപ്രവർത്തകർ തുടങ്ങിയവരുൾപ്പെട്ട അനൗപചാരിക വേദികൾ സഹായകമാകും.

അക്കൗണ്ടബിലിറ്റിയും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് കേരളത്തിലെ പഞ്ചായത്ത്രാജ് സംവിധാനത്തിൽ വിവരാവകാശനിയമം, മൂന്നുതലങ്ങളിലുള്ള ഓഡിറ്റിംഗ്, ലോക്കൽഫണ്ട് അക്കൗണ്ട്സിന്റെ നിയമസഭാ കമ്മിറ്റി, ഓംബുഡ്സ്മാൻ, അപ്പലേറ്റ് ട്രിബ്യൂണൽ, സോഷ്യൽ ഓഡിറ്റിംഗ് എന്നിങ്ങനെ വ്യത്യസ്ത സംവിധാനങ്ങളുണ്ട്. ഇവ ഫലപ്രദമായും ക്രിയാത്മകമായും പ്രയോജനപ്പെടുത്തുക എന്നതാണ് നമ്മുടെ മുന്നിലുള്ള ഒരു പ്രധാന വെല്ലുവിളി.

ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ അനുകരണീയ മാതൃക എന്ന നിലയിൽ ഇതരസംസ്ഥാനങ്ങൾ പ്രശ്നപരിഹാരത്തിനായി കേരളത്തിലേക്ക് ഉറ്റുനോക്കുമ്പോൾ നാം സൃഷ്ടിച്ച മാതൃകകളും അതിനായി സ്വീകരിച്ച പ്രക്രിയകളും അതിന്റെ സമുന്നത മൂല്യങ്ങളോടെ മുന്നോട്ടുകൊണ്ടുപോകാൻ ബാധ്യസ്ഥരാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്നും പുലർത്തിപ്പോന്ന ജാഗ്രതയും പ്രതിബദ്ധതയും രാജ്യത്തിനാകെ പ്രതീക്ഷ പകരുന്നതാണ്. ■

*ലേഖകൻ അഡീഷണൽ ചീഫ് സെക്രട്ടറിയാണ്*

**അധികാരങ്ങളും ചുമതലകളും വർധിക്കുമ്പോൾ സ്വാഭാവികമായും ഉണ്ടാകാവുന്ന മറ്റൊരു വെല്ലുവിളിയാണ് വകുപ്പുകൾ, പ്രവൃത്തികൾ, ഉദ്യോഗസ്ഥർ എന്നിവയുടെ കൈമാറ്റം. ഒപ്പം ഉദ്യോഗസ്ഥരുടെ മേൽ നിലനില്ക്കുന്ന 'ഇരട്ട നിയന്ത്രണ'വും. ചരിത്രപരമായ ഇടപെടലുകളിലൂടെ അത്തരം പ്രശ്നങ്ങളെ നല്ലൊരളവിൽ പരിഹരിക്കാൻ കേരളത്തിന് ഇതിനകം കഴിഞ്ഞിട്ടുണ്ട്. എന്നാൽ അവ കാര്യക്ഷമവും കരുത്തുറ്റതുമാക്കാൻ ഒട്ടേറെ കാര്യങ്ങൾ ഇനിയും ചെയ്യേണ്ടതുണ്ട്.**



പി. കമാൽകുട്ടി

# അധികാരവികേന്ദ്രീകരണം

## ജില്ലാതലത്തിൽ

**73, 74 ഭരണഘടനാ ഭേദഗതികളുടെ ഏറ്റവും വലിയ ന്യൂനത, അവ പ്രാദേശിക സർക്കാർ എന്ന ആത്യന്തിക ലക്ഷ്യം, രാഷ്ട്രപിതാവിന്റെ ഗ്രാമസ്വരാജ്, ഫലപ്രദമായി നടപ്പാക്കാൻ പര്യാപ്തമല്ല എന്നത് തന്നെ.**

എഴുപത്തിമൂന്നും എഴുപത്തിനാലും ഭരണഘടനാ ഭേദഗതികളുടെ അന്തഃസത്ത ഉൾക്കൊണ്ട് അധികാരവികേന്ദ്രീകരണം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കിയ ഇന്ത്യയിലെ ഒരേ ഒരു സംസ്ഥാനം കേരളമാണ്. ഭരണഘടനാ ഭേദഗതികൾക്കനുസൃതമായി പഞ്ചായത്ത്-നഗരപാലികാ നിയമങ്ങൾ പൊളിച്ചെഴുതി പുതിയ നിയമങ്ങൾ നടപ്പാക്കുന്നതിനും അതനുസരിച്ച് ത്രിതല പഞ്ചായത്തുകളിലും നഗരസഭകളിലും ആദ്യമായി തെരഞ്ഞെടുപ്പ് നടത്തുന്നതിനും ഉണ്ടായ കാലതാമസമൊഴിച്ചാൽ, അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കുന്നതിൽ കേരളം എന്നും മുന്നിലായിരുന്നു. ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിൽ, കൃത്യമായി അഞ്ചു കൊല്ലത്തിലൊരിക്കൽ, മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി, ത്രിതല പഞ്ചായത്തുകളിലേക്കും നഗരസഭകളിലേക്കും ഒരേ സമയം തെരഞ്ഞെടുപ്പ് നടത്തുന്ന ഇന്ത്യയിലെ ഏകസംസ്ഥാനം കേരളമാണ്. അംഗങ്ങളുടെ തലത്തിലും അധ്യക്ഷ തലത്തിലും, സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനും വിട്ടുവീഴ്ചയില്ലാത്ത സംവരണം നടപ്പാക്കി, മുഴുവൻ സീറ്റുകളിലേക്കും നോമിനേഷൻ ഒഴിവാക്കി നേരിട്ടു തെരഞ്ഞെടുപ്പു നടത്തുന്നു. സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷന് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ അയോഗ്യരാക്കുന്ന തടക്കം വിപുലമായി അധികാരങ്ങൾ നൽകി. കൃത്യമായ കാലയളവിൽ സംസ്ഥാന ധനകാര്യ കമ്മീഷനുകൾ രൂപീകരിച്ചു. അവയുടെ ശുപാർശകൾ നടപ്പാക്കുന്നതിൽ ശുഷ്കാന്തി കാണിച്ചു. കൂടാതെ അപ്പലേറ്റ് ട്രിബ്യൂണൽ, ഓംബുഡ്സ്മാൻ തുടങ്ങിയ സ്വതന്ത്ര സ്ഥാപനങ്ങൾ വഴി ഭരണനടത്തിപ്പിലെ സുതാര്യത ഉറപ്പുവരുത്തി. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ കാലാവധിക്ക് മുൻപ് പിരിച്ചുവിടുന്നതിനുള്ള സർക്കാരിന്റെ അധികാരത്തിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തി. നൽകിയ അധികാരങ്ങൾ നിയമഭേദഗതിയിലൂടെയല്ലാതെ തിരിച്ചെടുക്കാൻ പാടില്ല എന്ന് ഉറപ്പുവരുത്തി. ത്രിതല പഞ്ചായത്തുകൾക്കിടയിലെ അധികാര വിഭജനത്തിൽ സ്പഷ്ടത വരുത്താൻ ഓരോ തലവും കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ ആക്റ്റുകളുടെ പട്ടികയിൽ ഉൾപ്പെടുത്തി. എല്ലാ ജില്ലകളിലും ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിച്ചു. അവയിലേക്കുള്ള തെരഞ്ഞെടുപ്പ് തെരഞ്ഞെടുപ്പു കമ്മീഷന്റെ നിയന്ത്രണത്തിൽ സമയബന്ധിതമാക്കി.

ഇവയ്ക്കെല്ലാം മകുടം ചാർത്തുമാറ് സംസ്ഥാന പദ്ധതി വിഹിതത്തിന്റെ മൂന്നിലൊന്ന് വരുന്ന തുക, തദ്ദേശസ്ഥാപനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾക്കായി, സംസ്ഥാന ബജറ്റിന്റെ ഭാഗമായി നീക്കിവെച്ചു. ജനപങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനും മേൽനോട്ടം വഹിക്കാനും വാർഡ് സഭകൾക്കും രൂപം നൽകി.

സങ്കുചിതമായ രാഷ്ട്രീയാതിപ്രസരവും, ഭാവനാ സമ്പന്നവും പ്രായോഗികവുമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യത്തിലുള്ള പരാജയവും, സംസ്ഥാനത്തെ അധികാരവികേന്ദ്രീകരണ പ്രക്രിയയ്ക്ക് മങ്ങലേൽപ്പിച്ചത് കാണാതിരുന്നുകൂട. കൂടാതെ ഗ്രാമസഭകൾ വ്യക്തിഗത ആനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ വേദിയായി മാറിയതും ദൗർഭാഗ്യകരമാണ്.

ഇത്തരം ന്യൂനതകൾ സംസ്ഥാനതലത്തിലും പ്രാദേശികതലത്തിലും പരിഹരിക്കാവുന്നവയാണെങ്കിലും കഴിഞ്ഞ കാല അനുഭവങ്ങളുടെ വെളിച്ചത്തിൽ, 73, 74 ഭേദഗതികൾ ഉൾക്കൊള്ളുന്ന ഭരണഘടനയുടെ 243-ാം ആർട്ടിക്കിൾ അടങ്ങിയ 9, 9A അധ്യായങ്ങൾക്കും ത്രിതല പഞ്ചായത്തുകൾക്കായി നീക്കിവെച്ച വിഷയങ്ങൾ അടങ്ങിയ 11-ാം പട്ടികയ്ക്കും നഗരപാലിക സ്ഥാപനങ്ങൾ കൈകാര്യം ചെയ്യേണ്ട 18 വിഷയങ്ങൾ അടങ്ങിയ 12-ാം പട്ടികയ്ക്കും സമഗ്രമായ ഭേദഗതി ആവശ്യമാണ്.

എന്നാൽ, 73, 74 ഭരണഘടനാ ഭേദഗതികളുടെ ഏറ്റവും വലിയ ന്യൂനത, അവ പ്രാദേശിക സർക്കാർ എന്ന ആത്യന്തിക ലക്ഷ്യം, രാഷ്ട്രപിതാവിന്റെ ഗ്രാമസ്വരാജ്, ഫലപ്രദമായി നടപ്പാക്കാൻ പര്യാപ്തമല്ല എന്നത് തന്നെ. അശോക് മേത്ത കമ്മിറ്റി റിപ്പോർട്ടിന് എഴുതിയ പ്രസിദ്ധമായ വിയോജനക്കുറിപ്പിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് ചൂണ്ടിക്കാണിച്ച വൈകല്യങ്ങൾ ഇന്നും നിലനിൽക്കുന്നു. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും അവരുടെ തലവന്മാരായ് പ്രധാനമന്ത്രിയും (P.M), മുഖ്യമന്ത്രിയും (C.M) ഭരണം നടത്തുമ്പോൾ ജില്ലാ തലത്തിലെ ഭരണം, ജില്ലാ മജിസ്ട്രേറ്റിന്റെ (D.M) നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥ സംവിധാനത്തിൽ മുരടിച്ചു നിൽക്കുന്നു. P.M-C.M പിന്നെ DM അല്ലാതെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റല്ല.

ജില്ലാ പഞ്ചായത്തിന് റവന്യൂ ജില്ലയിലെ മുഴുവൻ ഭൂവിഭാഗത്തിലും അധികാരമില്ല. എന്നാൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിന്റെ (കലക്ടറുടെ) അധികാര പരിധി റവന്യൂ ജില്ല മുഴുവനുമാണ്. അതുകൊണ്ടുതന്നെ ജില്ലാഭരണാധികാരി എന്ന പദവി തെരഞ്ഞെടുക്കപ്പെട്ട ജില്ലാപഞ്ചായത്ത് പ്രസിഡന്റിന് അല്ല, മറിച്ച് സംസ്ഥാന സർക്കാർ നിയോഗിക്കുന്ന ഉദ്യോഗസ്ഥ പ്രമുഖനാണ്.

ജില്ലയ്ക്ക് മുഴുവനുമായുള്ള ആസൂത്രണം ജില്ലാപഞ്ചായത്തിന്റെ കിഴിലല്ല. അതിന്റെ ഉത്തരവാദിത്തം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എക്സ് ഒഫിഷ്യോ ചെയർമാനും ജില്ലാ കലക്ടർ സെക്രട്ടറിയുമായ ജില്ലാ ആസൂത്രണ സമിതിക്കാണ്. (D.P.C) പല സംസ്ഥാനങ്ങളിലും D.P.C യുടെ അധ്യക്ഷൻ സംസ്ഥാന മന്ത്രിയാണ്. ജില്ലാപഞ്ചായത്ത് അധ്യക്ഷൻ വെറും സാദാ അംഗം മാത്രം. വിവിധ തലങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താതെ, മാറിമാറി വരുന്ന സർക്കാർ ഉത്തരവുകൾ സൃഷ്ടിക്കുന്ന കൺഫ്യൂഷനിൽപ്പെട്ട ധൃതിപിടിച്ച് പടച്ചുണ്ടാക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുക എന്ന ഭാരിച്ച ചുമതലയാണ് നമ്മുടെ D.P.Cയ്ക്ക്.

ചുരുക്കത്തിൽ വികസന കാര്യങ്ങളിൽപോലും ജില്ലാ പഞ്ചായത്തുകൾക്ക് പൂർണ്ണ അധികാരമില്ല. വികസന കാര്യങ്ങൾ മാത്രം നോക്കുന്ന സംവിധാനങ്ങളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിനുള്ള ജനാധിപത്യ വിരുദ്ധ സ്വഭാവത്തെക്കുറിച്ച് 1978ലെ അശോക്മേത്ത കമ്മറ്റി റിപ്പോർട്ടിന്റെ വിയോജനക്കുറിപ്പിൽ ഇ.എം.എസ്. ചൂണ്ടിക്കാട്ടിയത് നാം മറന്നുപോയി. പാശ്ചാത്യ രാജ്യങ്ങളിലും എന്തിന്, പാകിസ്ഥാനിൽപോലും Sub-State ഭരണ സംവിധാനത്തിന് ഇന്ത്യയിൽ ഉള്ളതിനേക്കാൾ അധികാരമുണ്ട്. കേരളത്തിൽ പോലും തദ്ദേശസ്ഥാപനങ്ങൾക്ക് വികസനപദ്ധതികൾ ആവിഷ്ക്കരിക്കാനും നടപ്പാക്കാനും മാത്രമെ അധികാരമുള്ളൂ. റഗുലേറ്ററി അധികാരം ഒന്നുമില്ല. അത്തരത്തിലൊരു സംവിധാനത്തെ 'സർക്കാർ' എന്നു വിളിക്കുന്നത് തന്നെ വൈരുധ്യമാണ്. ചുരുക്കത്തിൽ ആരൊക്കെയോ എവിടെയൊക്കെയോ ഇരുന്ന് ആവിഷ്ക്കരിക്കുന്ന പദ്ധതികൾ സ്ഥലകാലം നോക്കാതെ നടപ്പാക്കാൻ ബാദ്ധ്യസ്ഥമായ ഏജൻസികളായി തദ്ദേശസർക്കാരുകൾ തരംതാഴുന്നു! പഞ്ചായത്തുകളെ നോൺ ഗവൺമെന്റ് ഏജൻസികളിൽ (N.G.O.) ഒന്നായി കാണുന്ന പ്രവണതയ്ക്ക് പ്രോത്സാഹനം ലഭിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ ഭൂരിഭാഗവും ഉത്തരേന്ത്യൻ അവസ്ഥയ്ക്കനുസരിച്ച് രൂപം നൽകപ്പെട്ടവയാണ്. അവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ പ്രത്യേക പരിസ്ഥിതി കണക്കിലെടുത്ത് മാറ്റം വരുത്താനുള്ള അധികാരം സംസ്ഥാനങ്ങൾക്കും, അങ്ങനെ മാറ്റം വരുത്തുന്ന പദ്ധതികൾ ജില്ലയുടെ സ്വഭാവമനുസരിച്ച് നടപ്പാക്കാനുള്ള അധികാരം ജില്ലാ പഞ്ചായത്തിനും നൽകണം. ഏകോപനത്തിന് ഏറ്റവും അനുയോജ്യമായ തലം ജില്ലയാണ്. ഇന്ന് കേരളത്തിലുടനീളം മാലിന്യ സംസ്ക്കരണത്തിന്റെ കാര്യത്തിൽ നഗരസഭകളും സമീപ പഞ്ചായത്തുകളും തമ്മിൽ ഉരസലിലാണ്. ഇത്തരം കാര്യങ്ങളിൽ ഫലപ്രദമായി ഇടപെട്ട് പരിഹാരം ഉണ്ടാക്കാൻ ജില്ലാപഞ്ചായത്തിനും അതിന്റെ പ്രസിഡന്റിനും സാധിക്കുന്നില്ല. കാരണം നഗരസഭകളുടെമേൽ ജില്ലാപഞ്ചായത്തിന് ഒരധികാരവും ഇല്ല. സംസ്ഥാനങ്ങളിൽ ഉളവാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ പ്രധാനമന്ത്രി വിളിക്കുന്നത് സംസ്ഥാന മുഖ്യമന്ത്രിയെയാണ്. അല്ലാതെ ചീഫ്സെക്രട്ടറിയെ അല്ല. എന്നാൽ ജില്ലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി വിളിക്കുന്നത് ജില്ലാ കളക്ടറെയാണ്. ജനപ്രതിനിധിയായ ജില്ലാപഞ്ചായത്ത് പ്രസിഡന്റിനെ അല്ല. ജില്ലാപഞ്ചായത്ത് പ്രസിഡന്റിനെ വിളിച്ചിട്ടു കാര്യമില്ല. ജില്ലയിലെ മുഴുവൻ പ്രശ്നങ്ങളിലും ഇടപെടുന്നതിന് പ്രസിഡന്റിന് എവിടെ അധികാരം? ഇതാണോ അധികാരവികേന്ദ്രീകരണം?

ഭാരതത്തിലെ ഗ്രാമങ്ങളെ സ്വയംപര്യാപ്ത റിപ്പബ്ലിക്കുകളായി കാണുന്ന ഗാന്ധിജിയുടെ ഗ്രാമസ്വരാജിനും, അധികാരവും ഉത്തരവാദിത്വും പഞ്ചായത്തിന്റെ പടിക്കൽ കൊണ്ടെത്തിക്കാനുള്ള രാജീവ്ഗാന്ധിയുടെ സ്വപ്നങ്ങൾക്കും പ്രായോഗിക രൂപം നൽകണമെങ്കിൽ, ജില്ലാതലത്തിൽ ജനാധിപത്യ രീതിയിലുള്ള അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താൻ ഭരണഘടന വീണ്ടും ഭേദഗതി ചെയ്യുക തന്നെ വേണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഫലപ്രദമായ പ്രാദേശിക സർക്കാരുകളായി പ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതാണ് കാതലായ പ്രശ്നം. ■

*ലേഖകൻ മുൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷണറാണ്*





പഞ്ചായത്ത് രാജ്
ഏപ്രിൽ 2012

കെ. ശശിധരൻ നായർ



# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളും കൂറുമാറ്റ നിരോധന നിയമവും

ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാന സംവിധാനങ്ങളായ പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും കേരളത്തെ സംബന്ധിച്ച് ശക്തമായ സ്വയംഭരണ സ്ഥാപനങ്ങളാണ്. 1992ലെ 73-ാം ഭരണഘടനാ ഭേദഗതി ആക്റ്റ് പ്രകാരം ഭാഗം IXഉം 11-ാം പട്ടികയും 74-ാം ഭരണഘടനാഭേദഗതി ആക്റ്റ് പ്രകാരം ഭാഗം IX Aയും 12-ാം പട്ടികയും ചേർക്കുക വഴി യഥാക്രമം പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും പാർലമെന്റ്, നിയമസഭ എന്നിവ പോലെ ഭരണഘടനാ സ്ഥാപനങ്ങളായി. ഭരണഘടനാ ഭേദഗതികൾ അനുശാസിക്കുന്ന പ്രകാരം കേരള പഞ്ചായത്ത്‌രാജ് ആക്റ്റും കേരള മുൻസിപ്പാലിറ്റി ആക്റ്റും 1994ൽ കേരള നിയമസഭ പാസ്സാക്കി. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരള സംസ്ഥാനത്തു നിലവിലിരുന്ന പഞ്ചായത്തുകളെയും മുൻസിപ്പാലിറ്റികളെയും ശക്തമായ സ്വയംഭരണ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനു 1994ലെ നിയമം മുഖേന സാധിച്ചു. ലോകസഭ, നിയമസഭ അംഗങ്ങളുടെ തിരഞ്ഞെടുപ്പുകളുടെ അതേ സ്വഭാവത്തിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ ഘടകങ്ങളിലെയും അംഗങ്ങളെ രാഷ്ട്രീയ അടിസ്ഥാനത്തിൽ തന്നെ തിരഞ്ഞെടുക്കുന്നു. ഇക്കാരണം കൊണ്ടുതന്നെ ഇന്ത്യൻ ഭരണഘടനയുടെ 1985ലെ അൻപത്തിരണ്ടാം ഭേദഗതി ആക്റ്റ് പ്രകാരം കൂട്ടിച്ചേർക്കപ്പെട്ട X-ാം പട്ടികയ്ക്കു സമാനമായി അല്ലെങ്കിൽ അതിൽ കൂടുതൽ ഏറെ ശക്തമായ വ്യവസ്ഥകളോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ കൂറുമാറ്റം നിരോധിക്കുന്നതിനും കൂറുമാറുന്ന അംഗങ്ങൾക്ക് അയോഗ്യത കല്പിക്കുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ട് കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്റ്റ് 1999ൽ കേരള നിയമസഭ പാസ്സാക്കി. കൂറുമാറ്റ നിരോധന നിയമപ്രകാരം അയോഗ്യത സംഭവിച്ചതായി ഒരു പ്രശ്നം ഉത്ഭവിക്കുമ്പോൾ അതിനു തീരുമാനമെടുക്കേണ്ടത് ഇന്ത്യൻ ഭരണഘടനയുടെ 73ഉം 74ഉം ഭേദഗതി ആക്റ്റുകൾപ്രകാരം ഉൾപ്പെടുത്തിയ 243Kയും 243 ZAയും അനുച്ഛേദങ്ങൾ പ്രകാരം സ്ഥാപിതമായ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മിഷനാണ്.

**2. കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്റ്റ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള അയോഗ്യതകൾ**

i. ഏതെങ്കിലും രാഷ്ട്രീയകക്ഷിയിൽപ്പെട്ട ഒരംഗമാണെങ്കിൽ തന്റെ അംഗത്വം സ്വമേധയാ ഉപേക്ഷിക്കുകയോ, അല്ലെങ്കിൽ അംഗം ഉൾപ്പെടുന്ന രാഷ്ട്രീയകക്ഷി അധികാരപ്പെടുത്തിയിട്ടുള്ള ആളോ അധികാര സ്ഥാപനമോ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും രേഖാമൂലമായ നിർദ്ദേശത്തിനു വിരുദ്ധമായി, ഒരു മുനിസിപ്പാലിറ്റിയുടെയോ പഞ്ചായത്തിന്റെയോ അദ്ധ്യക്ഷന്റെയോ ഉപാദ്ധ്യക്ഷന്റെയോ ഒരു സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിന്റെയോ ചെയർമാന്റെയോ തിരഞ്ഞെടുപ്പിലോ, സ്റ്റാന്റിംഗ് കമ്മിറ്റി അംഗം ഒഴികെ അവരിലാർക്കെങ്കിലും എതിരെയുള്ള അവിശ്വാസ പ്രമേയത്തിന്മേലുള്ള വോട്ടെടുപ്പിലോ, വോട്ടു ചെയ്യുകയോ, വോട്ടെടുപ്പിൽ നിന്നും മാറി നിൽക്കുകയോ ചെയ്യുകയാണെങ്കിൽ ആ അംഗം അയോഗ്യതയ്ക്കു കാരണമാവുന്നതാണ് എന്ന് കൂറുമാറ്റ നിരോധന നിയമത്തിലെ 3(1)(എ) വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

ii. ഏതെങ്കിലും സഖ്യത്തിൽപ്പെട്ട സ്വതന്ത്ര അംഗം അയാൾ ഉൾപ്പെടുന്ന സഖ്യത്തിൽ നിന്നു പിന്മാറുകയോ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിലോ മറ്റേതെങ്കിലും സഖ്യത്തിലോ ചേരുകയോ അല്ലെങ്കിൽ അയാൾ ഉൾപ്പെടുന്ന സഖ്യം അധികാരപ്പെടുത്തിയിട്ടുള്ള ആളോ അധികാരസ്ഥാനമോ പുറപ്പെടുവിച്ച ഏതെങ്കിലും രേഖാമൂലമായ നിർദ്ദേശത്തിനു വിരുദ്ധമായി, ഒരു മുനിസിപ്പാലിറ്റിയുടെയോ പഞ്ചായത്തിന്റെയോ അദ്ധ്യക്ഷന്റെയോ, ഉപാദ്ധ്യക്ഷന്റെയോ ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിന്റെയോ ചെയർമാന്റെയോ തിരഞ്ഞെടുപ്പിലോ, സ്റ്റാന്റിംഗ് കമ്മിറ്റി അംഗം ഒഴികെ ഇവരിൽ ആർക്കെങ്കിലുമെതിരായുള്ള അവിശ്വാസപ്രമേയത്തിന്റെ വോട്ടെടുപ്പിലോ, വോട്ടു ചെയ്യുകയോ വോട്ടു ചെയ്യുന്നതിൽ നിന്നു മാറി നിൽക്കുകയോ ചെയ്യുകയാണെങ്കിൽ ആ അംഗം കൂറുമാറ്റ നിരോധന നിയമത്തിലെ 3(1)(ബി) വകുപ്പുപ്രകാരം അയോഗ്യതയ്ക്കു കാരണമാകുന്നതാണ്.

iii. ഒരു രാഷ്ട്രീയ പാർട്ടിയിലോ സഖ്യത്തിലോപെടാത്ത ഒരു സ്വതന്ത്രാംഗം ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിലോ സഖ്യത്തിലോ ചേരുകയാണെങ്കിൽ കൂറുമാറ്റ നിരോധന നിയമത്തിലെ 3(1)(ഡി) വകുപ്പുപ്രകാരം ആ അംഗം അയോഗ്യതയ്ക്കു കാരണമാവുന്നതാണ്.

3. ഒരു രാഷ്ട്രീയ കക്ഷി എന്നത് 1951ലെ ജനപ്രാതിനിധ്യ ആക്റ്റിലെ 29എ വകുപ്പിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു രാഷ്ട്രീയകക്ഷി എന്നാണ് ഈ നിയമത്തിൽ നിർവചിച്ചിട്ടുള്ളത്. അതുപോലെ സഖ്യം എന്നത് ഒന്നിലധികം രാഷ്ട്രീയകക്ഷികൾ ചേർന്നോ ഒന്നിലധികം രാഷ്ട്രീയ കക്ഷികളുടെ ഒന്നോ അതിൽ കൂടുതലോ സ്വതന്ത്രന്മാരും ചേർന്നോ ഒരു രാഷ്ട്രീയ കക്ഷിയും ഒന്നോ അതിൽ കൂടുതലോ സ്വതന്ത്രന്മാരും ചേർന്നോ ഒന്നിലധികം സ്വതന്ത്രന്മാർ ചേർന്നോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഏതെങ്കിലും തിരഞ്ഞെടുപ്പിനെ നേരിടാൻവേണ്ടി ഉണ്ടാക്കിയിട്ടുള്ള കൂട്ടുകെട്ടാണെന്ന് ഈ നിയമത്തിൽ നിർവ്വചിച്ചിരിക്കുന്നു.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കു തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ അംഗങ്ങളും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഈ നിയമത്തിന്റെ കീഴിൽ ഉൾപ്പെട്ടുവരുന്നു എന്നു കാണാവുന്നതാണ്. ഈ നിയമത്തിലെ 3(1)(എ) വകുപ്പിൽ പറയുന്ന രാഷ്ട്രീയ കക്ഷിയിൽപ്പെട്ട അംഗം എന്നതിൽ ആ രാഷ്ട്രീയകക്ഷിയുടെ പിന്തുണയോടെ മത്സരിച്ചു ജയിച്ച അംഗവും ഉൾപ്പെട്ടുവരുന്നതായി കണക്കാക്കേണ്ടി വരും. സഖ്യം എന്നതിന് 2(ii) വകുപ്പിന് കൊടുത്തിരിക്കുന്ന നിർവ്വചനത്തിന്റെ വിശദീകരണത്തിന് ഏതെങ്കിലും ഒരു രാഷ്ട്രീയ കക്ഷിയുടെയോ സഖ്യത്തിന്റെയോ പിന്തുണയോടെ സ്ഥാനാർത്ഥി ആയി തിരഞ്ഞെടുപ്പിനു നിന്ന അംഗം ആ രാഷ്ട്രീയ കക്ഷിയിലോ സഖ്യത്തിലോ ഉൾപ്പെട്ട അംഗമായി കണക്കാക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറിയ അംഗങ്ങൾക്ക് അയോഗ്യത കല്പിക്കൽ) ചട്ടങ്ങളിലെ SRO No. 913/2005 പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 4(1) ചട്ടത്തിൽ രേഖാമൂലം നിർദ്ദേശം കൊടുക്കുന്നത് സംബന്ധിച്ച് പറയുന്നതിൽ രാഷ്ട്രീയകക്ഷിയിൽപ്പെട്ട അംഗത്തിന്റെയും അതിൽ ഉൾപ്പെട്ടതായി കണക്കാക്കുന്ന അംഗത്തിന്റെയും കാര്യത്തിൽ ബാധകമാകുന്ന നിലയ്ക്കാണ് വിവരിച്ചിട്ടുള്ളത്. ഈ സന്ദർഭത്തിൽ ഒരു കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. മേൽ പറഞ്ഞ കാര്യങ്ങളിലും രാഷ്ട്രീയ കക്ഷിയോ സഖ്യമോ നല്കുന്ന രേഖാമൂലമുള്ള നിർദ്ദേശത്തിന്റെ കാര്യത്തിലും വ്യക്തത വരുത്തുന്നതിലേക്ക് 2005ലെ 16-ാം ഓർഡിനൻസു വഴി നിയമത്തിൽ ഭേദഗതി വരുത്തിയെങ്കിലും ടി ഓർഡിനൻസിനു പകരമായി ബിൽ നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കാതിരുന്നതിനാലും ഓർഡിനൻസ് ലാപ്സായ കാരണത്താലും ഇക്കാര്യങ്ങളിൽ അവ്യക്തത ഒരുപരിധിവരെ ഇപ്പോഴും നിലനിൽക്കുന്നു. കൂറുമാറ്റ നിരോധന നിയമത്തിലെ 3(1)(എ) വകുപ്പിൽ പറയുന്ന രേഖാമൂലമുള്ള നിർദ്ദേശം കൊടുക്കാൻ അധികാരപ്പെട്ട ആൾ ആരാണെന്നതിൽ രാഷ്ട്രീയകക്ഷികൾക്കു തന്നെയും സംശയങ്ങൾ നിലനിൽക്കുന്നതായിട്ടാണ് മനസ്സിലാവുന്നത്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറിയ അംഗങ്ങൾക്ക് അയോഗ്യത കല്പിക്കൽ) ചട്ടങ്ങളിലെ 4-ാം ചട്ടത്തിൽ S.R.O. No. 913/2005 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രാബല്യത്തിലുള്ളതായി കണക്കാക്കേണ്ടിയിരിക്കുന്നു. ഒരു രാഷ്ട്രീയകക്ഷിയുടെ പിന്തുണയോടുകൂടി ജയിച്ചുവന്ന അംഗത്തിന് നിർദ്ദേശം കൊടുക്കാനുള്ള അധികാരം കൂറുമാറ്റ നിരോധന നിയമപ്രകാരം ആ രാഷ്ട്രീയ പാർട്ടിക്കോ പാർട്ടി അധികാരപ്പെടുത്തുന്ന ആളിനോ ആണ് എന്ന് 3(1)(എ) വകുപ്പിൽ തന്നെ വ്യവസ്ഥ ചെയ്യുന്ന സ്ഥിതിക്ക് ഭേദഗതി ചെയ്ത പ്രകാരമുള്ള 4(1) ചട്ടം അതിനനുസരിച്ചുള്ളതാണെന്നു കാണാം. ഈ നിയമത്തിൽ ഒരു രാഷ്ട്രീയ കക്ഷിയുടെ പാർലമെന്ററി പാർട്ടിക്ക് എന്തെങ്കിലും പ്രസക്തി ഉള്ളതായി എവിടെയും പറയുന്നില്ല. അതേസമയം ഒരു സഖ്യത്തിലെ സ്വതന്ത്ര അംഗത്തെ സംബന്ധിച്ച് ആ സഖ്യം തീരുമാനിക്കുന്ന ആളിനാണ് രേഖാമൂലം നിർദ്ദേശം നല്കാനുള്ള അധികാരം എന്ന് ഈ നിയമത്തിന്റെ 3(1)(ബി) വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നു.

5. ഒരു രാഷ്ട്രീയ കക്ഷിയിൽപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒരംഗം ആ രാഷ്ട്രീയ കക്ഷിയിലെ അംഗത്വം സ്വമേധയാ ഉപേക്ഷിക്കുകയാണെങ്കിൽ അയോഗ്യതയ്ക്കു കാരണമാവുന്നു എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം അയോഗ്യത സംഭവിക്കുന്നതിന് ആ അംഗം ആ രാഷ്ട്രീയകക്ഷിയിൽ നിന്നും രാജിവയ്ക്കുകയോ വിട്ടുപോവുകയോ ചെയ്യണമെന്നില്ല. ആ രാഷ്ട്രീയ കക്ഷിയുടെ തീരുമാനത്തിനോ നിർദ്ദേശത്തിനോ താല്പര്യത്തിനോ എതിരായി പ്രവർത്തിച്ചാലും ആ അംഗത്തിന് അയോഗ്യത സംഭവിച്ചതായി കണക്കാക്കാം എന്നാണ് വിവിധ വിധികളിൽ ഹൈക്കോടതി വ്യക്തമാക്കിയിട്ടുള്ളത്.

6. കൂറുമാറ്റ നിരോധന നിയമത്തിലെ 3-ാം വകുപ്പു പ്രകാരം ഒരംഗത്തിന് അയോഗ്യത ഉണ്ടായോ എന്ന പ്രശ്നം ഉദിക്കുന്ന പക്ഷം ഈ നിയമത്തിലെ 4-ാം വകുപ്പുപ്രകാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒരംഗത്തിനോ ബന്ധപ്പെട്ട രാഷ്ട്രീയ കക്ഷിയോ, സഖ്യത്തിനോ, അത് ഇതിലേക്കായി അധികാരപ്പെടുത്തുന്ന ആൾക്കോ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മിഷൻ മുമ്പാകെ ഹർജി ബോധിപ്പിക്കാവുന്നതാണെന്നു വ്യവസ്ഥ ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറിയ അംഗങ്ങൾക്ക് അയോഗ്യത കല്പിക്കൽ) ചട്ടങ്ങളിലെ ചട്ടം 4എ യുടെ 1- ാം ഉപ ചട്ടം അനുവദിച്ചതു പ്രകാരം ഒരു ഹർജി ബന്ധപ്പെട്ട അംഗം അയോഗ്യനായി എന്നു കരുതപ്പെടുന്ന തീയതി മുതൽ 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണെന്നും ഈ ചട്ടത്തിൽ തന്നെ അതിനുശേഷം ബോധിപ്പിക്കുന്ന ഹർജി മതിയായ കാരണമുണ്ടെങ്കിൽ സ്വീകരിക്കാവുന്നതാണെന്നും പറയുന്നു. ഈ ആക്ടിലെ 4-ാം വകുപ്പ് 3 -ാം ഉപവകുപ്പു പ്രകാരം ഒരംഗം അയോഗ്യതയുള്ളവനായി തീർന്നു എന്നു തീരുമാനിച്ചാൽ ആ തീയതി മുതൽ അയാൾ അംഗമായി തുടരാൻ പാടില്ലാത്തതും കൂടാതെ തുടർന്നുള്ള ആറു വർഷത്തേക്ക് അംഗങ്ങൾ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി മത്സരിക്കുന്നതിന് അയോഗ്യനായിരിക്കും എന്നും വ്യവസ്ഥ ചെയ്യുന്നു.

7. കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്റ്റിന്റെ 4-ാം വകുപ്പുപ്രകാരം സ്വീകരിക്കുന്ന ഹർജികൾ 1908ലെ സിവിൽ നടപടി നിയമത്തിൽ അനുശാസിക്കുന്ന നടപടികൾ പ്രകാരം വിചാരണ ചെയ്തു തീർപ്പാക്കേണ്ടതാണെന്ന് 5-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നു. അക്കാരണത്താൽ തന്നെ ഈ നിയമപ്രകാരം ഫയൽ ചെയ്യപ്പെടുന്ന ഓരോ ഹർജിയിലെയും തർക്കത്തിലെയും പ്ലീഡിംഗ്സും ഹാജരാക്കുന്ന തെളിവുകളും സാഹചര്യങ്ങളും വിലയിരുത്തി മാത്രം തീരുമാനിക്കേണ്ടതാണ്.

8. ശക്തമായ ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് പ്രസ്തുത സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ കൂറുമാറ്റം തടയപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്. ഏതെങ്കിലും രാഷ്ട്രീയകക്ഷിയുടെ അല്ലെങ്കിൽ സഖ്യത്തിന്റെ നിശ്ചിതമായ ഏതെങ്കിലും പരിപാടിയുടെ അടിസ്ഥാനത്തിൽ സ്ഥാനാർത്ഥികളെ തിരഞ്ഞെടുപ്പിൽ നിർത്തുകയും അവരെ ജനാധിപത്യപ്രക്രിയയിലൂടെ തിരഞ്ഞെടുക്കുകയും ചെയ്ത ശേഷം പ്രസ്തുത രാഷ്ട്രീയകക്ഷിയെ അല്ലെങ്കിൽ സഖ്യത്തെ വിശ്വാസത്തിലെടുക്കാതെയും അതിന്റെ നിശ്ചിത പരിപാടികളിൽ നിന്നും വ്യതിചലിച്ചും മറ്റൊരു രാഷ്ട്രീയകക്ഷിയിലോ സഖ്യത്തിലോ ചേരുന്നതുവഴി രാഷ്ട്രീയകക്ഷിയിലെ അഥവാ സഖ്യത്തിലെ അംഗങ്ങൾക്ക് ഏകോപനത്തോടെയും പരസ്പര വിശ്വാസത്തോടെയും പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാവുകയും അതുവഴി രാഷ്ട്രീയ അടിസ്ഥാനത്തിലുള്ള ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാനതത്വങ്ങൾക്കും വിശ്വാസ്യതയ്ക്കും സർവ്വോപരി സ്ഥിരതയ്ക്കും വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്റ്റിന്റെ പ്രസക്തി വിലയിരുത്തപ്പെടുന്നത്. ■

*ലേഖകൻ കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറാണ്*

പി.ടി. മാത്യു

# കരുതലോടെ കരുത്തുറ്റ പ്രാദേശിക സർക്കാരുകൾ



ഇന്ത്യയിൽ ഇന്നു കാണുന്ന തരത്തിലുള്ള അധികാരവികേന്ദ്രീകരണത്തിനും പ്രാദേശിക ഭരണ സ്ഥാപനങ്ങൾ രൂപപ്പെടുന്നതിനും നിരവധി പഠനകമ്മിറ്റികളുടെയും ചിന്തകരുടെയും ഭരണകൂടങ്ങളുടെയും ഭരണാധികാരികളുടെയും നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനങ്ങളും ചിന്തയും ഉണ്ട്. 1978 ലെ ദന്തവാല കമ്മിറ്റി, മൊറാർജി സർക്കാരിന്റെ കാലത്തെ അശോക് മേത്ത കമ്മിറ്റി, 1984 ലെ സി. എൻ ഹനുമന്തറാവു കമ്മിറ്റി, 1985 ലെ പി.കെ.ആർ റാവു കമ്മിറ്റി, 1988 ലെ പാർലമെന്ററി കൺസൾട്ടേറ്റീവ് കമ്മിറ്റി എന്നിവ അധികാരവികേന്ദ്രീകരണത്തിന് കാതലായ സംഭാവന നൽകിയവയാണ്. പല നിയമനിർമ്മാണ ശ്രമങ്ങൾക്ക് ഒടുവിൽ 1989 ൽ പ്രധാനമന്ത്രി രാജീവ് ഗാന്ധി പഞ്ചായത്ത് ആക്ട്, 64-ാം ഭരണഘടനാ ഭേദഗതിയിലൂടെ അവതരിപ്പിച്ചു. ഇത് ലോക്സഭയിൽ പാസാക്കിയെങ്കിലും രാജ്യസഭയിൽ പാസായില്ല. തുടർന്ന് 1992ൽ പി.വി. നരസിംഹറാവു സർക്കാർ 73-ാം ഭരണഘടനാ ഭേദഗതിയായി 1992 ഡിസംബർ 22ന് ലോക്സഭയിലും 23ന് രാജ്യസഭയിലും പാസാക്കി. 1993 ഏപ്രിൽ 20ന് പ്രസിഡന്റ് ഒപ്പുവച്ചു. ഇന്ന് കാണുന്ന ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നു.

കേരളത്തിലും വളരെ വ്യത്യസ്തമായ ശ്രമങ്ങൾ അധികാരവികേന്ദ്രീകരണത്തിന് നടത്തിയിട്ടുണ്ട്. 1950ൽ തിരുവിതാംകൂർ-കൊച്ചി പഞ്ചായത്ത് ആക്ടിന് രൂപം നൽകി. 1953 ജൂലൈയിൽ അന്നുണ്ടായിരുന്ന 550 പഞ്ചായത്തുകളിൽ 548 എണ്ണത്തിൽ പൊതുതെരഞ്ഞെടുപ്പ് നടത്തി. 1960ൽ കേരള പഞ്ചായത്തീരാജ് ആക്റ്റിന് രൂപം നൽകി. തുടർന്ന് ലോക്കൽ ബോഡീസ് വകുപ്പിനെ പഞ്ചായത്ത് വകുപ്പ് എന്നും മുനിസിപ്പൽ വകുപ്പ് എന്നും വിഭജിച്ചു. 1967ൽ മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാട് ദ്വിതല സമ്പ്രദായത്തോട് കൂടിയ പഞ്ചായത്ത് ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. 1971 ൽ മുഖ്യമന്ത്രി അച്യുതമേനോൻ ജില്ലാഭരണ ബിൽ കൊണ്ടുവന്നെങ്കിലും പാസായില്ല. 1979 അന്നത്തെ മുഖ്യമന്ത്രി എ.കെ. ആന്റണി ജില്ലാ ഭരണബിൽ അവതരിപ്പിച്ചു പാസാക്കി. 1980 മെയ് 18ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചുവെങ്കിലും, 1987 ൽ ജില്ലാ കൗൺസിലിലേക്ക് മുഖ്യമന്ത്രി ഇ.കെ. നായനാരുടെ കാലത്താണ് ആദ്യ തെരഞ്ഞെടുപ്പ് നടത്തിയത്. 1993 മാർച്ചിൽ 73-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. 1994 ഏപ്രിൽ 24ന് നിയമം പ്രാബല്യത്തിൽ വന്നു. 1995 സെപ്റ്റംബറിൽ ആദ്യത്തെ തെരഞ്ഞെടുപ്പ് നടത്തുകയും ഒക്ടോബർ 2ന് തദ്ദേശ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതികൾ അധികാരത്തിൽ വരുകയും ചെയ്തു.

### 1995ന് മുൻപ് പഞ്ചായത്തുകൾ

കേരളത്തിൽ 1994ൽ പഞ്ചായത്ത് രാജ് ആക്റ്റ് നിലവിൽ വരുന്നതിന് മുൻപ് തന്നെ പഞ്ചായത്ത് ഭരണം നിലനിന്നിരുന്നു. പഞ്ചായത്തിന് വളരെ ചുരുങ്ങിയ അധികാരങ്ങളാണ് അന്ന് ഉണ്ടായിരുന്നത്. എക്സിക്യൂട്ടീവ് ഓഫീസർക്കായിരുന്നു പ്രധാന അധികാരമുണ്ടായിരുന്നത്. പഞ്ചായത്ത് തീരുമാനമെടുത്താൽ നടപ്പിലാക്കണമെങ്കിൽ എക്സിക്യൂട്ടീവ് ഓഫീസർ അധികൃതമാക്കണം. നടപ്പിലാക്കാൻ പണം വേണമെങ്കിൽ വിവിധ ഓഫീസുകൾ കയറിയിറങ്ങണം. കേന്ദ്ര സർക്കാർ പരിപാടികൾ നടപ്പിലാക്കണമെങ്കിൽ ബി.ഡി.ഒ മാർ കനിയണമായിരുന്നു. ഈ പരിമിതമായ അധികാരവും പണവും ഉണ്ടായിരുന്ന കാലത്തും പ്രഗൽഭമതികളായ പ്രസിഡന്റുമാർ ദീർഘവീക്ഷണത്തോടെ അവരുടെ അധികാരവും കഴിവും ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾ നടത്തിയിരുന്നു. പഞ്ചായത്തുകൾ ഒരു സർക്കാർ തലം എന്നതിനപ്പുറം ജനപ്രതിനിധികൾ ഉള്ള ഉദ്യോഗസ്ഥകേന്ദ്രീകൃത നിർവ്വഹണ തലം/സ്ഥാപനം എന്നതിനായിരുന്നു അന്ന് പ്രാധാന്യം. കരമടയ്ക്കാൻ മാത്രം ആളുകൾ വന്നിരുന്ന പഞ്ചായത്തുകൾ കുറച്ചെങ്കിലും സജീവമായിരുന്നത് സാക്ഷരതാ പ്രവർത്തനത്തിന്റെ ആദ്യ കാലഘട്ടത്തിലായിരുന്നു. എന്നാൽ 1987ൽ വന്ന ജില്ലാ കൗൺസിൽ വളരെ അധികാരമുള്ള എല്ലാ വകുപ്പുകളെയും കൂട്ടിയോജിപ്പിക്കുവാൻ കഴിയുന്ന ഇടമായിരുന്നു. ജില്ലാ കളക്ടർ ഇതിന്റെ സെക്രട്ടറിയായിരുന്നു.

### 1995ന് ശേഷം

ഇന്ത്യയുടെ വികസന ചരിത്രത്തിൽ വിപ്ലവകരമായ ഒരു മാറ്റമാണ് അധികാരവികേന്ദ്രീകരണം സൃഷ്ടിച്ചത്. കേരളത്തിൽ അതിശക്തമായ മാറ്റത്തിന്റെ തുടക്കവും. 1995 സെപ്റ്റംബർ 18ന് സർക്കാർ ഉത്തരവ് പ്രകാരം 17 വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളും തസ്തികകളും കൈമാറി. 1996ൽ സംസ്ഥാന സർക്കാർ ബജറ്റിൽ അനുബന്ധം 4 കൂടി ചേർത്ത് പഞ്ചായത്തുകൾക്ക് പണവും നീക്കിവച്ചു. 1996ൽ പഞ്ചായത്തീരാജ് നിയമത്തിൽ ഭേദഗതിവരുത്താനായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി എസ്.ബി. സെൻ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചു. 1996ൽ അധികാരവികേന്ദ്രീകരണത്തോടൊപ്പം കേരളത്തിൽ വികേന്ദ്രീകൃത ആസൂത്രണവും ആരംഭിച്ചു. 1999 ൽ സെൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്തു. മൂന്ന് തരത്തിലുള്ള ചുമതലകൾ പഞ്ചായത്തുകൾക്ക് നൽകി; 27 അനിവാര്യ ചുമതലകളും, 14 പൊതുചുമതലകളും, 19 വിഷയ മേഖലകളിലെ ചുമതലകളും.



**ഇന്ത്യയുടെ വികസന ചരിത്രത്തിൽ വിപ്ലവകരമായ ഒരു മാറ്റമാണ് അധികാരവികേന്ദ്രീകരണം സൃഷ്ടിച്ചത്. കേരളത്തിൽ അതിശക്തമായ മാറ്റത്തിന്റെ തുടക്കവും. 1995 സെപ്റ്റംബർ 18ന് സർക്കാർ ഉത്തരവ് പ്രകാരം 17 വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളും തസ്തികകളും കൈമാറി. 1996ൽ സംസ്ഥാന സർക്കാർ ബജറ്റിൽ അനുബന്ധം 4 കൂടി ചേർത്ത് പഞ്ചായത്തുകൾക്ക് പണവും നീക്കിവച്ചു.**

### കേരളത്തിലെ പ്രധാന നേട്ടങ്ങൾ

- കേരളത്തിൽ അധികാരം നൽകുന്നതോടൊപ്പം നിർവ്വഹിക്കാൻ വേണ്ട ഉദ്യോഗസ്ഥ സംവിധാനത്തെയും സ്ഥാപനങ്ങളെയും പണത്തെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി.
- നൽകിയ സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരുടെ പ്രഥമ ഉത്തരവാദിത്വം പഞ്ചായത്തുകളുടെ പ്രവർത്തനത്തിനാണെന്നും നിയന്ത്രണം തദ്ദേശഭരണ സ്ഥാപനങ്ങൾക്കായിരിക്കും എന്നതും നിയമമാക്കി.
- അധികാരവികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃത ആസൂത്രണത്തിന്റെയും അടിസ്ഥാനതത്ത്വങ്ങൾ സുതാര്യത, പങ്കാളിത്തം, സാമൂഹ്യനീതി എന്നിവയാക്കി.
- തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് പണം നൽകുന്നത് കൃത്യമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്. അവിടെ മറ്റു സ്വാധീനങ്ങൾക്ക് പ്രസക്തിയില്ല.
- പണം കേരളത്തിന്റെ എല്ലാ മുക്കിലും മൂലയിലും വികസനത്തിനായി എത്തുന്നു എന്നത് വലിയ പ്രത്യേകതയാണ്.
- വീടുകളുടെ നിർമ്മാണം, പൊതുകെട്ടിടങ്ങളുടെ നിർമ്മാണം, റോഡ്, പാലങ്ങൾ, ജലസേചന ബണ്ടുകൾ തുടങ്ങി പശ്ചാത്തല വികസനത്തിൽ അഭൂതപൂർവ്വമായ നേട്ടമാണ് അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞത്.
- സ്ക്കൂളുകളുടെയും ആശുപത്രികളുടെയും ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിൽ വലിയ മുന്നേറ്റം സൃഷ്ടിക്കാൻ കഴിഞ്ഞു.
- സേവന മേഖലയുടെ ഗുണനിലവാരം കേരളത്തിൽ അങ്ങോളമിങ്ങോളം വർധിച്ചു.
- സ്ത്രീകളുടെ ശാക്തീകരണത്തിൽ, സമൂഹത്തിൽ ദൃശ്യവൽക്കരിക്കുന്നതിൽ വലിയ ഒരു പങ്കാണ് കേരളത്തിന് ഇതിന്റെ ഭാഗമായി സൃഷ്ടിക്കാൻ കഴിഞ്ഞത്.
  - ഭരണത്തിൽ 50% സ്ത്രീശാക്തീകരണം
  - സ്ത്രീകളുടെ ഏറ്റവും വലിയ സംഘടനാ സംവിധാനമായ കുടുംബശ്രീയുടെ പ്രവർത്തനം എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാൻ കഴിഞ്ഞു.
  - സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിക്കാനായി എല്ലാ പഞ്ചായത്തിലും ജാഗ്രതാസമിതി.
  - സ്ത്രീകൾക്ക് മാത്രമായി അവരുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ മൊത്തം പദ്ധതി വിഹിതത്തിന്റെ കുറഞ്ഞത് 10% പണം മാറ്റി വച്ചുകൊണ്ട് വനിതാ ഘടകപദ്ധതി.
  - ജെന്റർ പ്ലാനിംഗ്
  - ഗ്രാമസഭ, വികസന സെമിനാർ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിലെ സ്ത്രീ പങ്കാളിത്തം വഴി ആസൂ

**പഞ്ചായത്തുകളെ അടുത്ത തലത്തിലെ സർക്കാരുകളായി കണ്ട്, നിലവിലുള്ള ഭരണഘടനയ്ക്കുള്ളിൽ നിന്ന് ഒരു പ്രാദേശിക സർക്കാരായി സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയണം. അതിനുള്ള ശേഷിയും പ്രാപ്തിയും പകരാൻ ഉതകുന്ന തരത്തിൽ അധികാരവും പണവും ലഭ്യമാക്കണം. അതോടൊപ്പം നിയമലംഘനം, ക്രമക്കേടുകൾ എന്നിവ കണ്ടെത്താനും തക്ക ശിക്ഷണ നടപടികൾക്ക് സുതാര്യവും സുശക്തവുമായ സംവിധാനം ഉണ്ടാവണം.**

ത്രണത്തിലെ പങ്കാളിത്തം.

- ❖ വനിതകൾക്കായി വിവിധ തൊഴിൽ സംരംഭങ്ങൾ
- ❖ അംഗൻവാടികൾ, സ്ത്രീകൾ നിയന്ത്രിക്കുന്ന സ്ത്രീകളുടെ കേന്ദ്രമായി മാറി.

- ➢ ജനപങ്കാളിത്തം ഉറപ്പ് വരുത്താനായി വർഷത്തിൽ കുറഞ്ഞത് നാല് ഗ്രാമ സഭകൾ.
- ➢ ആസൂത്രണത്തിൽ എല്ലാ വിഭാഗത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്താനായി വർക്കിംഗ് ഗ്രൂപ്പുകൾ.
- ➢ ബഹുഭൂരിപക്ഷം അംഗൻവാടികൾക്ക് കെട്ടിടം.
- ➢ പിന്നോക്ക വിഭാഗങ്ങൾക്ക് ആസൂത്രണത്തിലും നിർവഹണത്തിലും തീരുമാനമെടുക്കുന്ന തലത്തിലും പങ്കാളിത്തം.

ഇത്തരത്തിൽ വികസന പ്രവർത്തനത്തിൽ ലോകത്ത് ഉയർത്തിക്കാണിക്കാൻ കഴിയുന്ന തരത്തിൽ ഓരോ കാര്യത്തിൽ ഓരോ മോഡൽ എങ്കിലും സൃഷ്ടിക്കാൻ കഴിഞ്ഞ 15 വർഷത്തിനുള്ളിൽ കഴിഞ്ഞു എന്നത് അഭിമാനാർഹമാണ്. കേരളത്തിന്റെ ഏറ്റവും ഉൾപ്രദേശത്തുപോലും ഈ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എന്നതും പ്രാധാന്യം അർഹിക്കുന്നു. എന്നാൽ നാം വിഭാവനം ചെയ്ത തരത്തിൽ, അധികാരവികേന്ദ്രീകരണം എത്തണമെങ്കിൽ നമ്മുടെ നേട്ടങ്ങൾ നിലനിർത്തിയും കോട്ടങ്ങൾ തിരിച്ചറിഞ്ഞ് തിരുത്തിയും മുന്നേറാൻ കഴിയണം.

### പ്രധാന പോരായ്മകൾ

- ➢ ആസൂത്രണം സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിലല്ല പഞ്ചായത്തുകളിൽ നടക്കുന്നത്. അതിന് പ്രധാനമായും രണ്ട് കാരണങ്ങളാണ് ഉള്ളത്. ഒന്ന്, ഇതിനാവശ്യമായ കൃത്യമായ ഒരു രീതി വികസിപ്പിച്ചിരുന്നില്ല. രണ്ട്, ഉത്തരവുകൾ ലഭിക്കാനുണ്ടാകുന്ന കാലതാമസം.
- ➢ പങ്കാളിത്തം എന്നത് കുറഞ്ഞുകുറഞ്ഞ് ഇന്ന് കേവലം ചടങ്ങായി മാറുന്നു. ഇത് ഈ സംവിധാനത്തോട് പൊതുജനത്തിനുള്ള വിശ്വാസ്യത കുറയ്ക്കുന്നു.
- ➢ അധികാരവും ഫണ്ടും ഫണ്ട് വിനിയോഗത്തിൽ തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യവും ഉള്ളപ്പോഴും ഉത്തരവുകളുടെ ബാഹുല്യം കൊണ്ടും ടി.എ.ജി. പോലുള്ള നിരവധി കമ്മിറ്റികളുടെ അനാവശ്യ ഇടപെടലുകളുടെയും ഫലമായി ഫലപ്രദമായി നിർവ്വഹിക്കാൻ കഴിയാതെ കേവലം നിർവ്വഹണ ഏജൻസി ആയിത്തീരുന്നു.
- ➢ പ്രാദേശിക ഭരണകൂടങ്ങൾ ഇടപെട്ട് നന്നായി മാറ്റം സൃഷ്ടിക്കാൻ കഴിയുമായിരുന്ന ഉത്പാദനമേഖലയിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ നാളിതുവരെ നമുക്ക് കഴിഞ്ഞിട്ടില്ല.
- ➢ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടെ പ്രശ്നങ്ങൾ ശരിയായ രീതിയിൽ പരിഹരിക്കാൻ ഉതകുന്ന തരത്തിൽ പ്രവർത്തിക്കാൻ കഴിയാതെ പോയി. പഞ്ചായത്തുകളെ അടുത്ത തലത്തിലെ സർക്കാരായി കണ്ടുകൊണ്ടല്ല സർക്കാർ തലത്തിലെ ആസൂത്രണവും നിർവ്വഹണവും നിയമനിർമ്മാണവും നടക്കുന്നത്.
- ➢ മുകൾതലത്തിൽ കൃത്യമായ മോണിറ്ററിങ്ങും വിലയിരുത്തലും നടത്താൻ വേണ്ട സംവിധാനം രൂപീകരിച്ച് അധികാരവികേന്ദ്രീകരണത്തെയും പ്രാദേശിക സർക്കാരുകളെയും ശക്തിപ്പെടുത്തുന്നതിനു പകരം താഴേക്ക് ഉത്തരവുകളുടെ പ്രവാഹം കൊണ്ട് നിയന്ത്രിക്കാനാണ് ശ്രമിച്ചത് (ഇതിനർത്ഥം ഉത്തരവുകൾ വേണ്ട എന്നല്ല). ഇത് അധികാരവികേന്ദ്രീകരണത്തെയും വികേന്ദ്രീകൃത ആസൂത്രണത്തെയും സാരമായി ബാധിച്ചു. ഉത്തരവ് ഉണ്ടെങ്കിലെ പഞ്ചായത്തിന് അധികാരപ്പെട്ട കാര്യങ്ങൾ വരെ ചെയ്യു എന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തി.
- ➢ പഞ്ചായത്തുകൾ എല്ലാം കള്ളന്മാർ എന്ന മുൻവിധിയോടെ, പഞ്ചായത്തീരാജ് സ്പിരിറ്റ് ഉൾക്കൊള്ളാതെയുള്ള ആഡിറ്റ് സംവിധാനം.
- ➢ 9-ാം പദ്ധതി മുതൽ നാം പറയുന്ന വിവിധ വകുപ്പു തമ്മിലുള്ള സംയോജനം, തട്ടുകൾ തമ്മിലുള്ള സംയോജനം എന്ന അധികാരവികേന്ദ്രീകരണത്തിന്റെ ഉദാത്തമായ സത്ത ഇനിയും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പകരം പല സമാന്തര സംവിധാനങ്ങൾ രൂപപ്പെടുന്നു എന്നത് പഞ്ചായത്തീരാജീനോടുള്ള സമീപനത്തിന്റെ പിഴവായി കാണണം.
- ➢ പഞ്ചായത്തിന് കിട്ടിയ സ്ഥാപനങ്ങൾ വഴി നൽകുന്ന സേവനവും ജനങ്ങളോടുള്ള സമീപനവും ഇനിയും വളരെയേറെ മാറേണ്ടതുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം ഇനിയും മെച്ചപ്പെടുത്തിയേ തീരൂ.
- ➢ പഞ്ചായത്ത് കമ്പ്യൂട്ടർവൽക്കരണത്തിൽ മറ്റ് പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് നമ്മുടെ അവസ്ഥ പരിതാപകരമാണ്.

ഇത്തരത്തിൽ പ്രശ്നങ്ങൾ കണ്ടെത്തി അവയുടെ കാരണങ്ങൾ പരിഹരിക്കാൻ കഴിയണം. കേരളത്തിലെ എല്ലാ പ്രശ്നങ്ങളും വികേന്ദ്രീകരണത്തിൽക്കൂടി പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും വലിയ ഒരളവുവരെ കേന്ദ്രീകൃത സംവിധാനത്തിൽ കഴിയുന്നതിന്റെ എത്രയോ മടങ്ങ് നേട്ടം കൈവരിക്കാൻ കഴിയും എന്ന്, അതിന്റെ ബാലാരിഷ്ടതകളിൽ നിന്നുകൊണ്ടുതന്നെ നാളിതുവരെയുള്ള പ്രവർത്തനത്തിൽക്കൂടി നാം തെളിയിച്ചതാണ്. കോട്ടങ്ങൾ പരിഹരിച്ച് നേട്ടങ്ങൾ നിലനിർത്തി നമുക്ക് മുന്നേറാൻ കഴിയണം. അതിന് നമ്മുടെ കൂട്ടായ ജാഗ്രതയോടെയുള്ള പ്രവർത്തനം അനിവാര്യമാണ്.

### പഞ്ചായത്തീരാജ് നാളെ



- ➢ പഞ്ചായത്തുകളെ അടുത്ത തലത്തിലെ സർക്കാരുകളായി കണ്ട്, നിലവിലുള്ള ഭരണഘടനയ്ക്കുള്ളിൽ നിന്ന് ഒരു പ്രാദേശിക സർക്കാരായി സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയണം. അതിനുള്ള ശേഷിയും പ്രാപ്തിയും പകരാൻ ഉതകുന്ന തരത്തിൽ അധികാരവും പണവും ലഭ്യമാക്കണം. അതോടൊപ്പം നിയമലംഘനം, ക്രമക്കേടുകൾ എന്നിവ കണ്ടെത്താനും തക്ക ശിക്ഷണ നടപടികൾക്ക് സുതാര്യവും സുശക്തവുമായ സംവിധാനം ഉണ്ടാവണം.
- ➢ ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ അനുസരിച്ച് ആസൂത്രണം നടത്താൻ ഉതകുന്ന തരത്തിൽ സർക്കാരിന്റെ പൊതു മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാപ്ലാനിന്റെ വെളിച്ചത്തിൽ ഡിപിസികൾ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കണം.
- ➢ ഡി.പി.സി.യുടെ നേതൃത്വത്തിൽ തട്ടുകൾ തമ്മിലുള്ള സംയോജനത്തിലും വകുപ്പുകൾ തമ്മിലുള്ള സംയോജനത്തിലും ജില്ലാപ്ലാനിന്റെ അടിസ്ഥാനത്തിൽ ഇടപെടൽ ഉണ്ടാവണം.
- ➢ രൂപീകരിക്കുന്ന മിഷനുകൾ, മറ്റ് സംവിധാനങ്ങൾ പഞ്ചായത്തീരാജ് സംവിധാനത്തെ സഹായിക്കുന്ന രീതിയിലാവണം. അല്ലാതെ പാരലൽ സംവിധാനങ്ങളായി രൂപപ്പെടുത്തരുത്.
- ➢ ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും പൊതുജനപങ്കാളിത്തം വർദ്ധിപ്പിച്ചേ മതിയാകൂ. അതിന് സുതാര്യതയും ഗ്രാമസഭയ്ക്ക് കീഴിലുള്ള വിവിധ സംഘടനാ സംവിധാനങ്ങളും അനിവാര്യമാണ്. ഇത് ഉറപ്പാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതാണ്. അതിന് അവരെ സഹായിക്കാൻ, പിന്തുണയ്ക്കാൻ മറ്റു സംവിധാനങ്ങൾ കൂട്ടായി പ്രവർത്തിച്ചേ തീരൂ.
- ➢ പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിന് പ്രത്യേക ഊന്നൽ നൽകണം. പട്ടികജാതി പട്ടികവർഗ്ഗ സർവ്വേ പൂർത്തിയായിട്ടുണ്ട്. ഈ വിവരങ്ങൾ ഇതിനായി ഉപയോഗിക്കണം.
- ➢ പഞ്ചായത്തുകൾ പതിനഞ്ചുവർഷത്തെ ദീർഘകാല കാഴ്ചപ്പാടും അഞ്ച് വർഷത്തെ പദ്ധതിയും രൂപപ്പെടുത്തണം എന്ന പഞ്ചായത്തീരാജ് നിയമം കൃത്യമായി നടപ്പിലാക്കാൻ നാം പ്രാപ്തരാകണം. അതിനുള്ള പ്രാപ്തി ഉണ്ടാകണം.
- ➢ വിദഗ്ദ്ധർ, സാങ്കേതിക അക്കാഡമിക് സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയുടെ സേവനം ആസൂത്രണത്തിന് പരമാവധി കൂട്ടിയോജിപ്പിക്കാൻ കഴിയണം.
- ➢ ഒരു വർഷം കൊണ്ട്, രണ്ട് വർഷം കൊണ്ട്, മൂന്ന് വർഷം കൊണ്ട് ഇങ്ങനെ സമ്പൂർണ്ണമായി പരിഹരിക്കാൻ കഴിയുന്ന പദ്ധതികൾ 12-ാം പദ്ധതിയുടെ തുടക്കത്തിൽ തന്നെ കണ്ടെത്തി പ്രഖ്യാപിക്കാൻ കഴിയണം.
- ➢ അധിക വിഭവ സമാഹരണത്തിന്റെ സ്രോതസ്സുകൾ കണ്ടെത്താൻ കഴിയണം. അത് കണ്ടെത്താൻ സഹായിക്കുന്നതിൽ അസോസിയേഷൻ പ്രത്യേക ശ്രമങ്ങൾ നടത്തുന്നതാണ്.
- ➢ സേവന ഗുണനിലവാരം മെച്ചപ്പെടുത്തണം. പരമാവധി ജനത്തിന്റെ അടുക്കൽ സേവനം എത്തിക്കാൻ കഴിയണം. അതിന് ഉതകുന്ന തരത്തിൽ ഇ-ഗവേണൻസിന് മുൻതൂക്കം നൽകണം.
- ➢ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന ലക്ഷ്യം വച്ച് ഉത്പാദന മേഖലയുടെ വളർച്ചയ്ക്കും, ആഗോളതാപനത്തിൽ നിന്നും രക്ഷപ്പെടാൻ ഉതകുന്ന തരത്തിൽ പരിസ്ഥിതി സംരക്ഷണത്തിനും, കേരളത്തിന്റെ ഏറ്റവും വലിയ സ്വത്തായ മനുഷ്യവിഭവശേഷിക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വളരെയധികം സംഭാവനകൾ നൽകാൻ കഴിയും. അതിനാൽ ഇവയ്ക്ക് മുൻതൂക്കം നൽകണം.
- ➢ സ്ത്രീകളും പെൺകുട്ടികളും ആക്രമിക്കപ്പെടുക, അവരോട് അപമര്യാദയായി പെരുമാറുക, ചൂഷണത്തിന് വിധേയരാകുക, ആൺകുട്ടികൾ പീഡനത്തിന് വിധേയരാകുക എന്നത് അനുവദിക്കപ്പെടാവുന്നതല്ല. അത് ഭരണാധികാരികളായ നമുക്ക് നാണക്കേടുളവാക്കുന്നതാണ്. വരും സമൂഹത്തെ കരുപിടിപ്പിക്കേണ്ട കുട്ടികൾ, അതിന് അടിസ്ഥാനമൊരുക്കേണ്ട സ്ത്രീകൾ ഇത്തരത്തിൽ പ്രശ്നമനുഭവിക്കുന്ന ഒരു സമൂഹത്തിൽ ഒരു വികസനപ്രവർത്തനത്തിനും പ്രസക്തിയില്ല എന്ന് നാം തിരിച്ചറിയണം. സുരക്ഷിതമായ, ആത്മധൈര്യത്തോടെ സ്വപ്നംകണ്ട് വളരാനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ നമുക്ക് കഴിയണം.
- ➢ സർക്കാർ നാളിതുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായി പഞ്ചായത്തുകൾക്ക് 25% ൽ അധികം തുക വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് അഭിനന്ദനാർഹം തന്നെയാണ്. എന്നാൽ ലഭ്യമായ ഈ പണത്തെ ഫലപ്രദമായും സമയബന്ധിതമായും വിനിയോഗിച്ച്, പ്രാദേശിക സർക്കാരുകളാണെന്നു തെളിയിക്കാൻ നമുക്ക് കഴിയണം.

**മുകൾതലത്തിൽ കൃത്യമായ മോണിറ്ററിങ്ങും വിലയിരുത്തലും നടത്താൻ വേണ്ട സംവിധാനം രൂപീകരിച്ച് അധികാരവികേന്ദ്രീകരണത്തെയും പ്രാദേശിക സർക്കാരുകളെയും ശക്തിപ്പെടുത്തുന്നതിനു പകരം താഴേക്ക് ഉത്തരവുകളുടെ പ്രവാഹം കൊണ്ട് നിയന്ത്രിക്കാനാണ് ശ്രമിച്ചത് (ഇതിനർത്ഥം ഉത്തരവുകൾ വേണ്ട എന്നല്ല). ഇത് അധികാരവികേന്ദ്രീകരണത്തെയും വികേന്ദ്രീകൃത ആസൂത്രണത്തെയും സാരമായി ബാധിച്ചു. ഉത്തരവ് ഉണ്ടെങ്കിലെ പഞ്ചായത്തിന് അധികാരപ്പെട്ട കാര്യങ്ങൾ വരെ ചെയ്യു എന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തി.**

ഇത്തരത്തിൽ സുശക്തവും സുസജ്ജവുമായ ഒരു പ്രാദേശിക സർക്കാരായി ദീർഘവീക്ഷണത്തോടെ സ്ഥായിയായ വികസന ക്ഷേമപ്രവർത്തനങ്ങൾ വിഭാവനംചെയ്ത് കൂട്ടുത്തരവാദിത്വത്തോടെ സുതാര്യമായി നടപ്പിലാക്കാൻ കഴിയുന്ന ഇടമായി പഞ്ചായത്തുകൾ മാറണം. അതിന് നമുക്ക് ഒരുമിച്ച് ഒന്നായി പ്രവർത്തിക്കാം. ■

*ലേഖകൻ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റാണ്*

അഡ്വ. യു. പ്രതിഭാഹരി

# അധികാരം ഔദാര്യമല്ല; അവകാശമാണ്

Sun does not forget a village just because of it is small



ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന് മഹാത്മാഗാന്ധി പറഞ്ഞു. നിസ്സഹായരായ പട്ടിണിപാവങ്ങളുടെ ആത്മാക്കളെക്കൂടി ഓർത്താണ് മഹാത്മാവ് അങ്ങനെ പറഞ്ഞത്. ഇന്നും ഗ്രാമങ്ങളിൽ ദരിദ്രന്റെ ആത്മാവിന് ഗതിയുണ്ടായിട്ടില്ല. ഭാരതത്തിന്റെ ആത്മചൈതന്യം നിറയേണ്ടത് ഗ്രാമങ്ങളിലാണ്. ഗ്രാമങ്ങളുടെ സ്വയംപര്യാപ്തതയിലൂടെ; അധികാരം, അവകാശമായെങ്കിലെ, സ്വയംപര്യാപ്തത യാഥാർത്ഥ്യമാകു.

അധികാരം ഔദാര്യമാണെന്നമട്ടിലാണ് ബ്യൂറോക്രസിയുടെ സമീപനം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമനിർമ്മാണം വഴി ലഭ്യമായിട്ടുള്ള അധികാരം കവർന്നെടുക്കാനും വെള്ളം ചേർക്കാനുമാണ് ശ്രമം നടക്കുന്നത്. ഇത്തരം ചെറുതും വലുതുമായ പ്രവണതകളെ ചെറുത്തുകൊണ്ടാവണം 12 -ാം പദ്ധതിയിലേക്ക് പ്രവേശിക്കേണ്ടത്. അധികാരം ഔദാര്യമല്ല, അവകാശമാണെന്ന ബോധ്യം താഴേത്തട്ടിൽ വരെ എത്തിക്കാനുള്ള യത്നവും ഇതിൽപ്പെടും; എങ്കിൽ മാത്രമേ ഗാന്ധിജി ദർശിച്ച ഇന്ത്യയുടെ ആത്മാവിന് ശാന്തി ലഭിക്കു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 12-ാം പഞ്ചവത്സര പദ്ധതിക്ക് തയ്യാറെടുക്കുന്നു. കേരളത്തിലെ അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങൾ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് നാം അഭിമാനിക്കുന്നു. നിരവധിയായ നേട്ടങ്ങൾ പ്രാദേശിക ഗവൺമെന്റുകളുടെ പ്രവർത്തനത്തിലൂടെ താഴെത്തട്ടിൽ എത്തിക്കുവാൻ കേരളത്തിന് കഴിഞ്ഞു.

എങ്കിലും നാം ഇപ്പോഴും എവിടെ നിൽക്കുന്നു എന്ന ചോദ്യമാണ് ഇത്തരത്തിൽ എഴുതാൻ പ്രേരിപ്പിച്ചത്. ജനങ്ങൾക്ക് നേരിട്ട് ഭരണകാര്യങ്ങളിൽ ഇടപെടാൻ കഴിയുന്ന ഗ്രാമസഭകളും ഗ്രാമ-ബ്ലോക്ക്-ജില്ലാ ത്രിതല പഞ്ചായത്ത് ഭരണ സംവിധാനവും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ചേർന്ന നഗരഭരണവും ഇവയെ ശക്തമായി ഏകോപിപ്പിക്കുന്നതിനായി ജില്ലാ ആസൂത്രണ സമിതികളും പ്രവർത്തിക്കുന്നു.

**അധികാരം ഉണ്ട് എന്നറിയപ്പെടുന്ന പഞ്ചായത്തുകളെ സാങ്കേതിക കമ്മറ്റിയുടെ പേരിൽ ശ്വാസം മുട്ടിക്കുന്ന നിലപാട് ഇന്നും നിർബാധം തുടരുന്നു. ആരാണ് ഇത്തരത്തിൽ പഞ്ചായത്തുകളെ ശ്വാസം മുട്ടിക്കുന്നത്? എന്തിനാണ് ഗ്രാമപഞ്ചായത്ത് പദ്ധതികളിൽ ഇത്രയധികം നിയന്ത്രണം? ഗ്രാമസഭകൾ ശക്തിപ്പെടുത്തി ജനങ്ങളുടെ ആവശ്യങ്ങൾ നേരിട്ട് നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുന്ന അവസ്ഥ കൈവരണം. പ്രദേശങ്ങളുടെ പ്രത്യേകതയനുസരിച്ച് പദ്ധതി തുക ചെലവഴിക്കാൻ പഞ്ചായത്തുകളെ അനുവദിക്കണം.**

ശക്തമായ ഓഡിറ്റ് സംവിധാനം ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഉണ്ട്. ലോക്കൽ ഫണ്ട്, പെർഫോർമൻസ്, സി.എ.ജി. ഉൾപ്പെടെയുള്ള ഓഡിറ്റ് സംവിധാനവും അതിശക്തമായ വിവരാവകാശ നിയമവും പ്രതിപക്ഷ ഇടപെടലും (നിയമത്തിൽ ഇല്ലെങ്കിലും) പഞ്ചായത്തിൽ നടക്കാറുണ്ട്.

12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഒട്ടേറെ മാറ്റങ്ങൾ നിയമത്തിലുൾപ്പെടെ നടത്തി പുതിയ ദിശാബോധത്തിലേക്ക് നാം എത്തിച്ചേരേണ്ടതായിട്ടുണ്ട്. പ്രാദേശിക സർക്കാർ ശക്തമാണെന്ന് നാം അവകാശപ്പെടുമ്പോഴും ബ്യൂറോക്രസിയുടെ നീരാളിപിടുത്തം പഞ്ചായത്തുകളുടെ പ്രവർത്തനത്തെ തകരാറിലാക്കുന്നു. അധികാരവികേന്ദ്രീകരണം അതിശക്തമായി നടപ്പാക്കിയാൽ നമ്മുടെ രാജ്യത്ത് ദാരിദ്ര്യം, സാമ്പത്തിക അസമത്വം, തൊഴിലില്ലായ്മ, പാരിസ്ഥിതിക പ്രശ്നങ്ങൾ, ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ ഇവയെല്ലാം പരിഹരിക്കാൻ കഴിയും. കാർഷിക മേഖലയുടെ വളർച്ചയിലൂടെ സ്വയംപര്യാപ്ത ഗ്രാമങ്ങളെ നെല്ലിലും പച്ചക്കറിയിലും നാളികേരത്തിലും സൃഷ്ടിക്കാനാവും.

എന്നാൽ അശാസ്ത്രീയമായ സബ്സിഡി മാനദണ്ഡങ്ങളിലൂടെയും സാങ്കേതികത്വത്തിലൂടെയും കാലത്തിനനുസരിച്ച് പരിഷ്ക്കരിക്കാത്ത നിയമങ്ങളിലൂടെയും അധികാരവികേന്ദ്രീകരണത്തിന് ദിശതെറ്റുന്നു. പാർലമെന്റ് അംഗങ്ങൾക്കും, നിയമസഭാസമാജികർക്കും എവിടെയും വികസന പദ്ധതികൾ പ്രഖ്യാപിക്കാം. യാന്ത്രികമായ സാങ്കേതിക കമ്മറ്റിയുടെ അഴിയാക്കുരുക്കുകൾ ഇവരുടെ പ്രവർത്തനങ്ങളെ ബാധിക്കാറില്ല.

അതേസമയം വലിയ അധികാരം ഉണ്ട് എന്നറിയപ്പെടുന്ന പഞ്ചായത്തുകളെ സാങ്കേതിക കമ്മറ്റിയുടെ പേരിൽ ശ്വാസം മുട്ടിക്കുന്ന നിലപാട് ഇന്നും നിർബാധം തുടരുന്നു. ആരാണ് ഇത്തരത്തിൽ പഞ്ചായത്തുകളെ ശ്വാസം മുട്ടിക്കുന്നത്? എന്തിനാണ് ഗ്രാമപഞ്ചായത്ത് പദ്ധതികളിൽ ഇത്രയധികം നിയന്ത്രണം? ഗ്രാമസഭകൾ ശക്തിപ്പെടുത്തി ജനങ്ങളുടെ ആവശ്യങ്ങൾ നേരിട്ട് നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുന്ന അവസ്ഥ കൈവരണം. പ്രദേശങ്ങളുടെ പ്രത്യേകതയനുസരിച്ച് പദ്ധതി തുക ചെലവഴിക്കാൻ പഞ്ചായത്തുകളെ അനുവദിക്കണം. ഉദാഹരണം: കുട്ടനാടൻ പ്രദേശങ്ങളിൽ ഇന്നും കക്കൂസ് പണിയുന്നതിന് 3,500/- രൂപയാണ് നൽകുന്നത്. സമുദ്രനിരപ്പിൽ താഴെ (ലോകത്തുതന്നെ) സ്ഥിതിചെയ്യുന്ന പ്രദേശത്തിന് പ്രസ്തുത സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് ശുചിത്വ സംവിധാനമുള്ള ടോയിലറ്റ് നിർമ്മിക്കാൻ 15,000/- രൂപയെങ്കിലും അനുവദിച്ച് നൽകിയാലെ പകർച്ചവ്യാധിയുടെ പിടിയിൽ നിന്നും വെള്ളം ഉയരുമ്പോൾ ഉണ്ടാകുന്ന ജലമലിനീകരണത്തിൽ നിന്നും രക്ഷനേടാനാവൂ. ഇതുപോലെ ഓരോ പ്രദേശത്തിനും അനുസരിച്ച് പദ്ധതികൾ ഉണ്ടാക്കണം. പശുവളർത്തൽ തൊഴിലാക്കി ജീവിക്കുന്നവർക്ക് കാലിത്തൊഴുത്തുകൾ ചെലവു കുറച്ച് നിർമ്മിക്കുന്നതിനും ബയോഗ്യാസ് പ്ലാന്റുകൾ കണക്ട് ചെയ്ത് ചെയ്യുന്നതിനും ആവശ്യമായ തുക പദ്ധതിയിൽ ന്യായമായി വകയിരുത്തണം. (പാലിന്, അന്യസംസ്ഥാനത്തെ ആശ്രയിച്ചാലും ക്ഷീരകർഷകർ രക്ഷപെടരുത് എന്ന ചിന്ത മാറണം).

കാർഷിക മേഖലയിൽ വന്നാലോ, സംയോജിത പദ്ധതികൾ ഇല്ലാതെ അശാസ്ത്രീയമായി കൃഷി ഡിപ്പാർട്ട്മെന്റും തദ്ദേശസ്ഥാപനങ്ങളും പദ്ധതി തയ്യാറാക്കുന്നു. കൃഷി വകുപ്പിന് ഒരു മാനദണ്ഡം, പഞ്ചായത്തിന് മറ്റൊന്നും; സാധ്യമായ എല്ലായിടങ്ങളിലും പഴം, പച്ചക്കറി ഉൾപ്പെടെ ഓരോ പ്രദേശത്തിന്റെയും മണ്ണിന് അനുയോജ്യമായ വിളകൾ കൃഷിചെയ്യുന്നതിന് പൂർണ്ണമായ സബ്സിഡി വിത്തിലും വളത്തിലും മാത്രം നൽകിയാൽ ഗുണപ്പെടില്ല. തുടർ പരിചരണത്തിനും തുക വകകൊള്ളിക്കണം.

ആലപ്പുഴയിൽ മാത്രം ഒരു സാധ്യതാപഠനം നോക്കിയപ്പോൾ കണ്ടത് ഇവിടുത്തെ മണ്ണിൽ എള്ള്, നെല്ല്, മഞ്ഞൾ, നാളികേരം, പഴം, പച്ചക്കറികൾ, വെറ്റില, കുരുമുളക് എന്നിവയ്ക്ക് അനന്ത സാധ്യതകൾ ഉണ്ടെന്നാണ്. എന്നാൽ നിസ്സാരമായ പദ്ധതി മാനദണ്ഡങ്ങളുടെ പേരിൽ ഇവയൊക്കെ നമുക്കിടയിൽ നാമമാത്രമാകുന്നു. പൂക്കൾ പോലും അന്യസംസ്ഥാന വിപണി കൈയ്യടക്കുന്നു. തരിശുപാടങ്ങൾ പൂർണ്ണമായ തോതിൽ കൃഷി ചെയ്യുവാൻ ഭാവനയുള്ള ചിന്താശക്തിയുള്ള ജനപ്രതിനിധികൾക്കൊപ്പം മണ്ണിലിറങ്ങുന്ന കൃഷി വകുപ്പ് ഉദ്യോഗസ്ഥരെയും ആവശ്യമാണ്

തരിശുപാടം കൃഷിയോഗ്യമാക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ചപ്പോൾ ജനപ്രതിനിധിയെന്ന നിലയിൽ വലിയ വെല്ലുവിളി നേരിടേണ്ടി വന്നു. 30 വർഷമായി കൃഷിയില്ലാതെ കിടക്കുന്ന പുളിങ്കുന്ന് പഞ്ചായത്തിലെ (ലോക പ്രശസ്തനായ കൃഷി ശാസ്ത്രജ്ഞൻ ഡോ. എം.എസ്. സ്വാമിനാഥന്റെ ജന്മനാട്) പൊൻവേലി വാകപ്പാടം കൃഷി ചെയ്യാൻ ജില്ലാ പഞ്ചായത്ത് ആവിഷ്ക്കരിച്ച പദ്ധതി നടപ്പിലാക്കാൻ സാങ്കേതിക കമ്മറ്റിയിൽ പലതവണ പോകേണ്ടിവന്ന എന്റെ അവസ്ഥതന്നെ ജനപ്രതിനിധികളെ പോലും പദ്ധതി പ്രവർത്തനത്തിൽ നിന്നും അകറ്റുന്നതായിരുന്നു. ജനപ്രതിനിധികളോടും കർഷകരോടുമൊപ്പം ആർജ്ജവമുള്ള കൃഷി വകുപ്പ് ഉദ്യോഗസ്ഥരും ഉണ്ടാകണം. എങ്കിൽ നമുക്ക് ആവശ്യമായ നെല്ല്, കപ്പ, കാച്ചിൽ, ചേന, ചേമ്പ്, ഇഞ്ചി, ഇത്യാദി വിളകൾ ജില്ലയിൽ എല്ലാ ഭാഗത്തും ഉല്പാദിപ്പിക്കാനാകും. ജില്ലയിൽ കൃഷി പൂർണ്ണമാകും; തരിശ് എന്നത് സങ്കൽപ്പത്തിൽ മാത്രമാകും.

വികസനം എന്നാൽ റോഡും പാലവും കലുങ്കും മാത്രമല്ലെന്ന് പഞ്ചായത്തുകളും പൊതുസമൂഹവും തിരിച്ചറിയണം. സുലഭമാകുന്ന നമ്മുടെ ജലസമ്പത്തിനെപ്പറ്റി ബോധ്യമുണ്ടാകണം. ആലപ്പുഴ ജില്ലയിൽ തന്നെ എത്രയധികം ഇടത്തോടുകളും നീർച്ചാലുകളും ഉണ്ടായിരുന്നു. വികസനത്തിന്റെ തെറ്റായപേരിൽ നാം അവയെല്ലാം ഇടിച്ചു നിരത്തി; ഇന്ന് കടുത്ത കുടിവെള്ള ക്ഷാമത്തിന് കാരണമായി. വരൾച്ചയുണ്ടാകുമ്പോൾ നാം അടഞ്ഞുപോയ നീർച്ചാലുകളെ ഓർത്ത് കണ്ണുനീർ പൊഴിക്കുന്നു. ഇനിയും വൈകിയിട്ടില്ല. നീർച്ചാലുകൾ നിലനിർത്തണം. അടുത്ത തലമുറയ്ക്ക് റോഡും പാലവും മാത്രം കൊണ്ട് കഴിയാനാവില്ല. മണ്ണും ജലവും വേണം. പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് എല്ലാ അർത്ഥത്തിലും 12-ാം പഞ്ചവത്സര പദ്ധതി വഴികാണിക്കണം.

പട്ടികജാതി - പട്ടികവർഗ്ഗ വികസന ക്ഷേമപ്രവർത്തനവും പുതിയ മാതൃകയിൽ വരണം. പട്ടികജാതിക്കാർ എന്നും കോളനിയിൽ താമസിച്ചാലെ അവർ ആനുകൂല്യ പരിധിയിൽ വരൂ എന്ന പഴഞ്ചൻ കരിഞ്ചന്ത നിയമങ്ങൾ ഈ പദ്ധതി സമയത്തെങ്കിലും നാം കാറ്റിൽപറത്തണം. പട്ടികജാതിക്കാരെ സ്വതന്ത്രരാക്കി പൊതുസമൂഹത്തിൽ ഭാഗമാക്കി നിർത്തണം.

ഫീസിബിലിറ്റി എന്ന പേരിൽ പട്ടികജാതിക്കാർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ നഷ്ടമാക്കരുത്. ഭൂമിവാങ്ങുന്നതിനായി പട്ടികജാതിക്കാർക്ക് നൽകുന്നത് കേവലമായ പണം മാത്രമാണ്. ഒരു കൂരവയ്ക്കാൻ സ്ഥലം വാങ്ങുക എന്നത് പോലും റിയൽ എസ്റ്റേറ്റ് കച്ചവടമായി തീർന്നിരിക്കുന്ന ഈ കാലത്ത് പാവപ്പെട്ട പട്ടികജാതിക്കാർക്ക് തുച്ഛമായ തുകയ്ക്ക് എവിടെയാണ് സ്ഥലം ലഭിക്കുക?

ഫെയർവാല്യു കാറ്റിൽ പറത്തി ലക്ഷങ്ങളുടെ വിലയിൽ ഭൂമി വാങ്ങുന്ന ഭൂമി മാഫിയ ഉള്ള ഈ കാലത്ത് പട്ടികജാതിക്കാരായ ആളുകൾക്ക് ഭൂമിവാങ്ങാൻ ന്യായമായ തുക നൽകണം. പാർലമെന്റ് അംഗങ്ങൾക്കും മറ്റും മാസം നൽകുന്ന തുക വർദ്ധിപ്പിക്കാൻ യാതൊരുവിധ നിയമത്തിലെ നൂലാമാലകളും ബാധകമല്ലാത്ത നമ്മുടെ രാജ്യത്ത് പാവപ്പെട്ട പട്ടികജാതിക്കാരനും മറ്റു ജനറൽ വിഭാഗത്തിലെ ദരിദ്രനും ഭൂമിവാങ്ങുന്നതിന് തുക വർദ്ധിപ്പിക്കുന്നതിന് മാത്രം എന്തിന് ന്യായവാദം ഉന്നയിക്കണം? പാവപ്പെട്ടവരുടെ പടിവാതിൽക്കൽ ചെന്ന് സഹായം നൽകുന്നതാവണം 12-ാം പഞ്ചവത്സര പദ്ധതി.

അധികാരങ്ങളും വലിയ ചുമതലകളും ഉള്ള സ്വയംഭരണ സ്ഥാപനങ്ങളാണ് പഞ്ചായത്തുകൾ. നിയമപ്രകാരം ലഭിച്ചിരിക്കുന്ന അധികാരങ്ങളിൽ സ്വയം തീരുമാനമെടുത്ത് നടപ്പാക്കാനുള്ള അവകാശമാണ് പഞ്ചായത്തുകൾക്കു വേണ്ടത്. എന്നാൽ ഇന്ന് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെട്ട കുടിവെള്ള വിതരണത്തെക്കുറിച്ച് ഒരു പുനർവിചിന്തനം ആവശ്യമായിരിക്കുന്നു. കുടിവെള്ള വിതരണത്തിന് ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും വലിയ ഇടപെടൽ നടത്തേണ്ട വാട്ടർ അതോറിറ്റി പഞ്ചായത്തുകൾക്ക് യഥാസമയം വെള്ളം എത്തിച്ചുകൊടുക്കാതെ പഞ്ചായത്തുകളുടെ ഗ്രാന്റുകൾ കട്ട് ചെയ്യുന്ന ഏജൻസിയായി പലയിടത്തും അധഃപതിച്ചിരിക്കുന്നു. ആഗോളതാപനം അതിശക്തമാകുന്ന കാലഘട്ടത്തിൽ വെള്ളത്താൽ ചുറ്റപ്പെട്ട ആലപ്പുഴയിലെ ഗ്രാമങ്ങൾ കടുത്ത വരൾച്ചയുടെ തിക്തഫലങ്ങൾ അനുഭവിക്കുകയാണ്. ഏറെ അധികാരം ഉണ്ട് പഞ്ചായത്തിന് എന്ന് പറയുമ്പോൾപോലും ഗവൺമെന്റ് വരൾച്ചാ ദുരിതാശ്വാസത്തിൽ ഫണ്ട് നൽകുന്നത് റവന്യു അധികാരിയായ കളക്ടർക്കാണ്. ജനപ്രതിനിധികൾക്ക് വില്ലേജ് ആഫീസ് മുതൽ കളക്ടർ വരെയുള്ള ഉദ്യോഗസ്ഥ പ്രതിനിധികളോട് യാചിക്കേണ്ട ഗതികെട്ട വ്യവസ്ഥയാണുള്ളത്.

ഇതിനുമാറ്റം ഉണ്ടാകേണ്ടതാണ്. ശുദ്ധജലക്ഷാമം രൂക്ഷമാകുന്ന പഞ്ചായത്ത് കുടിവെള്ള വിതരണം കൃത്യമായും സത്യസന്ധമായും നിർവ്വഹിക്കുമ്പോൾ പ്രസ്തുത പഞ്ചായത്തുകൾക്ക് തുക അനുവദിച്ച് നൽകി ആ ഗ്രാമത്തിലെ കുടിവെള്ള വിതരണം ഫലപ്രദമാക്കാൻ ചുവപ്പുനാടയുടെ നീരാളി പിടുത്തത്തിൽ നിന്ന് പഞ്ചായത്തുകളെ മോചിപ്പിക്കണം. ലഭിച്ച അധികാരങ്ങളുടെയും ചുമതലകളുടെയും വിപുലമായ സാധ്യതകൾ തിരിച്ചറിയാൻ ജനപ്രതിനിധികൾക്കും കഴിയണം.

12-ാം പഞ്ചവത്സര പദ്ധതി അധികാരവികേന്ദ്രീകരണത്തിന് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കണം. ദരിദ്രന്റെ മുന്നിൽ തുറക്കേണ്ടത് വികസനത്തിന്റെ വാതിലുകളാകണം; നിയമങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും അഴിയാകുരുക്കിൽ പിടയുന്ന സാധാരണക്കാർക്കിനി സഹതാപം വേണ്ട; സഹായം മതി.■

*ലേഖിക ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ്.*

# അധികാരവികേന്ദ്രീകരണം – കേന്ദ്രവും സംസ്ഥാനങ്ങളും

ഡോ. പി.പി. ബാലൻ

എഴുപത്തി മൂന്നാം ഭരണഘടനാ ഭേദഗതിയിലൂടെയാണല്ലോ പഞ്ചായത്തുകൾ ഭരണഘടനാ സ്ഥാപനങ്ങളായി മാറിയത്. ആർട്ടിക്കിൾ 243 ബി. പ്രകാരം സംസ്ഥാനങ്ങളാണ് ത്രിതല പഞ്ചായത്തുകൾ രൂപീകരിക്കേണ്ടത്. 243 സി അതിനുള്ള അധികാരം അവയ്ക്ക് നൽകുകയും ചെയ്യുന്നു. 243 ഡി പഞ്ചായത്തുകളിലെ സംവരണം സംബന്ധിച്ച കാര്യങ്ങൾ പ്രതിപാദിക്കുമ്പോൾ 243 ഇ പഞ്ചായത്തുകളുടെ കാലാവധി അഞ്ചു വർഷമായി നിജപ്പെടുത്തുകയും ആറുമാസത്തിനകം തെരഞ്ഞെടുപ്പ് ഉറപ്പാക്കുകയും ചെയ്യുന്നു. അംഗമാകാനുള്ള യോഗ്യതയും അയോഗ്യതയും തീരുമാനിക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്കാണെന്ന് ആർട്ടിക്കിൾ 243 എഫ് വിശദമാക്കുന്നു. പഞ്ചായത്തുകളുടെ അധികാരങ്ങളെയും ചുമതലകളെയും പറ്റിയാണ് 243 ജി പ്രതിപാദിക്കുന്നത്. സംസ്ഥാനങ്ങളുടെ സഞ്ചിതനിധിയിൽ നിന്നും ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും നികുതി പിരിക്കാനുള്ള അധികാരം അനുവദിക്കുന്നതും വിശദമാക്കുന്നതാണ് 243 എച്ച്. ഓരോ അഞ്ചു വർഷത്തിലും സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിക്കുന്ന കാര്യം 243 ഐ ൽ കാണാം. ഓഡിറ്റുകളും അക്കൗണ്ടുകളും സംബന്ധിച്ച് നിയമ നിർമ്മാണം നടത്താനുള്ള അധികാരം സംസ്ഥാനത്തിന് 243 ജെ പ്രകാരമാണ് നൽകിയിട്ടുള്ളത്. വോട്ടർ പട്ടിക തയ്യാറാക്കാനും തെരഞ്ഞെടുപ്പ് നടത്താനുമുള്ള അധികാരം 243 കെ പ്രകാരം സംസ്ഥാന ഇലക്ഷൻ കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നു. ചുരുക്കത്തിൽ മുകളിൽ വിവരിച്ച സൂചനകൾ പഞ്ചായത്തുകളെ യഥാർത്ഥ സ്വയംഭരണ സ്ഥാപനങ്ങളാക്കാനുള്ള ഭരണഘടനാപരമായ പിൻബലം നൽകുന്നതായി കാണാം.

## വർധിച്ച അധികാരവും ചുമതലകളും

ഭരണഘടനയുടെ പാർട്ട് IX പഞ്ചായത്തുകളെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായി അംഗീകരിക്കുന്നുണ്ട്. അവയെ ശക്തിപ്പെടുത്താൻ ഉതകുന്ന വിധത്തിൽ അധികാരങ്ങളും ചുമതലകളും പ്രവർത്തന സ്വാതന്ത്ര്യവും അവയ്ക്ക് നൽകണം. അത് സാധിക്കുന്നത് അധികാര കൈമാറ്റത്തിലൂടെയും ധനകാര്യ വികേന്ദ്രീകരണത്തിലൂടെയും നികുതി–നികുതിയേതര വരുമാനങ്ങൾ ലഭ്യമാക്കുന്നതിലൂടെയുമാണ്. ഭരണഘടനയുടെ 241 ബി വകുപ്പിൽ പഞ്ചായത്തുകളുടെ രൂപീകരണത്തെപ്പറ്റി പറയുമ്പോൾ അത് ഭരണഘടനയുടെ 79–ാം ആർട്ടിക്കിളിൽ വിവക്ഷിക്കുന്ന പാർലമെന്റിന്റെയും 168–ാം ആർട്ടിക്കിളിൽ പരാമർശിക്കുന്ന സംസ്ഥാന നിയമ നിർമ്മാണ സഭകളുടെയും അധികാരാവകാശങ്ങൾക്കു സമാനമായിട്ടാണെന്നു കാണാം. അതുപോലെ സംസ്ഥാന–കേന്ദ്ര ധനകാര്യ കമ്മീഷൻ രൂപീകരണത്തിലും ഏറെ സമാനതകളുണ്ട്. കേന്ദ്ര ധനകാര്യ കമ്മിഷൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമുള്ള നികുതി വേർതിരിച്ചു നിജപ്പെടുത്തി നിർദ്ദേശങ്ങൾ ഇന്ത്യൻ യൂണിയൻ പ്രസിഡന്റിനു സമർപ്പിക്കുമ്പോൾ, സംസ്ഥാന ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങളും പഞ്ചായത്തുകളും തമ്മിലുള്ള നികുതി വിഭജനം സംബന്ധിച്ച നിർദ്ദേശങ്ങൾ ഗവർണ്ണർക്കു നൽകുന്നു.

ആർട്ടിക്കിൾ 241 കെ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷന്റെ രൂപീകരണം നിർബന്ധമാക്കുമ്പോൾ ആർട്ടിക്കിൾ 374 കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷന്റെ കാര്യം പരാമർശിക്കുന്നു. ഇതിൽ നിന്നും സംസ്ഥാനവും പഞ്ചായത്തുകളും തമ്മിലുള്ള ബന്ധം കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ബന്ധത്തിന് സമാനമാണെന്ന് കാണാം. ഇവിടെ ഒരു ചെറിയ വ്യത്യാസം മാത്രമേ ഉള്ളൂ. നിയമസഭകൾ നിയമ നിർമ്മാണം നടത്തുമ്പോൾ പഞ്ചായത്തുകൾക്ക് അതിന് അധികാരമില്ല. എന്നാൽ ഷെഡ്യൂളിൽ പറഞ്ഞ അധികാരങ്ങൾ അവയുടെ പ്രവർത്തന പരിധിയിൽ ഉണ്ടെന്നത് ശ്രദ്ധേയമാണ്. ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ രൂപീകരണമാണ് 241 ഡി വകുപ്പ് പറയുന്നത്. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഒരു സംയോജിത വികസന രേഖ ആയിരിക്കണം അത് എന്നു കൂടി പ്രസ്തുത വകുപ്പ് പറയുന്നു. നഗര–ഗ്രാമ ജനപ്രതിനിധികൾ ഉൾപ്പെടുന്ന ജില്ലാ പ്ലാനിംഗ് കമ്മിറ്റിയാണ് ജില്ലയുടെ കരട് വികസന പദ്ധതി തയ്യാറാക്കേണ്ടതും ഗവണ്മെന്റിലേക്ക് സമർപ്പിക്കേണ്ടതും. ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വരുന്നതും പ്രാദേശിക ഗവണ്മെന്റിന്റെ ശക്തിയെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ എത്രമാത്രം സംസ്ഥാനങ്ങൾ ഈ രംഗത്ത് മുന്നോട്ടുപോയിരിക്കുന്നു എന്നത് പരിശോധനാ വിഷയമാക്കേണ്ടതുണ്ട്.

## ഹിമാചൽപ്രദേശ്

വടക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിൽ അധികാരവികേന്ദ്രീകരണ രംഗത്ത് കുറച്ചെങ്കിലും മുന്നേറിയ സംസ്ഥാനമാണ് ഹിമാചൽപ്രദേശ്. ഇവിടെ ഗ്രാമങ്ങളെല്ലാം മലഞ്ചരിവുകളിലാണ്. ഗ്രാമപഞ്ചായത്തുകളുടെ ശരാശരി വലിപ്പം 700 ഹെക്ടർ വരും. ജനസംഖ്യ 1500 മുതൽ 5000 വരെയും. 5 മുതൽ 13 വരെ അംഗങ്ങൾ ആണ് ഗ്രാമജനതയെ പ്രതിനിധാനം ചെയ്യുന്നത്. കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലുള്ള മത്സരം ഗ്രാമപഞ്ചായത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഏഴ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ വികസന കാര്യങ്ങളിൽ ഭരണസമിതിയെ സഹായിക്കുന്നു. പൊതുമരാമത്ത്, ആരോഗ്യവും കുടുംബാസൂത്രണവും, വിദ്യാഭ്യാസം, വനം, കൃഷി, ജലസേചനവും പൊതുജനാരോഗ്യവും, ഭക്ഷ്യവും പൊതുവിതരണവും എന്നിവയാണ് അവ. അനൗദ്യോഗിക അംഗങ്ങൾക്ക് സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ സ്ഥാനമുണ്ട്. സഹകരണം, മഹിളാസമാജം, ഫാർമേഴ്സ് ക്ലബ് തുടങ്ങിയവയിൽ നിന്നും അംഗങ്ങളെ സ്റ്റാൻഡിംഗ് കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യാം. കൂടാതെ ഗ്രാമസഭാ പ്രതിനിധികളായി രണ്ടുപേർ വീതം വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളിലെത്തുന്നുണ്ട്. ചുരുക്കത്തിൽ 5 മുതൽ 20 വരെ അംഗങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രവർത്തനം സജീവമാക്കുന്നു. പഞ്ചായത്ത് തയ്യാറാക്കുന്ന മൈക്രോ പ്ലാൻ ഗ്രാമസഭയുടെ അംഗീകാരത്തിനുശേഷം ബ്ലോക്ക് വഴി ജില്ലയിൽ എത്തുകയും ജില്ലാ പഞ്ചായത്തിന്റെ ശുപാർശയ്ക്ക് വിധേയമായി സംസ്ഥാന ഗവണ്മെന്റ് ഫണ്ട് നൽകുകയും ചെയ്യുന്നു. കർക്കശമായ നിബന്ധനകൾക്ക് വിധേയമായി മാത്രമേ ഫണ്ട് ലഭിക്കുകയുള്ളു. ഈ ഇനത്തിൽ പഞ്ചായത്തിന് ശരാശരി 4 ലക്ഷം രൂപയോളം പ്രതിവർഷം പ്രതീക്ഷിക്കാം. തനത് വരുമാനം പഞ്ചായത്തുകൾക്ക് പരിമിതമാണ്. വിവിധ ഇനങ്ങളിലായി 40,000 രൂപയോളം സമാഹരിക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഉണ്ട്. വീടൊന്നിന് ഏഴ് രൂപ നിരക്കിലാണ് വീട്ടുകരം ഈടാക്കുന്നത്. ഉദ്യോഗസ്ഥരും, പൊതുവായ നിർമ്മാണ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരും പ്രത്യേകമായി തൊഴിൽ നികുതി നൽകണം. പഞ്ചായത്തുകൾക്ക് ജുഡീഷ്യൽ അധികാരങ്ങളുണ്ട് എന്നതാണ് ഇവിടുത്തെ മറ്റൊരു പ്രത്യേകത. സംസ്ഥാനത്ത് 4 പഞ്ചായത്തുകളിൽ വനിതാ ജനപ്രതിനിധികൾ മാത്രമാണ് ഭരണസമിതിയിൽ. ഡി.പി.സി. രൂപീകരിച്ചിട്ടുണ്ടെങ്കിലും മന്ത്രിയാണ് ഡി.പി.സി. ചെയർമാൻ.

## മഹാരാഷ്ട്ര

73, 74 ഭരണഘടനാ ഭേദഗതികൾക്കുശേഷം 1994 ൽ ജില്ലാ ബ്ലോക്കുതല ആക്ടും ഗ്രാമപഞ്ചായത്ത് ആക്ടും നിലവിൽ വന്നു. ഗ്രാമപഞ്ചായത്തുകളിൽ 7 മുതൽ 17 വരെ വാർഡുകൾ ഉണ്ട്. ജനസംഖ്യ 1500 നും 7500 നും ഇടയിലും. വാർഡിലെ ജനസംഖ്യ ശരാശരി 500 ആണ്. ചില വാർഡുകളിൽ ജനറൽ വിഭാഗം കൂടാതെ വനിതകൾക്കും പിന്നോക്കവിഭാഗത്തിനും പ്രത്യേക സംവരണം ഉണ്ട്. ഒരു വാർഡിനെ മൂന്ന് ജനപ്രതിനിധികൾ വരെ പ്രതിനിധീകരിക്കുന്ന അവസ്ഥ ഇതിലൂടെ ഉണ്ടാകുന്നു. എല്ലാ മെമ്പർമാരും ചേർന്നാണ് പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത്. പ്രത്യക്ഷത്തിൽ രാഷ്ട്രീയാടിസ്ഥാനത്തിലല്ല തെരഞ്ഞെടുപ്പെങ്കിലും പലപ്പോഴും രാഷ്ട്രീയ നിറം പ്രകടമാണ്. പഞ്ചായത്തുകളുടെ തനതു വരുമാനം 30,000 രൂപയിൽ അധികം വരില്ല. പഞ്ചായത്ത് അംഗങ്ങൾക്ക് സിറ്റിംഗ് ഫീസും അലവൻസും ലഭിക്കുന്നില്ലെങ്കിലും സർപഞ്ചിന് (പ്രസിഡന്റ്) പരിമിതമായ 300 രൂപ മൂന്നു മാസത്തിൽ ഒരിക്കൽ ലഭിക്കുന്നു. ഗ്രാമസേവകനാണ് പഞ്ചായത്ത് സെക്രട്ടറി. ജില്ലയിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ് അദ്ദേഹത്തെ നിയമിക്കുന്നത്. അത്യാവശ്യ കാര്യങ്ങൾക്ക് താൽക്കാലിക നിയമനങ്ങൾ നടത്താൻ പഞ്ചായത്ത് സമിതിക്ക് അധികാരമുണ്ട്.

ജനുവരി, മാർച്ച്, ഏപ്രിൽ, ഡിസംബർ എന്നീ മാസങ്ങളിൽ ആണ് ഗ്രാമസഭ ചേരുന്നത്. സ്ത്രീകൾക്ക് പ്രത്യേകം ഗ്രാമസഭകൾ ഉണ്ട്. അത്തരം ഗ്രാമസഭകൾ നിയമാനുസൃതമുള്ള ഗ്രാമസഭയ്ക്ക് തലേന്ന് ചേരുന്നു. വനിതാ ഗ്രാമസഭകളുടെ നിർദ്ദേശം കൂടി പരിഗണിക്കുന്നു. പ്രസിഡന്റാണ് ഗ്രാമസഭ വിളിച്ചുചേർക്കേണ്ടത്. ജില്ലാ പരിഷത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പ്രത്യേക നിർദ്ദേശമുണ്ടെങ്കിൽ ഗ്രാമസഭകൾ ചേരണം. പട്ടികജാതി പട്ടികവർഗ്ഗ സംവരണം, സ്ത്രീ സംവരണം ഇവ കൃത്യമായി പാലിക്കുമ്പോൾ 27 ശതമാനം സീറ്റുകൾ പിന്നോക്ക വിഭാഗത്തിന് ലഭിക്കുന്നു. എൺപതോളം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത്, പഞ്ചായത്ത് സമിതി എന്ന പേരിൽ അറിയപ്പെടുന്നു. ബി.ഡി.ഒ. ആണ് പഞ്ചായത്ത് സെക്രട്ടറി. രാഷ്ട്രീയ അടിസ്ഥാനത്തിലാണ് ഇവിടെ തെരഞ്ഞെടുപ്പ് നടക്കുന്നത്. 6 നും 10 നും ഇടയിൽ അംഗങ്ങൾ പഞ്ചായത്ത് സമിതിയിലേക്ക് (ബ്ലോക്ക് പഞ്ചായത്ത്) വരുന്നു. ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷന്മാർക്ക് ഇവിടെ അംഗത്വമില്ല. എന്നാൽ എല്ലാ ആഴ്ചകളിലും ഒരു നിശ്ചിത ദിവസം പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷന്മാരുടെ യോഗം ബ്ലോക്ക് ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേരാറുണ്ട്. തനതു വരുമാനം വിരളമാണെങ്കിലും 20 ശതമാനം സെസ് (ഏകദേശം 7 ലക്ഷം രൂപ) ഈ സമിതികൾക്ക് ലഭിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യ






പഞ്ചായത്ത് രാജ്

ക്ഷൻ ജില്ലാ പഞ്ചായത്തിലും അംഗമാണ്. അവിടെ ഏതെങ്കിലും സ്റ്റാൻഡിംഗ് കമ്മിറ്റിയിലും അംഗമാകുന്നതിന് തടസ്സമില്ല.

**മധ്യപ്രദേശ്**

രണ്ടോ മൂന്നോ ഗ്രാമങ്ങൾ ഉൾപ്പെടുന്നവയാണ് മധ്യപ്രദേശിലെ ഒരു പഞ്ചായത്ത്. ജനസംഖ്യയാണെങ്കിൽ 3000 ൽ താഴെയും. ഓരോ ഗ്രാമത്തിനും ഒരു ഗ്രാമസഭ എന്നു വരുമ്പോൾ പഞ്ചായത്തിൽ രണ്ടോ മൂന്നോ ഗ്രാമസഭകൾ മാത്രം. എന്നാൽ വാർഡുകളുടെ എണ്ണം 15 നും 20 നും ഇടയിലാണ്. അതുകൊണ്ട് ഗ്രാമസഭയെ ഒന്നിൽക്കൂടുതൽ ജനപ്രതിനിധികൾ പ്രതിനിധാനം ചെയ്യുന്നു. പല പഞ്ചായത്തുകളിലും ഭരണസമിതിയാണ് സെക്രട്ടറിയെ നിയമിക്കുന്നത്. ഭരണസമിതി കാലാവധി തികച്ച് പുറത്തുപോകുമ്പോൾ സെക്രട്ടറിയും ആ പാത പിന്തുടരുന്നു. സെക്രട്ടറിയെ ഭരണകാര്യങ്ങളിൽ സഹായിക്കാൻ മറ്റുദ്യോഗസ്ഥരില്ല. എന്നാൽ രണ്ടോ മൂന്നോ സന്നദ്ധ പ്രവർത്തകർ പഞ്ചായത്തിൽ സ്ഥിരസേവകരായുണ്ട്. പഞ്ചായത്തുകൾക്ക് തനതു വരുമാനം കുറവാണ്. വിവിധ നികുതിയിനങ്ങളിലൂടെ 30,000 രൂപയെങ്കിലും സ്വരൂപിച്ചാൽ മികച്ച പഞ്ചായത്തെന്ന ഖ്യാതി നേടാം. ജനപ്രതിനിധികൾ തങ്ങളുടെ പ്രവർത്തനം സാമൂഹ്യപ്രവർത്തനമായി കാണുന്നു. ഓണറേറിയമോ സിറ്റിംഗ് ഫീസോ അവർക്ക് ലഭിക്കുന്നില്ല. സർപഞ്ചിന് (പ്രസിഡന്റ്) നൂറ്റ് അമ്പത് രൂപ എന്ന തോതിൽ പ്രതിമാസ അലവൻസ് നിജപ്പെടുത്തിയിട്ടുണ്ട്.

**ജനപ്രതിനിധികളെ തിരിച്ചുവിളിക്കാം**

മധ്യപ്രദേശിലെ ഗ്രാമസഭയ്ക്കുള്ള പ്രത്യേക അധികാരം ജനപ്രതിനിധികളെ തിരിച്ചുവിളിക്കുന്നതിൽ എത്തിനിൽക്കുന്നു. ഒരു വാർഡിലെ മൂന്നിലൊന്നുപേർ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ ഗ്രാമസഭ വിളിച്ചുചേർക്കണം. പങ്കെടുത്തവരിൽ ഭൂരിപക്ഷം എതിർത്ത് വോട്ടുചെയ്യുകയാണെങ്കിൽ മെമ്പർക്ക് സ്ഥാനം നഷ്ടപ്പെടും. തെരഞ്ഞെടുക്കപ്പെട്ട് രണ്ടര വർഷങ്ങൾക്കുശേഷമേ ഈ അധികാരം പ്രയോഗിക്കാൻ പാടുള്ളു എന്നാണ് നിയമം. സർപഞ്ചിനാണ് ഗ്രാമസഭ വിളിച്ചുചേർക്കുന്നതിനുള്ള അധികാരം. സഭയിൽ മൂന്നിലൊന്ന് സ്ത്രീപങ്കാളിത്തം നിർബന്ധമാണ്. ഗുണഭോക്താക്കളെ കണ്ടെത്തലും പ്രവൃത്തികളുടെ മുൻഗണന നിശ്ചയിക്കലും ഗ്രാമസഭകളുടെ അധികാരപരിധിയിൽപ്പെടുന്നു.

**വീടൊന്നിന് ഏഴ് രൂപ നിരക്കിലാണ് വീട്ടുകരം ഈടാക്കുന്നത്. ഉദ്യോഗസ്ഥരും, പൊതുവായ നിർമ്മാണ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരും പ്രത്യേകമായി തൊഴിൽ നികുതി നൽകണം. പഞ്ചായത്തുകൾക്ക് ജുഡീഷ്യൽ അധികാരങ്ങളുണ്ട് എന്നതാണ് ഇവിടുത്തെ മറ്റൊരു പ്രത്യേകത. സംസ്ഥാനത്ത് 4 പഞ്ചായത്തുകളിൽ വനിതാ ജനപ്രതിനിധികൾ മാത്രമാണ് ഭരണസമിതിയിൽ. ഡി.പി.സി. രൂപീകരിച്ചിട്ടുണ്ടെങ്കിലും മന്ത്രിയാണ് ഡി.പി.സി. ചെയർമാൻ.**

**കർണ്ണാടകം**

അധികാരവികേന്ദ്രീകരണത്തിൽ കർണ്ണാടക ജനത 1987 ലേക്ക് ഒരു തിരിച്ചുപോക്ക് ആഗ്രഹിക്കുന്നുവെങ്കിൽ അത്ഭുതപ്പെടാനില്ല. അശോക് മേത്താ കമ്മീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കർണ്ണാടക പഞ്ചായത്ത് രാജ് ആക്ട് 1987 മുതൽ രണ്ടുവർഷക്കാലം പ്രായോഗിക തലത്തിൽ എത്തിയപ്പോൾ അത് ഒരു ജനതയുടെ സ്വപ്നസാക്ഷാത്ക്കാരമായി മാറി. 73, 74 ഭരണഘടനാ ഭേദഗതിക്ക് മുമ്പുതന്നെ ഇന്ത്യൻ ഭരണഘടനയുടെ പിൻബലമില്ലാതെ നടപ്പാക്കിയ വികേന്ദ്രീകൃത ഭരണസംവിധാനം എന്തുകൊണ്ടും ഇന്ത്യയുടെ അധികാരവികേന്ദ്രീകരണ ചരിത്രത്തിൽ കർണ്ണാടകത്തിന് സുപ്രധാനമായ സ്ഥാനം നേടിക്കൊടുക്കുകയുണ്ടായി. താഴെ മണ്ഡൽ പഞ്ചായത്തിലൂടെയും മുകളിൽ ജില്ലാ പരിഷത്തിലൂടെയും ഈ സംവിധാനം കർമ്മനിരതമായപ്പോൾ മധ്യതലമായ താലൂക്ക് സമിതികൾ പരസ്പരം ഏകോപനത്തിന്റെ അന്തരീക്ഷം ഒരുക്കി.

ജില്ലാ പരിഷത്തിന്റെ കീഴിൽ ജില്ലാ ഭരണകൂടം ശക്തമായ സ്വതന്ത്ര യൂണിറ്റായി നിലകൊണ്ടു. ജില്ലാപരിഷത്ത് അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും സംസ്ഥാന മന്ത്രിയുടേയും ഉപമന്ത്രിയുടെയും ശമ്പളവും പദവിയും ലഭിച്ചു. ചീഫ് സെക്രട്ടറി പ്രധാന കാര്യനിർവ്വഹണ ഉദ്യോഗസ്ഥനും ജില്ലാ പരിഷത്ത് അദ്ധ്യക്ഷന്റെ ആജ്ഞാനുവർത്തിയും ആയി. അങ്ങനെ വിവിധ വകുപ്പുകളും ജില്ലാതല ഉദ്യോഗസ്ഥരും പൂർണ്ണമായും ഒരു കുടക്കീഴിൽ ഏകോപിപ്പിക്കപ്പെട്ടു. പ്ലാൻ വിഹിതമായി 37 ശതമാനവും നോൺ പ്ലാൻ ഇനത്തിൽ 27 ശതമാനവും അനായാസമായി ജില്ലയിലെത്തി, ഒപ്പം വേണ്ടുവോളം അധികാരങ്ങളും. സംവരണ കാര്യത്തിലും മാതൃക കാട്ടിയിരുന്നു. 18 ശതമാനം സീറ്റ് പട്ടികജാതിക്കാർക്ക് നീക്കിവെച്ചപ്പോൾ സ്ത്രീകൾക്ക് 25 ശതമാനം ലഭിച്ചു. ജില്ലാ പ്ലാൻ തയ്യാറാക്കൽകൂടി നിർവ്വഹിച്ചപ്പോൾ ജില്ലാ ഭരണകൂടത്തിന് വ്യക്തമായ വികസന കാഴ്ചപ്പാട് കൈവന്നു. സംസ്ഥാന ഗവണ്മെന്റിന് ജില്ലാ പരിഷത്തിലും, ജില്ലാ പരിഷത്തിന് മണ്ഡൽ പഞ്ചായത്തിലും കാര്യമായ നിയന്ത്രണമൊന്നും ഇല്ലാതെ വന്നതോടെ യഥാർത്ഥ പ്രാദേശിക സർക്കാരുകൾ സംസ്ഥാനത്ത് ഉടനീളം രൂപപ്പെട്ടുവന്നു.

ഈ ഘട്ടത്തിൽ താലൂക്ക് പഞ്ചായത്തിന്റെ പ്രവർത്തനം ഉപദേശക പദവിയിൽ മാത്രമായി നിലനിന്നു. സ്ഥലം എം.എൽ.എ. സമിതിയുടെ പ്രസിഡന്റായപ്പോൾ സ്വന്തം മണ്ഡലത്തിലെ വികസനങ്ങൾക്കപ്പുറം സമിതിയുടെ പ്രവർത്തനം വ്യാപിച്ചില്ല. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും, പ്രവൃത്തിയുടെ മുൻഗണന തീരുമാനിക്കുന്നതിനും വർഷത്തിൽ രണ്ടുപ്രാവശ്യം ചേരുന്ന ഗ്രാമസഭകൾ അടിസ്ഥാന അധികാര കേന്ദ്രങ്ങളായി നിലകൊണ്ടു.

ജില്ലാ പരിഷത്തിന്റെ നിർവ്വഹണ ഏജൻസികൾ എന്നതിലുപരി മണ്ഡൽ പഞ്ചായത്തുകൾ വിവിധ വികസന പരിപാടികൾ ഏറ്റെടുത്ത് നടത്തുകയുണ്ടായി. ഗ്രാമസഭകളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ മാനിച്ചുകൊണ്ടായിരുന്നു









**അധികാരവികേന്ദ്രീകരണത്തിൽ കർണ്ണാടക ജനത 1987ലേക്ക് ഒരു തിരിച്ചുപോക്ക് ആഗ്രഹിക്കുന്നുവെങ്കിൽ അത്ഭുതപ്പെടാനില്ല. അശോക് മേത്താ കമ്മീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കർണ്ണാടക പഞ്ചായത്ത് രാജ് ആക്ട് 1987 മുതൽ രണ്ടുവർഷക്കാലം പ്രായോഗിക തലത്തിൽ എത്തിയപ്പോൾ അത് ഒരു ജനതയുടെ സ്വപ്നസാക്ഷാത്ക്കാരമായി മാറി. 73, 74 ഭരണഘടനാ ഭേദഗതിക്ക് മുമ്പുതന്നെ ഇന്ത്യൻ ഭരണഘടനയുടെ പിൻബലമില്ലാതെ നടപ്പാക്കിയ വികേന്ദ്രീകൃത ഭരണസംവിധാനം എന്തുകൊണ്ടും ഇന്ത്യയുടെ അധികാരവികേന്ദ്രീകരണ ചരിത്രത്തിൽ കർണ്ണാടകത്തിന് സുപ്രധാനമായ സ്ഥാനം നേടിക്കൊടുക്കുകയുണ്ടായി.**

ജില്ലാ പരിഷത്തിലേക്ക് വികസനാവശ്യങ്ങൾ ഉന്നയിക്കപ്പെട്ടത്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നിരവധി മാർഗ്ഗങ്ങൾ അവർ കണ്ടെത്തി. 2 കോടിയിലേറെ സ്വന്തവരുമാനമുള്ള പഞ്ചായത്തുകൾ കർണ്ണാടകയിലുണ്ട്. പഞ്ചായത്ത് സെക്രട്ടറിയെ ജില്ലാ പരിഷത്ത് നിയമിച്ചപ്പോൾ മറ്റു ജീവനക്കാരുടെ നിയമനം പൂർണ്ണമായും പഞ്ചായത്തിന്റെ അധികാരപരിധിയിൽ വന്നു.

**പശ്ചിമ ബംഗാൾ**

ആയിരത്തിതൊള്ളായിരത്തി എഴുപത്തിഎട്ടിനു ശേഷം കൃത്യമായി ഓരോ അഞ്ചുവർഷം കൂടുമ്പോഴും തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തി എന്ന ഖ്യാതി ലഭിച്ച ഏക സംസ്ഥാനമാണ് പശ്ചിമബംഗാൾ. അധികാരവികേന്ദ്രീകരണ രംഗത്ത് കേരളത്തോടൊപ്പം നടന്നെത്താൻ ശ്രമിക്കുന്ന ഈ സംസ്ഥാനത്തിന് പല മേഖലകളിലും സമാനതകൾ കാണാൻ സാധിക്കും. രാഷ്ട്രീയാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതികൾ മൂന്നുതലങ്ങളിലുമുള്ള വികേന്ദ്രീകൃത ഭരണം കയ്യാളുന്നു എന്നതാണ് മറ്റൊരു പ്രത്യേകത.

പതിനായിരത്തിനും പതിനയ്യായിരത്തിനുമിടയിലാണ് പഞ്ചായത്തിലെ ജനസംഖ്യ. അധികാരവികേന്ദ്രീകരണത്തിന് അടിസ്ഥാന ഘടകമായി വർത്തിക്കുന്ന വാർഡുകളിലെ സഭകൾ ഗ്രാമസൻസദ് എന്ന പേരിൽ അറിയപ്പെടുന്നു. എഴുന്നൂറോളം വോട്ടർമാർ ഇതിൽ അംഗങ്ങളാണ്. മെയ്, നവംബർ മാസങ്ങളിലാണ് യോഗം ചേരുന്നത്. പത്തിലൊന്ന് പ്രാതിനിധ്യം ഉണ്ടെങ്കിലേ ക്വാറം തികയുകയുള്ളു. ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളിലെ ഗുണഭോക്താക്കളെ കണ്ടെത്തൽ, പ്രവൃത്തിയുടെ മുൻഗണന തീരുമാനിക്കൽ, പഞ്ചായത്തിന്റെ വരവു ചെലവ് അംഗീകരിക്കൽ തുടങ്ങിയവ പ്രധാന ചുമതലകളിൽപ്പെടുന്നു. കൂടാതെ ഗ്രാമ ഉന്നയൻ സമിതി എന്ന വികസന സമിതി ഗ്രാമ സൻസദിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നു. ഇവ കൂടാതെ പഞ്ചായത്തിന് പ്രത്യേക ഗ്രാമസഭയുമുണ്ട്. അത് പഞ്ചായത്തിലെ ആകെ വോട്ടർമാരുടെ ജനറൽ ബോഡിയാണ്. ഗ്രാമസഭാ തീരുമാനം അന്തിമമാക്കുന്നത് സർസദിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചാണ്. സൻസദ് നിർദ്ദേശിക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ തിരുത്തലുകൾ വരുത്താൻ ഗ്രാമസഭയ്ക്ക് അധികാരമില്ല. ഓരോ വർഷവും ഡിസംബറിൽ നടക്കുന്ന ജനറൽ ബോഡി കൂടാതെ ഗ്രാസഭയ്ക്ക് അർദ്ധ വാർഷിക യോഗവുമുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രധാൻ എന്നറിയപ്പെടുന്നു. പഞ്ചായത്ത് അംഗങ്ങളിൽ നിന്നാണ് അദ്ദേഹത്തെ തെരഞ്ഞെടുക്കുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സ്കീമുകൾ തയ്യാറാക്കുന്നത് ഗ്രാമപഞ്ചായത്താണെങ്കിലും വികസന ആവശ്യങ്ങൾക്ക് സംസ്ഥാന ഗവണ്മെന്റ് താഴേത്തട്ടിലേക്ക് നൽകുന്ന 50 ശതമാനം ഫണ്ടിലും ഡിപ്പാർട്ടുമെന്റുകൾക്ക് നിർണ്ണായകമായ അധികാരമുണ്ട്. ആസൂത്രണത്തിലും നിർവ്വഹണത്തിലും ഇത് പ്രകടമാണ്. ജില്ലാ പ്ലാനുകളിലും ബ്യൂറോക്രസിയുടെ മേധാവിത്വം കാണാം. ഗ്രാമ പഞ്ചായത്തുകളെ ഭരണകാര്യങ്ങളിൽ ആറ് ഉപസമിതികൾ സഹായിക്കുന്നു. ഉപസമിതികൾക്ക് പഞ്ചായത്ത് അധികാരം കൈമാറിയിട്ടുണ്ട്. ഇവ രണ്ടുമാസത്തിലൊരിക്കൽ യോഗം ചേരുന്നു. കേന്ദ്രാവിഷ്കൃത പരിപാടികളുടെ സിംഹഭാഗവും കൈകാര്യം ചെയ്യുന്നത് ഗ്രാമപഞ്ചായത്താണ്. ബ്ലോക്ക്, ജില്ലാ സ്കീമുകൾ നടപ്പാക്കുന്നതിനും പ്രത്യേക വിഹിതം ലഭിക്കുന്നു. കൂടാതെ നികുതി -നികുതിയേതര മാർഗ്ഗങ്ങളിലൂടെ സ്വന്തം വരുമാനവുമുണ്ട്.

**കേരളം**

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക സർക്കാരുകളെന്ന രീതിയിൽ പ്രവർത്തിക്കാനുള്ള പശ്ചാത്തലം ഇന്നു നിലനിൽക്കുന്നതായി കാണാം. കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ ആവിഷ്കരിക്കുന്ന സ്കീമുകളുടെ നിർവ്വഹണ ഏജൻസികൾ എന്ന സ്ഥിതി മാറി സ്വതന്ത്രമായി പദ്ധതി രൂപീകരിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനുമുള്ള അധികാരവും വിഭവവും അവയ്ക്ക് ലഭിച്ചിരിക്കുകയാണ്. ഇതിനനുസൃതമായി വിഭവ വികേന്ദ്രീകരണവും ഉദ്യോഗസ്ഥ പുനർവിന്യാസവും നടന്നുകഴിഞ്ഞു. സംസ്ഥാന പദ്ധതിവിഹിതത്തിന്റെ മൂന്നിലൊന്ന് പരിമിതമായ നിർദ്ദേശങ്ങളിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളിലെത്തുന്നു എന്നതാണ് ഒരു പ്രത്യേകത. ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഇങ്ങനെ ഉപാധിരഹിതമായി ഫണ്ട് ലഭിക്കുന്നില്ല. കൂടാതെ കൈമാറ്റം ചെയ്യപ്പെട്ട വിവിധ സ്ഥാപനങ്ങൾ നിർവ്വഹണ കേന്ദ്രങ്ങളായി പ്രാദേശിക ഭരണസംവിധാനത്തിൽ വന്നുകഴിഞ്ഞു. ഗ്രാമസഭകൾക്കുള്ള പ്രത്യേക അധികാരങ്ങളും ശ്രദ്ധേയമാണ്. കീഴ്മേൽ ബന്ധങ്ങളെക്കുറിച്ചുള്ള ഗാന്ധിയൻ സങ്കൽപത്തിനനുസൃതമായിട്ടാണ് (Subsidiarity) ത്രിതല പഞ്ചായത്തുകളുടേയും നഗരസഭകളുടേയും അധികാരങ്ങൾ നിർവചിച്ചിട്ടുള്ളത്. ത്രിതല പഞ്ചായത്തുകൾ ഒന്ന് മറ്റൊന്നിന്റെ നിയന്ത്രണത്തിലല്ലാതെയും പരസ്പരപൂരകമായും പ്രവർത്തിക്കുന്നു.■

*ലേഖകൻ*
*കില ഡയറക്ടറാണ്*

പഞ്ചായത്ത് രാജ്

# അധികാര വികേന്ദ്രീകരണവും സ്ത്രീശാക്തീകരണവും

**പി.കെ. രാജഗോപാൽ**

മാർച്ച് 8 അന്താരാഷ്ട്ര തലത്തിൽ നാം വനിതാദിനമായി ആചരിച്ചു വരുന്നു. സ്ത്രീകളുടെ അവകാശങ്ങളുമായി ബന്ധപ്പെടുത്തി നിരവധി ചർച്ചകളും സെമിനാറുകളും സംവാദങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ ദിനത്തിൽ നടന്നു വരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നിരവധി മനുഷ്യാവകാശ പ്രശനങ്ങളാണ് ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്നത്. സാമുഹ്യ സാമ്പത്തിക,സാംസ്കാരിക,വിദ്യാഭ്യാസ,ആരോഗ്യ,രാഷ്ട്രീയ മേഖലകളിൽ സ്ത്രീകൾ നിരവധി പ്രശ്നങ്ങളാണ് അഭിമുഖീകരിക്കുന്നത്. ജനസംഖ്യാനുപാതികമായി സ്ത്രീകൾക്ക് ലഭിക്കേണ്ട പ്രാതിനിധ്യം ഭരണ,നിയമനിർമ്മാണ മേഖലകളിൽ ഇനിയും ലഭിച്ചിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. ഈ യാഥാർത്ഥ്യത്തെ ആർക്കും നിഷേധിക്കാനാകില്ല. ഇന്ന് ശാസ്ത്ര സാങ്കേതിക കലാകായിക വിദ്യാഭ്യാസ മേഖലകളിൽ സ്ത്രീകൾ ഏറെ മുന്നിലാണ്. സ്ത്രീ സുരക്ഷയും സ്ത്രീ ശാക്തീകരണവും ഉറപ്പാക്കി സാമുഹ്യനീതി കൈവരിക്കണമെങ്കിൽ മനുഷ്യാവകാശങ്ങൾ പുർണ്ണമായുംസംരക്ഷിക്കണം. ഇതിനായി ജനപ്രാതിനിധ്യ നിയമങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാണ്.

### സ്ത്രീകളും മനുഷ്യാവകാശ സംരക്ഷണവും

സ്ത്രീ ശാക്തീകരണത്തിനായി മുറവിളികൂട്ടുമ്പോഴും നിരവധി മനുഷ്യാവകാശ പ്രശ്നങ്ങളാണ് സ്ത്രീകൾ അഭിമുഖീകരിക്കുന്നത്. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ ഏറിവരുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോയികൊണ്ടിരിക്കുന്നത്. സ്വന്തം വീടുകളിൽ മാത്രമല്ല തൊഴിൽ മേഖലകളിലും പൊതുസ്ഥലങ്ങളിലും യാത്രാവേളകളിലുമൊക്കെ സ്ത്രീകൾക്ക് പീഡനങ്ങൾ ഏൽക്കേണ്ടിവരുന്നു പിഞ്ചുകുട്ടികൾ മുതൽ വൃദ്ധരായ സ്ത്രീകൾവരെ പീഡനങ്ങൾക്കിരയാകുന്നു.സ്ത്രീകൾക്ക് നേരെയുള്ള ലൈംഗീകാതിക്രമങ്ങൾ ഏറിവരുന്നത് ഗൗരവമായി കാണണം. സമൂഹത്തിൽ നിലനിൽക്കുന്ന അമിത മദ്യപാനം, ലഹരിമരുന്നിന്റെ ഉപയോഗം എന്നിവ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾക്ക് കാരണമായി മാറുന്നതായി നിരവധി സംഭവങ്ങൾ തെളിയിക്കുന്നു. മൊബൈൽഫോണുകളുടെ ദുരുപയോഗം സ്ത്രീകൾക്ക് ഭീഷണിയായി മാറികഴിഞ്ഞു. സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനങ്ങളും കൊലപാതകങ്ങളും ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല. സ്ത്രീധന നിരോധനനിയമം,ഗാർഹികപീഡന നിരോധന നിയമം തുടങ്ങിയ നിയമങ്ങൾ നിലവിലുള്ളപ്പോൾ തന്നെ ഇവിടെ സ്ത്രീസുരക്ഷ ഒരു പ്രശ്നമായി നിലനിൽക്കുന്നു. സ്ത്രീസുരക്ഷയ്ക്കായി നിരവധി വനിതാ സംഘടനകളും വനിതാ കമ്മീഷനും മനുഷ്യാവകാശ പ്രവർത്തകരും മുന്നോട്ടുവന്നു കഴിഞ്ഞു. ഭരണഘടനയിലും സാർവ്വത്രിക മനുഷ്യാവകാശ പ്രഖ്യാപനത്തിലും സ്ത്രീകളുടെ അവകാശങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ട്.

### സ്ത്രീ ശാക്തീകരണം ഗ്രാമതലത്തിൽ

ഭാരതത്തിന്റെ ചരിത്രത്തിൽ ജനസംഖ്യാനു പാതികമായി പ്രാതിനിധ്യം സ്ത്രീകൾ നേടിയത് ത്രിതലപഞ്ചായത്ത് സംവിധാനത്തിലായിരുന്നു. 73,74 ഭരണഘടനാ ഭേദഗതിയിലൂടെ ത്രിതല പഞ്ചായത്തുകളിൽ സ്ത്രീകൾക്ക് 33 ശതമാന സംവരണം ഉറപ്പാക്കി. ഈ സംവരണം ത്രിതല പഞ്ചായത്ത് അദ്ധ്യക്ഷ പദവികളിലടക്കം ഉറപ്പാക്കി. ഇന്ന് ഈ സംവരണം 50 ശതമാനമായി മാറി കഴിഞ്ഞു. ഇതുപ്രകാരം ആകെയുള്ള ത്രിതല ഭരണസമിതികളിലെ അൻപത് ശതമാനത്തോളം അദ്ധ്യക്ഷ പദവികൾ വനിതകളാണ്. സ്ത്രീകളുടെ പങ്കാളിത്തം സമസ്ത മേഖലകളിലും ഉറപ്പാക്കാൻ അധികാരവികേന്ദ്രീകരണത്തിലൂടെ കഴിഞ്ഞു. സ്ത്രീകൾ പൊതുധാരാ രാഷ്ട്രീയത്തിലെത്തിയതോടെ ഗ്രാമവികസനത്തിൽ സ്ത്രീ പങ്കാളിത്തം ഏറുകയും ഗ്രാമങ്ങളിൽ പുത്തനുണർവ്വ് പ്രകടമാവുകയും ചെയ്തു. ഗ്രാമസഭകളിൽ കാണുന്ന സ്ത്രീപങ്കാളിത്തം സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കിയതിന് തെളിവായി കണക്കാക്കാം. കൂടാതെ ഗ്രാമീണ സ്ത്രീകൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യുന്ന ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സ്ത്രീ ശാക്തീകരണത്തിന് ഏറെ സഹായകരമായി. കുടുംബശ്രീ, ജനശ്രീ, സ്വയം സഹായ സംഘങ്ങൾ എന്നിവയും സ്ത്രീ ശാക്തീകരണത്തിന് ആക്കം കൂട്ടി. പുരുഷൻമാർക്കൊപ്പം സ്ത്രീകളും തൊഴിൽ മേഖലകളിലെത്തിയതോടെ കുടുംബങ്ങൾ സ്വയംപര്യാപ്തമാകാൻ തുടങ്ങി. ഇത്തരത്തിൽ സ്വയംപര്യാപ്ത ഗ്രാമങ്ങൾ എന്ന ഗാന്ധിജിയുടെ സ്വപ്നം സാക്ഷാൽക്കരിക്കുവാൻ സ്ത്രീ ശാക്തീകരണത്തിലൂടെ കഴിഞ്ഞു.

ഗ്രാമീണതലത്തിൽ സ്ത്രീകളുടെ കൂട്ടായ്മയിലൂടെ അച്ചാറുകൾ നിർമ്മിക്കുകയും പലഹാരങ്ങൾ പായ്ക്കറ്റുകളിലാക്കി വിപണിയിലെത്തിക്കുവാനും അത്തരത്തിൽ ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തു വാനും കഴിഞ്ഞു. തങ്ങൾ അബലകളെല്ലാം പ്രബലരാണെന്നുമുള്ള ബോധം സ്ത്രീകളിൽ വളർത്തുവാൻ ഇതിലൂടെ കഴിഞ്ഞു. കൂട്ടായ്മയിലൂടെ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുവാനും ഇതിലൂടെ കീടനാശിനികളും രാസവളങ്ങളും ഉപയോഗിക്കാത്ത നല്ല പച്ചക്കറി ലഭ്യമാക്കാനും കഴിഞ്ഞു. കുടുംബശ്രീ യൂണിറ്റുകൾ നടത്തുന്ന ഭക്ഷണശാലകൾ ജനശ്രദ്ധ ആകർഷിച്ചു കഴിഞ്ഞു ഗ്രാമതലങ്ങളിൽ സ്ത്രീശാക്തീകരണത്തിലുടെ ബാലവേല പോലുള്ള വിപത്തുകൾ തടയുവാനും കുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രോൽസാഹിപ്പിക്കുവാനും സഹായകരമായി.

വനിതാപ്രാതിനിധ്യം യാഥാർത്ഥ്യമായതോടെ ഗ്രാമങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാനായി. സ്ത്രീകളുടെ പൊതുവായ പ്രശ്നങ്ങൾക്ക് പരിഹാരംകാണാൻ വനിതാ പ്രതിനിധികൾ രംഗത്തെത്തിയതോടെ സ്ത്രീകൾക്കിടയിൽ ആത്മധൈര്യം വർദ്ധിച്ചു. ഗാർഹിക പീഡനം, സ്ത്രീധനപീഡനം, ലൈംഗികപീഡനങ്ങൾ എന്നിവയ്ക്ക് അറുതി വരുത്താൻ കഴിഞ്ഞു. സ്ത്രീകൾക്ക് അവരുടെ അവകാശ ങ്ങളെ കുറിച്ച് ബോധം വളർത്തുവാനും അതിലൂടെ അവകാശ ലംഘനങ്ങൾ തടയുവാനും സാധിച്ചു.

സ്ത്രീ ശാക്തീകരണം പൂർണ്ണമാകണമെങ്കിൽ സ്ത്രീകൾക്കിടയിൽ നിലനിൽക്കുന്ന നിരക്ഷരത പൂർണ്ണമായും തുടച്ചു നീക്കണം. ഇന്ത്യയിൽ സ്ത്രീ സാക്ഷരത 65.46% മാത്രമാണ്. പുരുഷന്മാരിൽ 82.14% പേർ സാക്ഷരരാണ്. കേരളത്തിൽ സ്ത്രീ സാക്ഷരത ഏറ്റവും കൂടുതലാണ് 92.0%. ബീഹാറിലും രാജസ്ഥാനിലുമാണ് സ്ത്രീ സാക്ഷരത ഏറ്റവും കുറവ്. ഇന്ത്യയിലെ സാക്ഷരതാ നിരക്ക് കുറവ് ഗ്രാമീണ മേഖലകളിലാണ്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ട് നിരക്ഷരത പൂർണ്ണമായും തുടച്ചുനീക്കാനുള്ള ശ്രമങ്ങളാണ് ഇനി ആവശ്യം.

സ്ത്രീ ശാക്തീകരണത്തിലൂടെ മാത്രമേ ഗ്രാമവികസനംസാധ്യമാകൂ. ഗ്രാമവികസനത്തിലൂടെ മാത്രമേ രാഷ്ട്ര വികസനവും നേടാൻ കഴിയൂ. ഈ യാഥാർത്ഥ്യം മനസ്സിലാക്കി കൂട്ടായ ശ്രമങ്ങൾ അനിവാര്യമാണ്. ■

*ലേഖകൻ ചങ്ങനാശ്ശേരി എൻഎസ്സ്എസ്സ് ഹിന്ദു കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറാണ്*

**ഇന്ത്യയിലെ സാക്ഷരതാ നിരക്ക് 2011 സെൻസസ് പ്രകാരം**

| Sl. No | State | Literacy Rate | Male Literacy Rate | Female Literacy Rate |
|---|---|---|---|---|
| 1 | Andaman & Nicobar Islands | 86.3% | 90.1% | 81.8% |
| 2 | Andhra Pradesh | 67.7% | 75.6% | 59.7% |
| 3 | Arunachal Pradesh | 67.0% | 73.7% | 59.6% |
| 4 | Assam | 73.2% | 78.8% | 67.3% |
| 5 | Bihar | 63.8% | 73.5% | 53.3% |
| 6 | Chandigarh | 86.4% | 90.5% | 81.4% |
| 7 | Chattisgarh | 71.0% | 81.5% | 60.6% |
| 8 | Dadra & Nagar Haveli | 77.7% | 86.5% | 65.9% |
| 9 | Daman & Diu | 87.1% | 91.5% | 79.6% |
| 10 | Delhi | 86.3% | 91.0% | 80.9% |
| 11 | Goa | 87.4% | 92.8% | 81.8% |
| 12 | Gujarat | 79.3% | 87.2% | 70.7% |
| 13 | Haryana | 76.6% | 85.4% | 66.8% |
| 14 | Himachal Pradesh | 83.8% | 90.8% | 76.6% |
| 15 | Jammu and Kashmir | 68.7% | 78.3% | 58.0% |
| 16 | Jharkhand | 67.6% | 78.5% | 56.2% |
| 17 | Karnataka | 75.6% | 82.8% | 68.1% |
| 18 | Kerala | 93.9% | 96.0% | 92.0% |
| 19 | Lakshadweep | 92.3% | 96.1% | 88.2% |
| 20 | Madhya Pradesh | 70.6% | 80.5% | 60.0% |
| 21 | Maharashtra | 82.9% | 89.8% | 75.5% |
| 22 | Manipur | 79.8% | 86.5% | 73.2% |
| 23 | Meghalaya | 75.5% | 77.2% | 73.8% |
| 24 | Mizoram | 91.6% | 93.7% | 89.4% |
| 25 | Nagaland | 80.1% | 83.3% | 76.7% |
| 26 | Orissa | 73.5% | 82.4% | 64.4% |
| 27 | Puducherry | 86.5% | 92.1% | 81.2% |
| 28 | Punjab | 76.7% | 81.5% | 71.3% |
| 29 | Rajasthan | 67.1% | 80.5% | 52.7% |
| 30 | Sikkim | 82.2% | 87.3% | 76.4% |
| 31 | Tamil Nadu | 80.3% | 86.8% | 73.9% |
| 32 | Tripura | 87.8% | 92.2% | 83.1% |
| 33 | Uttar Pradesh | 69.7% | 79.2% | 59.3% |
| 34 | Uttarakhand | 79.6% | 88.3% | 70.7% |
| 35 | West Bengal | 77.1% | 82.7% | 71.2% |
|  | **INDIA** | **74.04%** | **82.14%** | **65.46%** |



വിനു. എ

# ജനാധിപത്യവും പ്രാദേശികഭരണവും



ഇന്ത്യൻ ജനാധിപത്യം വെല്ലുവിളികളെ നേരിടുന്ന കാലമാണിത്. ജനാധിപത്യത്തിന്റെ വികാസത്തിന് താഴേത്തട്ട് മുതലുള്ള ക്രമീകരണങ്ങൾ ശക്തമാകേണ്ടതാണ്. ഇന്ത്യയിലെ ജനാധിപത്യ സംസ്കൃതി വർഷങ്ങളായി തുടർന്നു പോരുന്നതാണ്. ജനാധിപത്യത്തിലേക്ക് കടന്ന പല രാഷ്ട്രങ്ങളും ജനാധിപത്യത്തെ കൈവിടുകയും ഏകാധിപത്യത്തിലോ സമാനമായ സാഹചര്യത്തിലോ എത്തിചേർന്നുവെന്ന് കാണാൻ സാധിക്കും. എന്നാൽ ഇന്ത്യ ജനാധിപത്യത്തെ നിലനിർത്തുകയും അതിനെ ശക്തമാക്കുകയും ചെയ്തു. എങ്കിലും സാമൂഹ്യ, സാമ്പത്തികരംഗം സംജാതമാക്കുന്ന പുതിയ പ്രവണതകൾ ജനാധിപത്യത്തെ ദുർബലപ്പെടുത്തുന്നതിനുള്ള നീക്കങ്ങളായി മാറ്റപ്പെടുന്നുണ്ടോയെന്നുള്ള കാര്യം പരിഗണിക്കേണ്ടതാണ്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ കരുത്ത് അത് പാശ്ചാത്യരാഷ്ട്രീയ ചിന്താധാരയെയോ സങ്കൽപ്പങ്ങളെയോ പിൻപറ്റി വളർന്നതല്ലായെന്നതാണ്. ഭാരതീയ പൈതൃകത്തിന്റെ വഴിത്താരകളിൽ അതിന്റെ ശേഷിപ്പുകളുണ്ട്. ജാതീയതയും മതചിന്തയും ശക്തമായി നിന്ന കാലത്ത് ചില പ്രശ്നങ്ങൾ ചൂണ്ടികാണിക്കാമെങ്കിലും ജനാധിപത്യത്തിന്റെ രീതികൾ പാലിച്ചിരുന്നുവെന്ന് കാണാനാവും. ജനപഥങ്ങളും ജനസഭകളുമെല്ലാം അതിന്റെ ഭാഗമായിരുന്നു. പക്ഷേ, മറ്റൊരു സംസ്ക്കാരത്തിന് അടിമയായ മൂന്നുനൂറ്റാണ്ടുകൾ നമ്മുടെ സാഹചര്യങ്ങൾ ഏറെ മാറ്റി. വൈദേശികഭരണകാലത്ത് ജനാധിപത്യ രീതികളെ മാനിച്ചിരുന്നില്ലായെന്ന് കാണാം. മുകളിൽ നിന്നും അടിച്ചേൽപ്പിക്കുന്ന ഭരണക്രമത്തിൽ തദ്ദേശീയരുടെ പ്രാതിനിധ്യം പേരിനു മാത്രമായിരുന്നു. ഏറെ മുറവിളികൾക്കും സമരങ്ങൾക്കുമൊടുവിലാണ് ഇന്ത്യക്കാരായ ദേശീയവാദികൾ ജനാധികാരസഭകളിൽ പ്രാതിനിധ്യം നേടുന്നത്.

ഇതിനെ പൂർണ്ണമായ അർത്ഥത്തിൽ ജനാധിപത്യമായി കാണാനാവില്ലായെങ്കിലും ചില ക്രമീകരണങ്ങൾ ഈ രംഗത്തുണ്ടാക്കാൻ സാധിച്ചു. എല്ലാവർക്കും തുല്യവകാശമുള്ള തെരഞ്ഞെടുപ്പുക്രമത്തിലൂടെ നിയമസഭകൾ രൂപീകരിക്കുകയെന്ന ലക്ഷ്യത്തിലേക്ക് എത്തിചേർന്നത് ശ്രമകരമായ പ്രവർത്തനങ്ങളിലൂടെയായിരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന സഭ നിയമനിർമ്മാണം നടത്തുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുന്ന വ്യവസ്ഥിതി ഏറെ പ്രതീക്ഷകളും ആശ്വാസവും പകരുന്നതാണെന്നതിൽ സംശയമില്ല. ജനാധിപത്യം അതിന്റെ പൂർണ്ണമായ അർത്ഥത്തിലും വ്യാപ്തിയിലും ഇന്ത്യയിൽ നടപ്പിലാവുന്നുണ്ടോയെന്ന ചോദ്യം പ്രസക്തമാണ്. എങ്കിലും അതിനെ നിലനിർത്താൻ ഇന്ത്യക്ക് സാധിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്.

ചരിത്രത്തിന്റെയും ഐതിഹ്യത്തിന്റെയും വഴികളിൽ ജനാധിപത്യനീതിശാസ്ത്രത്തെ പുരാതന ഗ്രീസാണ് പരിചയപ്പെടുത്തുന്നത്. അടിമകൾക്കും ഉടമകൾക്കുമിടയിൽ തീർത്ത വലിയ മതിലിനുള്ളിലായിരുന്നു ജനാധിപത്യം നിലനിന്നത്. അതായത് എല്ലാവർക്കും തുല്ല്യമായ മനുഷ്യാവകാശം നൽകാതെ, ഒരു വിഭാഗം മറ്റു വിഭാഗത്തെ ചൂഷണം ചെയ്യുകയായിരുന്നു അവിടെ സംഭവിച്ചത്. അടിമകൾക്കും സ്ത്രീകൾക്കും വോട്ടവകാശം ഉണ്ടായിരുന്നില്ല. ആ നീക്കത്തിൽ അക്കാലത്തെ ചിന്തകന്മാരും വലിയ ഉത്കണ്ഠ പ്രകടിപ്പിച്ചില്ല. പിന്നീട് ലോകം ഇതിന്റെ നല്ല വശങ്ങളെ തിരിച്ചറിയാനും പ്രയോഗത്തിൽ വരുത്താനും ശ്രമിച്ചു. " ജനാധിപത്യത്തിന് അതിന്റേതായ ദൗർബല്യങ്ങളുണ്ട്. പക്ഷേ, അതിനേക്കാൾ മികച്ചൊരു ഭരണവ്യവസ്ഥ മറ്റൊന്നില്ല" എന്ന് വിൻസ്റ്റൺ ചർച്ചിൽ പറഞ്ഞത് ലോകത്തിന് മാതൃകയായി തീർന്നു.

ഇന്ത്യ സ്വതന്ത്രമായപ്പോൾ പാർലമെന്ററി ജനാധിപത്യം എന്ന ആശയത്തെയാണ് വളർത്തിയെടുത്തത്. മറ്റു പല രാഷ്ട്രങ്ങളിലെയും രീതികളിൽ നിന്നും വ്യത്യസ്തമായി ഇന്ത്യയിൽ സുരക്ഷിതമായ സാഹചര്യമാണ് ജനാധിപത്യത്തിനു കൽപ്പിക്കപ്പെട്ടത്. എങ്കിലും അടുത്ത കാലത്ത് പല ആരോപണങ്ങളും ജനാധിപത്യ ക്രമത്തിനെതിരായി ഉയർന്നുവരുന്നുണ്ട്. നിയമനിർമ്മാണം ജനങ്ങളിൽ നിന്നും മാറിനടക്കുന്നുവെന്ന വ്യാഖ്യാനവും ഭരണവ്യവസ്ഥയിൽ അഴിമതിയും കൃത്രിമത്വവും കടന്നുകൂടുന്നുവെന്നതാണ് വിമർശം. പൊതുസമൂഹത്തിന്റെ പ്രവർത്തനങ്ങൾ ജനാധിപത്യത്തിന്റെ വികസനത്തിനും നിലനിൽപ്പിനും ആവശ്യമാണ്. ഈ രംഗത്ത് മാധ്യമങ്ങളും തൊഴിലാളികളും മറ്റെല്ലാ മേഖലകളും ഉൾപ്പെടും. ഏകാധിപത്യരാഷ്ട്രസംവിധാനത്തിൽ ഇത്തരം നീക്കങ്ങൾക്ക് വലിയ സാന്നിധ്യം ഉണ്ടാവാറില്ലായെന്നത് വാസ്തവമാണ്.



**ജനാധിപത്യം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാകണമെങ്കിൽ അത് ജനങ്ങളോട് കൂടുതൽ ഇഴുകിചേരണം. ഭരണക്രമത്തിൽ ജനങ്ങളുമായി ഏറെ അടുത്തു നിൽക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ജനങ്ങളിലേക്ക് കൂടുതൽ അധികാരം നൽകുന്ന വിധത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾ പ്രവർത്തനം തുടങ്ങികഴിഞ്ഞിട്ട് കുറച്ചു കാലമായി. അധികാരം ജനങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള നീക്കമാണ് അതിൽ ശ്രദ്ധേയമായത്.**

ജനാധിപത്യം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാകണമെങ്കിൽ അത് ജനങ്ങളോട് കൂടുതൽ ഇഴുകിചേരണം. ഭരണക്രമത്തിൽ ജനങ്ങളുമായി ഏറെ അടുത്തുനിൽക്കുന്നത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ്. ജനങ്ങളിലേക്ക് കൂടുതൽ അധികാരം നൽകുന്ന വിധത്തിൽ തദ്ദേശസ്വയംഭരണസ്ഥാപങ്ങൾ പ്രവർത്തനം തുടങ്ങികഴിഞ്ഞിട്ട് കുറച്ചുകാലമായി. അധികാരം ജനങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള നീക്കമാണ് അതിൽ ശ്രദ്ധേയമായത്. വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുവാൻ സാധിച്ചുവെങ്കിലും സാമൂഹ്യപുരോഗതിയിലും സാമ്പത്തികസുസ്ഥിരതയിലും പൂർണ്ണമായി വിജയിക്കാൻ സാധിച്ചില്ലായെന്ന പോരായ്മ തിരിച്ചറിയണം.

സ്വയംഭരണാവകാശത്തിനായി ബ്രിട്ടനെതിരെ ശബ്ദിച്ച് ഏറെ കാലത്തിനു ശേഷമാണ് നമുക്ക് അത്തരത്തിലൊന്നു സംജാതമായത്. അതുപോലെ തദ്ദേശസ്വയഭരണസ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം ലഭിക്കുന്നത് 1993 ഏപ്രിൽ 24 ന് 73-ാം ഭരണഘടനാഭേദഗതിയിലൂടെയാണ്. കടുത്ത സാമൂഹിക - രാഷ്ട്രീയ - സാമ്പത്തിക പ്രതിസന്ധികൾക്കിടയിലാണ് ഇത്തരമൊരു നീക്കം രാജ്യം നടപ്പിലാക്കിയത്. ജന്മിത്തവും ജാതിവ്യവസ്ഥയും പൂർണ്ണമായും ഉന്മൂലനം ചെയ്യാനാവാത്ത സ്ഥിതിയാണ് രാജ്യത്തുള്ളത്. അഞ്ചുവർഷം കൂടുമ്പോൾ തെരഞ്ഞെടുപ്പു നടത്തി , ജനാധിപത്യസാഹചര്യങ്ങൾ പുതുക്കുന്നുവെങ്കിലും ചില പ്രദേശങ്ങളിൽ ഭരണഘടന അനുശാസിക്കുന്ന സ്ഥിതി പൂർണമായും സംജാതമാകുന്നില്ലായെന്ന് കാണാം. സാമൂഹികമായും സാമ്പത്തികമായും അധികാരത്തിലിരിക്കുന്നവരോട് ജനങ്ങൾ വിധേയത്വം പുലർത്തുന്ന സാഹചര്യം മാറിവരുന്നുവെന്നത് ആശ്വാസകരമാണ്.

ജനങ്ങൾക്ക് പരിഗണനയും മനുഷ്യാവകാശങ്ങളും നൽകുവാൻ ഭരണകുടത്തിന് സാധിക്കുകയെന്നതാണ് പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന്. എല്ലാവർക്കും സമ്മതിദാനവകാശം ഉണ്ടാവുകയും അവർക്ക് നിർഭയവും സ്വതന്ത്രമായും അത് വിനിയോഗിക്കാനുള്ള അവസ്ഥ സാധ്യമാക്കണം. ഇപ്പോൾ സ്ത്രീകളും ദുർബലവിഭാഗങ്ങളിൽ പെടുന്നവരും വോട്ടവകാശം വിനിയോഗിക്കുന്നതു മാത്രമല്ല, തെരെഞ്ഞെടുക്കപ്പെടുക കൂടി ചെയ്യുന്നുവെന്നത് വികസനത്തിനു പുതിയ ദിശാബോധം നൽകുന്നു. ജനാധ്യപത്യക്രമത്തിൽ മൂന്നിലൊന്നിന്റെ ഭരണസാരഥ്യം സ്ത്രീകൾ ഏറ്റെടുത്തുവെന്നതും ശ്രദ്ധിക്കണം.

ജനാധിപത്യത്തിന്റെ ഭാവി ജനങ്ങളിലാണ്. അത് നഷ്ടപ്പെടാതിരിക്കാൻ നിരന്തരമായ ശ്രമം അനിവാര്യമാണ്. അച്ചടക്കവും തുല്യതയുമുള്ള സാമൂഹ്യാന്തരീക്ഷത്തിൽ മാത്രമേ ജനാധിപത്യം പുലരുകയുള്ളുവെന്നതാണ് യാഥാർത്ഥ്യം. ജനങ്ങൾ തമ്മിലുള്ള സാമ്പത്തിക അസമത്വത്തിലുള്ള ഏറ്റകുറച്ചിലിനു മാറ്റമുണ്ടാകുകയെന്നത് അതിൽ പ്രധാനപ്പെട്ട കാര്യമാണ്. ഇന്ത്യയിലെ അറുപത് ശതമാനം ജനങ്ങൾക്ക് ലഭിക്കുന്നത് രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ ഒരു ശതമാനം മാത്രമാണെന്നുള്ള പഠന റിപ്പോർട്ട് നാം ഗൗരവപൂർവം കാണണം. ഇവർക്കിടയിലുള്ള അസമത്വം നിറഞ്ഞ സാഹചര്യം പല

പഞ്ചായത്ത് രാജ്



**അഴിമതി ഉയർത്തുന്ന ഭീഷണിയും ചെറുതല്ല. പൊതുമുതൽ ഉത്തരവാദിത്തത്തോടെയും കാര്യക്ഷമമമായും ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. സർക്കാർ നാടിന്റെ വികസനത്തിനായി നൽകുന്ന തുകയുടെ 15% മാത്രമേ ലക്ഷ്യത്തിലെത്തുവെന്ന മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ അഭിപ്രായത്തിൽ നിന്നും രാജ്യം കുറെ മുന്നേറിയെങ്കിലും അത് പൂർണമായി യെന്ന് പറയാനാവില്ല.**

പ്പോഴും രാഷ്ട്രീയരംഗത്തും മറ്റും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. ആദ്യത്തെ വഴി സ്വഭാവികമായ സാമ്പത്തിക അസമത്വത്തെ കുറച്ചുകൊണ്ടുവരികയെന്നതാണ്. ഭൂവിതരണത്തിലെ അസമത്വമാണ് മറ്റൊരു കാരണം. പല സാമൂഹികതട്ടുകളിലുള്ള ജനവിഭാഗങ്ങൾക്ക് പിന്തുടർ ച്ചയായി ലഭിച്ചതിനപ്പുറം ഭൂസ്വത്തുകൾ ഇല്ലായെന്നതാണ് ഭൂരിഭാഗത്തിന്റെയും അവസ്ഥ. ഭൂപരിഷ്കരണം രാജ്യത്ത് പൂർണ്ണമായും നടപ്പിലാക്കിട്ടില്ലായെന്നതും ഈ മേഖലയിൽ വർദ്ധിച്ചു വരുന്ന ആശയക്കുഴപ്പങ്ങളും ഗൗരവമായ ചർച്ചകൾക്ക് വഴിതുറക്കുന്നതാണ്.

അഴിമതി ഉയർത്തുന്ന ഭീഷണിയും ചെറുതല്ല. പൊതുമുതൽ ഉത്തരവാദിത്തത്തോടെയും കാര്യക്ഷമമമായും ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. സർക്കാർ നാടിന്റെ വികസനത്തിനായി നൽകുന്ന തുകയുടെ 15% മാത്രമേ ലക്ഷ്യത്തിലെത്തുവെന്ന മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ അഭിപ്രായത്തിൽ നിന്നും രാജ്യം കുറെ മുന്നേറിയെങ്കിലും അത് പൂർണമായിയെന്ന് പറയാനാവില്ല. ഭരണവ്യവസ്ഥയിൽ താഴേക്കിടയിൽ നിന്നും മുകൾ തട്ടുവരെ ഇടനിലക്കാരും അവർക്ക് പ്രേരണ നൽകുന്ന ഒരു വിഭാഗവും ഉണ്ടെന്നത് മറക്കാനാവില്ല. വർദ്ധിച്ച സമ്പത്തിനോടുള്ള ആഗ്രഹം പലപ്പോഴും നമ്മുടെ സാമൂഹ്യരീതിയെ പിന്നോട്ടുവലിച്ചു കൊണ്ടുപോകും. അഴിമതിയും മറ്റ് സാഹചര്യങ്ങളും തുടരുമ്പോൾ അതിനെതിരെ വികാരം ജനാധിപത്യവ്യവസ്ഥിതിക്ക് എതിരെ കൂടിയാവാം.

പ്രാദേശികതലത്തിൽ തീരുമാനമെടുക്കുന്ന പ്രക്രിയയിലും ഭരണനിർവഹണത്തിലും വിഭവസമാഹരണത്തിലുമെല്ലാം ഗ്രാമീണതലത്തിലടക്കം ജനങ്ങൾക്ക് പങ്കാളിത്തമുള്ള സാഹചര്യത്തെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. ഗ്രാമസഭകൾക്കാണ് ഇത്തരം പ്രവർത്തനങ്ങളിൽ കൂടുതൽ ഉത്തരവാദിത്തം. പ്രാദേശികഭരണസമിതികളാണ്. ഗ്രാമസഭകൾ. ഇത്തരം വേദികളിൽ സമൂഹത്തിലെ എല്ലാ വിഭാഗമാളുകളെയും പങ്കെടുപ്പിക്കാനാവണം. പ്രശ്നങ്ങളും പരിഹാരങ്ങളും ചർച്ച ചെയ്യപ്പെടുന്നതിലൂടെ ജനാധിപത്യത്തിന്റെ മാതൃകാപരമായ പ്രവർത്തനം സാധ്യമാകുന്നു. വികസനകാര്യത്തിൽ സമൂഹത്തിലെ പാർശ്വവൽകരിച്ചവരെ കൂടി ഉൾപ്പെടുത്താൻ സാധിക്കും.

പുരോഗമനപരമായ കാഴ്ചപ്പാട് ഈ രംഗത്ത് ഉണ്ടാവണം. ഒരോ മനുഷ്യനും ജീവിക്കാനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കാനും അതോടൊപ്പം വികസനത്തിനാവശ്യമായ മത്സരാധിഷ്ഠിത സാമ്പത്തികക്രമത്തെ മുന്നോട്ടുനയിക്കാനും സാധിക്കണം. രാജ്യത്തിന്റെ എല്ലാ ഭാഗത്തും അടിസ്ഥാനസൗകര്യവികസത്തിൽ ഇപ്പോഴും അന്തരം നിലനിൽക്കുന്നു. എല്ലാ ജനങ്ങൾക്കും തുല്യമായ ജീവിതസാഹചര്യം ലഭ്യമാക്കുമാറ് രാജ്യത്തിന്റെ വികസന സംസ്ക്കാരം മാറിയേ തീരു. ഇതിനൊപ്പം തന്നെ തദ്ദേശസ്ഥാപനങ്ങളെയും ജനങ്ങളെയും കൂടുതൽ ചേർത്തു നിർത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തണം. താഴെ പറയുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ അത്തരമൊരു നീക്കം നടത്താനാവും.

1. മാരകരോഗങ്ങൾക്കെതിരെ ബോധവൽക്കരണം.
2. യുവാക്കളെ രാഷ്ട്രപുനർനിർമ്മാണപ്രക്രിയയിൽ ബോധവാന്മാരാക്കുകയും പങ്കാളികളാക്കുകയും ചെയ്യുക.
3. തീവ്രവാദവും രാജ്യദ്രോഹനീക്കങ്ങളെയും ചെറുക്കുന്നനും ദേശീയതയും രാഷ്ട്രസ്നേഹവും വളർത്തിയെടുക്കാനുമുള്ള കർമ്മ പദ്ധതികൾ നടപ്പിലാക്കുക.
4. വികസനത്തിനും സാമൂഹ്യനന്മക്കുമുതകുന്ന സെമിനാറുകൾ സംഘടിപ്പിക്കുക.
5. പാരിസ്ഥിതികബോധം വളർത്താനായി പരിസ്ഥിതിദിനം പോലുള്ളവ ആചരിക്കുക.
6. കർഷകരുടെ കൂട്ടായ്മയിലൂടെ കൃഷിയോഗ്യമായ പ്രദേശങ്ങളിൽ സംഘമായി കൃഷിചെയ്യാനും ഉൽപാദനവും ലാഭവും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
7. പരമ്പരാഗതതൊഴിൽ രംഗത്തുള്ള അരക്ഷിതാവസ്ഥ പരിഹരിക്കാനായി ഈ മേഖലയിലെ പുതിയ പ്രവണതകളെ കണ്ടെത്തുകയും നടപ്പിലാക്കുകയും ചെയ്യുക. ഇതിനു സാധിക്കാതെ വരുമ്പോൾ ഈ മേഖലയിലുള്ളവരെ മറ്റു മേഖലകൾക്കായി പ്രാപ്തമാക്കുക.
8. കണ്ടൽക്കാടുകളും കാവുകളും കുളങ്ങളും സംരക്ഷിക്കുക.
10. കൂടുതൽ പച്ചക്കറിത്തോട്ടങ്ങളുണ്ടാക്കുന്നതിന് സാധ്യമായ പ്രദേശത്ത് അവസരമുണ്ടാക്കുക.
11. ഓരോ പ്രദേശത്തെയും സംബന്ധിക്കുന്ന ചരിത്രപരവും സാമൂഹ്യവുമായ വിഷയങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുക.
12. ശാസ്ത്ര സാങ്കേതികരംഗത്തെ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

ഇത്തരം പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ സർഗാത്മകതയെ പോഷിപ്പിക്കാനും അതുവഴി ജനാധിപത്യത്തിനും കൂടുതൽ ആശയവ്യാപ്തി നേടാനും സാധിക്കും. ലോകത്തിന്റെ ഏറ്റവും മികച്ച ഭരണരീതി ജനാധിപത്യമാണെന്ന് ഓരോ ദിനവും തെളിഞ്ഞു കൊണ്ടിരിക്കുമ്പോൾ ഈ സാഹചര്യത്തെ വളർത്തികൊണ്ടുപോവാൻ നമ്മുടെ പരിശ്രമം അത്യന്താപേക്ഷിതമാണ്. ■






# പഞ്ചായത്ത് അക്കൗണ്ട്

## സംശയങ്ങളും മറുപടികളും



ആറന്മുള ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി.എൻ.ഓമനക്കുട്ടൻ, അക്കൗണ്ടന്റ് ആർ.രാജേഷ് കുമാർ, എൽ.ഡി.ക്ലാർക്ക് ആർ. ആദിത്യവർമ്മ എന്നിവർ പഞ്ചായത്ത് രാജ് മാസികയിലേക്ക് അയച്ച മാറ്റർ എന്റെ മറുപടികൾക്കായി പത്രാധിപർ അയച്ചു തന്നു. 'വേണ്ടത് പരിഹാര നിർദ്ദേശങ്ങളാണ്, എതിർവാദങ്ങളല്ല' എന്ന് ഈ സുഹൃത്തുക്കൾ ആവശ്യപ്പെട്ടിട്ടുണ്ട്.

ദീർഘമായ മാറ്ററിനെ, വിശകലന സൗകര്യത്തിനുവേണ്ടി, ചെറിയ ചോദ്യങ്ങളായി ഇഴപിരിച്ച് മറുപടി പറയാൻ ശ്രമിക്കുകയാണിവിടെ.

**?** *കെട്ടിടനികുതി അർദ്ധവർഷത്തെ നികുതിയായി മുറിക്കുമ്പോൾ ഒറ്റ സംഖ്യകൾ (Odd numbers) ഇടയുകയും ആകെ നികുതിയിൽ വ്യത്യാസം സൃഷ്ടിക്കുകയും ചെയ്യുന്നു.*

**ഉത്തരം:** കേരള പഞ്ചായത്ത് രാജ് ആക്ട് 203 (15)-ാം വകുപ്പ് (7.10.2009-ലെ ഭേദഗതി) പ്രകാരം വസ്തുനികുതി ഈടാക്കേണ്ടത് അർദ്ധവാർഷിക ഗഡുക്കളായാണ്. കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ 15 (1)-ാം ചട്ട പ്രകാരം അർദ്ധവാർഷിക ഗഡുക്കൾ തുല്യമായിരിക്കണം. ആക്ട് 273 (2)-ാം വകുപ്പിന്റെ താഴെ നൽകിയിട്ടുള്ള വിശദീകരണം പ്രകാരം പിരിച്ചെടുക്കുന്ന തുകകളിലെ രൂപയുടെ അംശത്തെ തൊട്ടടുത്ത ഉയർന്ന പൂർണ്ണരൂപയിലേക്ക് ക്രമീകരിക്കേണ്ടതാണ്. ഉദാ: വാർഷിക നികുതി 101 രൂപ. തുല്യ അർദ്ധവാർഷിക ഗഡു 50 രൂപ 50 പൈസ. പൂർണരൂപയാക്കുമ്പോൾ 51 രൂപ. രണ്ട് അർദ്ധവാർഷിക ഗഡു ചേരുമ്പോൾ 102 രൂപ. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് താമസിയാതെ പുറത്തിറങ്ങുമെന്ന് പ്രതീക്ഷിക്കുന്നു. (പഞ്ചായത്ത് പിരിച്ചെടുക്കുന്നത് വസ്തു നികുതിയാണ്, കെട്ടിട നികുതിയല്ല-ശ്രദ്ധിക്കുമല്ലോ).

**?** *40% പഞ്ചായത്തുകളിലെങ്കിലും സേവന നികുതി (Service Tax) പിരിക്കുന്നുണ്ട്. എന്നാൽ സ്റ്റാൻഡേർഡ് സാംഖ്യ സോഫ്റ്റ്വെയറിൽ കെട്ടിടനികുതിയുടെ തുകയിൽ നിന്നും ലൈബ്രറി സെസ് പോലെ ഒരു നിശ്ചിത ശതമാനം സേവന നികുതി സ്വാഭാവികമായി ഫീച്ചർ ചെയ്യുന്നില്ല.*

**ഉത്തരം:** സഞ്ചയ ഡേറ്റാബേസ് 2012-13 ൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സൃഷ്ടിക്കുന്നതിനുള്ള ഡാറ്റാ എൻട്രിക്ക് ലോകബാങ്ക് സഹായം ലഭിക്കും. ഇൻഫർമേഷൻ കേരള മിഷൻ വഴിയാണിതു നൽകുക. സഞ്ചയ ഡേറ്റാബേസ് വന്നു കഴിഞ്ഞാൽ ഈ പ്രശ്നം പൂർണ്ണമായി പരിഹരിക്കും. അതിനിടയിൽ തന്നെ, സേവന ഉപനികുതി വസ്തു നികുതിയോടൊപ്പം ഈടാക്കാൻ കഴിയുന്ന സംവിധാനം സാംഖ്യയുടെ അടുത്ത ബിൽഡിൽ ഉൾപ്പെടുത്തും.

**?** *ആദ്യ അർദ്ധവർഷത്തെ തൻവർഷത്തെ നികുതിയിൽ ഒക്ടോബർ മുതൽ പിഴപ്പലിശ കാണിക്കുന്നു. തൻവർഷം മാർച്ച് 31 വരെയുള്ള കാലയളവിൽ പിഴപ്പലിശ ഒഴിവാക്കി സർക്കാർ തീരുമാനമെടുത്തതാണല്ലോ.*

**ഉത്തരം:** ആക്ടിന്റെ 203 (15)-ാം വകുപ്പ് (7.10.2009 മുതൽ പ്രാബല്യം) പ്രകാരം ആദ്യ അർദ്ധവാർഷിക ഗഡു ഒക്ടോബർ 1-നാണ് അടയ്ക്കുന്നതെങ്കിൽ പിഴപ്പലിശ നൽകണം. പിഴപ്പലിശ ഒഴിവാക്കുന്നത് താല്കാലികമാണ്. ഓരോ വർഷവും പുറപ്പെടുവിക്കുന്ന പ്രത്യേക ഉത്തരവു വഴി മാർച്ചിൽ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുക മാത്രമാണിത്. (26.03.2012-ലെ സ.ഉ (സാധാ) നം.883/2012/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്). ഈ സൗകര്യം സാംഖ്യയിൽ ലഭ്യമാണ്.

**?** *തറവാടക, വണ്ടിത്താവള വാടക, വിവിധയിനം ലേലം മുതലായ വരവുകൾ ഏതു ഹെഡിൽ ബുക്ക് ചെയ്യണം അഥവാ വരവു വയ്ക്കണം എന്ന് അക്കൗണ്ടന്റുമാർക്ക് തന്നെ സംശയമാണ്. അപ്പോൾ ട്രെയിനിംഗ് ലഭിക്കാത്ത ക്ലാർക്കുമാരുടെ സ്ഥിതി പറയണോ? ഈ പഞ്ചായത്തിൽ, ഒക്ടോബർ 13 മുതൽ പ്രവർത്തനമാരംഭിച്ച 'സാംഖ്യ' യുടെ പ്രവർത്തനത്തിന് ഐ.കെ.എം വിദഗ്ധരുടെ സേവനം ലഭിച്ചത്, ആദ്യ ദിനം ഏതാനും മണിക്കൂർ മാത്രമാണ് എന്ന് ഇവിടെ പറയാതെ നിർവ്വാഹമില്ല. ഒക്ടോബർ 1 മുതൽ 13 വരെയുള്ള ഇന്ററപ്റ്റഡ് രസീത്, കളക്ഷൻ ക്യാമ്പ് രസീതുകൾ (ക്യാമ്പ് വേളയിൽ ഏതാണ്ട് 100-150 രസീതുകൾ വരും) എന്നിവ സാംഖ്യവൽക്കരിക്കുവാൻ ദൈനംദിന തിരക്കുകൾക്കിടയിൽ ഇപ്പോഴും കഴിഞ്ഞിട്ടില്ല. അതിന് തടസ്സമായതും വിദഗ്ധോപദേശം തന്നെ.*

**ഉത്തരം:** ആശങ്ക, സംശയം, അശുഭാ

പ്തി വിശ്വാസം എന്നിവ ഈ ചോദ്യത്തിൽ നിഴലിക്കുന്നു. കഴിവും കാര്യക്ഷമതയും പഠനോന്മുഖതയും ഒത്തിണങ്ങിയവരാണ് നമ്മുടെ അക്കൗണ്ടന്റുമാരിൽ ഭൂരിപക്ഷവും. അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗിലും സാംഖ്യയിലും ഈ ചെറിയ കാലയളവിൽ അവർ നേടിയ അവഗാഹം സ്തുത്യർഹമാണ്. സാംഖ്യ ഓൺലൈൻ ആയ മാസം 1-ാം തീയതി മുതൽ ഇന്നുവരെയുള്ള മുഴുവൻ ഇടപാടുകളും കൃത്യമായി സാംഖ്യയിൽ രേഖപ്പെടുത്തിയവർ ഏറെയുണ്ട്. ഏപ്രിൽ 1 മുതൽ ഇതുവരെയുള്ള ഓരോ രസീതും വൗച്ചറും സാംഖ്യയിൽ കൃത്യമായി രേഖപ്പെടുത്തിയ കാസർകോട് ജില്ലയിലെ കുമ്പഡജെ ഗ്രാമപഞ്ചായത്ത് ഉദാഹരണം. പഞ്ചായത്ത് ജീവനക്കാർ, പഞ്ചായത്ത്-ഗ്രാമവികസന വകുപ്പ് ഉദ്യോഗസ്ഥർ, ഇൻഫർമേഷൻ കേരള മിഷൻ മാസ്റ്റർ ട്രെയിനർമാർ, ഐ.കെ.എമ്മിന്റെ ജില്ലാ കോ-ഓർഡിനേറ്റർ, ഡി.റ്റി.ഒ, ടെക്നിക്കൽ അസിസ്റ്റന്റുമാർ എന്നിവർ ചേർന്ന് കാസർകോട് ജില്ലയെ 100% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത അക്കൗണ്ടിംഗ് നടപ്പാക്കിയ ഭാരതത്തിലെ പ്രഥമ ജില്ല എന്ന സ്ഥാനത്തെത്തിച്ചിരിക്കുകയാണ്. കിലയിലും മറ്റു കേന്ദ്രങ്ങളിലും നൽകിയ സമഗ്ര പരിശീലനം, കേരളത്തിലുടനീളമുള്ള ത്രിതല പഞ്ചായത്തുകളിൽ ചുരുങ്ങിയ ദിവസങ്ങളിലെങ്കിലും ചെന്നെത്തി ഐ.കെ.എം ട്രെയിനർമാർ നൽകിയ കൈത്താങ്ങ്, സാംഖ്യ പ്രവർത്തനം തുടങ്ങിയ ശേഷം അക്കൗണ്ടന്റുമാരെ ബാച്ചുകളായി തിരിച്ചു വിളിച്ച് നടത്തിയ പിയർ റിവ്യൂ എന്നിവ പരിമിത വിഭവങ്ങളുള്ള നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വലിയ കാര്യങ്ങളാണ്. പിയർ റിവ്യൂ സമയത്തു കണ്ട അക്കൗണ്ടന്റുമാരുടെ പ്രകാശിക്കുന്ന മുഖങ്ങൾ കാണിക്കുന്നത് കാര്യങ്ങൾ നേർവഴിക്കു നീങ്ങുന്നുവെന്നുതന്നെയാണ്.

*? വർഷത്തിന്റെ മദ്ധ്യത്തിൽ വാശിയോടെ സാംഖ്യ ഏറ്റെടുത്തപ്പോൾ OB, അതുവരെയുള്ള അലോട്ട്മെന്റടക്കമുള്ള ട്രാൻസാക്ഷനുകൾ എന്നിവയെ സംബന്ധിച്ച് വ്യക്തതയില്ല. പകുതി കണക്ക് GO177 പ്രകാരമുള്ള കാഷ് ബുക്കിലും പകുതി സാംഖ്യ പ്രകാരം കമ്പ്യൂട്ടറിലും.!*

**ഉത്തരം:** 22.03.2012-ലെ ജി.ഒ.(എം.എസ്) നമ്പർ 74/2012/എ.എസ്.ജി.ഡി നമ്പർ സർക്കാർ ഉത്തരവു പ്രകാരം റിലീസു ചെയ്ത സാംഖ്യ മൊഡ്യൂൾ ഉപയോഗിച്ച് ഏപ്രിൽ 1 മുതലുള്ള ഇടപാടുകൾ ഉൾപ്പെടുത്തി 2011-12 വാർഷിക ധനകാര്യ പത്രിക സാംഖ്യയിൽ തയ്യാറാക്കി ഓഡിറ്റിനു നൽകാൻ കഴിയും. വ്യക്തതയോടെയുള്ള മാർഗ്ഗനിർദേശങ്ങൾ സർക്കാർ ഉത്തരവിന്റെ അനുബന്ധമായി പുറപ്പെടുവിച്ചിട്ടുണ്ട്.

*? സാംഖ്യ സംബന്ധിച്ച കിലയുടെ കൈപ്പുസ്തകം കൂടുതൽ സമഗ്രമാവേണ്ടിയിരിക്കുന്നു. ബി.ഫ് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുമ്പോൾ നേരിടുന്ന സംശയങ്ങൾക്ക് ഇപ്പോഴുള്ള കൈപ്പുസ്തകം ഉപകാരപ്രദമാവുന്നില്ല.*

**ഉത്തരം:** ഈ പ്രശ്നം ശ്രദ്ധിച്ചിട്ടുണ്ട്. സാധാരണയായി ഉയരുന്ന സംശയങ്ങളും അവയ്ക്കുള്ള മറുപടികളും സാംഖ്യയുടെ പുതിയ വെബ്മൊഡ്യൂളിൽ ഉൾപ്പെടുത്തും. കൂടാതെ, അപ്പപ്പോൾ അപ്ഡേറ്റ് ചെയ്യുന്ന സാംഖ്യ ഇ-ബുക്കും വെബ്സൈറ്റിൽ ലഭ്യമാക്കും.

*? അക്രൂവൽ/ലയബിലിറ്റി രേഖപ്പെടുത്തുമ്പോൾ ഏതെല്ലാം രേഖപ്പെടുത്താൻ കഴിഞ്ഞു, ഏതൊക്കെ രേഖപ്പെടുത്തിയില്ല എന്നത് പരിശോധിക്കുവാൻ ഇപ്പോൾ കഴിയുന്നില്ല. ഇത്തരത്തിൽ നടത്തിയ രേഖപ്പെടുത്തലുകളുടെ കൃത്യത ബോദ്ധ്യപ്പെടുന്നതിനോ തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തുന്നതിനോ കഴിയുന്നില്ല.*

**ഉത്തരം:** ഈ പരാമർശം ഒട്ടും വസ്തുതാപരമല്ല. സാംഖ്യയിലെ റിപ്പോർട്ടുകളിൽ നിന്ന് ഈ വിവരങ്ങൾ ലഭിക്കും. ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചാൽ ഇക്കാര്യം അറിയുവാൻ കഴിയും. തെറ്റ് സംഭവിച്ചാൽ ജേണൽ എൻട്രി വഴി തിരുത്താൻ സാധിക്കും.

*? ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ നാളിതുവരെ സാദ്ധ്യമായിട്ടില്ല. വ്യക്തമായ മാർഗ്ഗനിർദ്ദേശം ഇക്കാര്യത്തിൽ അത്യന്തം അഭിലഷണീയമാണ്.*

**ഉത്തരം:** ലളിതമായ ബാങ്ക്/ട്രഷറി റിക്കൺസിലിയേഷൻ ഉൾപ്പെട്ട വെർഷൻ ഉടൻതന്നെ റീലീസ് ചെയ്യുന്നതാണ്.

*? ജില്ലാ കളക്ടറുടെ അലോട്ട്മെന്റു പ്രകാരം പഞ്ചായത്ത് നടപ്പിലാക്കുന്ന Natural Calamity Relief Fund പോലെയുള്ള പ്രത്യേക വരവുകൾ B Fund ആയി മാത്രമേ കണക്കിലെടുക്കാൻ കഴിയൂ. എന്നാൽ ഓരോ അലോട്ട്മെന്റിന്റെയും ഫണ്ടുകൾ സാംഖ്യയിൽ വേർതിരിച്ചെടുക്കുവാൻ കഴിയുന്നില്ല. അതിനാൽ തന്നെ ബില്ലുകൾ തയ്യാറാക്കുമ്പോൾ ലഭ്യമായ ഫണ്ട്, നാളിതുവരെ ചെലവ്, ബിൽ തുക, ബാലൻസ് തുടങ്ങിയവ കൃത്യതയോടെ ലഭ്യമല്ല. കാറ്റഗറി A, C ഫണ്ടുകളുടെ കാര്യത്തിലും കഥ വ്യത്യസ്തമല്ല. തുക ലക്ഷങ്ങളിലല്ല, ആയിരങ്ങളിലാണ്.*

**ഉത്തരം:** ബി ഫണ്ട് സംബന്ധിച്ച് ഓരോ അലോട്ട്മെന്റിന്റേയും ഫണ്ട് വേർതിരിച്ചെടുക്കാനുള്ള ക്രമീകരണം, സാംഖ്യയുടെ അടുത്ത ബിൽഡിൽ ഉൾപ്പെടുത്തും. എ.സി. ഫണ്ടുകൾ സംബന്ധിച്ച് ഇപ്പോൾ തന്നെ ഈ വിവരം കൃത്യമായി ലഭിക്കും. കമ്പ്യൂട്ടറിൽ സ്വാഭാവികമായി ലഭിക്കുന്ന രീതിയിൽ നിന്നു മാറ്റി തുകകൾക്ക് ലക്ഷം, കോടി എന്നിങ്ങനെ കോമ നൽകുന്ന രീതി താമസിയാതെ നിലവിൽ വരും.

*? MGNREGAS പ്രകാരമുള്ള വർക്കുകൾക്ക് ഒരു പ്രവൃത്തിക്ക് ഒന്നിലേറെ ബാങ്കുകളിലേക്കോ പോസ്റ്റ് ഓഫീസുകളിലേക്കോ ചെക്ക് നൽകേണ്ടത് ആവശ്യമാണ്. ഒരു വർക്കിന് ഇത്തരത്തിൽ Multi-Cheque generation സാദ്ധ്യമാവുന്നില്ല.*

**ഉത്തരം:** ഒരു പേയ്മെന്റ് സംബന്ധമായി വിവിധ ഗുണഭോക്താക്കൾക്ക് വിവിധ ബാങ്കുകളിലുള്ള അക്കൗണ്ടുകളിലേക്ക് പണം എത്തിക്കുന്നതിന് ദേശസാൽകൃത ബാങ്കിലേക്ക് ഒരു ചെക്ക് നൽകിയാൽ മതിയാവും. ഗുണഭോക്താക്കൾക്ക് വിവിധ ബാങ്കുകളിലാണ് അക്കൗണ്ട് എന്നതു പ്രശ്നമല്ല. ഗുണഭോക്താക്കളുടെ ലിസ്റ്റും ബാങ്ക് അക്കൗണ്ട് നമ്പരും അവരുടെ ബാങ്കുകളുടെ പേരും നൽകിയാൽ മതി. NEFT വഴി ബാങ്ക് അത് യഥാസ്ഥാനത്ത് എത്തിച്ചുകൊള്ളും. NEFT ബാധകമല്ലാത്ത സഹകരണ ബാങ്കിലേക്കോ പോസ്റ്റാഫീസിലേക്കോ ആണെങ്കിൽ ബാങ്ക് ഡി.ഡി നൽകും. പല ചെക്കുകൾ വഴി ഒറ്റ പേയ്മെന്റ് നടത്താനാവില്ല; അതിന്റെ ആവശ്യവുമില്ല.

*? നിരന്തര സ്വഭാവമുള്ള ചെലവുകളായ പ്രസിഡന്റിന്റെയും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരുടെയും മെമ്പർമാരുടെയും ഓണറേറിയം എന്നിവയ്ക്ക് ഓരോന്നിനും പ്രത്യേകം പ്രത്യേകം പേയ്മെന്റ് ഓർഡറുകളും വൗച്ചറുകളും തയ്യാറേക്കേണ്ടിവരുന്നു. ഇതു ഒന്നുകൂടി ലളിതമാക്കാവുന്നതാണ്.*

**ഉത്തരം:** ആവശ്യമായ വിശദവിവരം സാംഖ്യയിൽ നിന്നെടുക്കുവാൻ വേണ്ടിയാണിത്. ജനപ്രതിനിധികളുടെ ഓണറേറിയം തുടങ്ങിയവയ്ക്ക് കമ്പ്യൂട്ടറൈസ്ഡ് ആപ്ലിക്കേഷൻ നിലവിൽ വരുമ്പോൾ ഒരൊറ്റ ബില്ലും ഒരൊറ്റ പേയ്മെന്റ് ഓർഡറും മതിയാവും.

*? തുടർച്ചയായി എടുക്കുന്ന രസീതുകളുടെ സ്ഥാനത്ത്, വല്ലപ്പോഴും വരുന്ന EMD/SD തുടങ്ങിയ രസീതുകൾ എടുക്കുമ്പോൾ ഫ്രണ്ട് ഓഫീസ് പ്രിന്ററുകൾ വഴി മുടക്കി പ്രിന്റർ സെറ്റപ്പ് മാറി രസീത് പ്രിന്റ് ഔട്ട് വരുന്നതും പതിവാണ്.*

**ഉത്തരം:** ഇത് പൊതുവായി ആരും റിപ്പോർട്ടു ചെയ്തിട്ടുള്ള പ്രശ്നമല്ല. പ്രാദേശികമായി പരിഹരിക്കാനുള്ള സാങ്കേതിക സഹായം ലഭിക്കുന്നതാണ്. ■

*തയ്യാറാക്കിയത്: **ഉദയഭാനു കണ്ടേത്ത്***
*കൺസൾട്ടന്റ്*
*ഇൻഫർമേഷൻ കേരള മിഷൻ*
*മൊബൈൽ : 9447454221*
*ഇ-മെയിൽ: ubkandeth@gmail.com*





# കുടുംബശ്രീ കണ്ണൂർ കുട്ടികളുടെ സമഗ്ര കായികാരോഗ്യ വളർച്ചയ്ക്ക് 'സ്റ്റാമിന' പദ്ധതി

**ടി. ഷാഹുൽ ഹമീദ്**



കണ്ണൂർ ജില്ലാ പഞ്ചായത്തും കുടുംബശ്രീ ജില്ലാമിഷനും ചേർന്ന് കണ്ണൂർ ജില്ലയിലെ 67 പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന സമഗ്ര കായിക ആരോഗ്യ പദ്ധതിയാണ് 'സ്റ്റാമിന'. കുടുംബശ്രീ പ്രസ്ഥാനം സ്ത്രീകളുടെയും കുട്ടികളുടെയും പ്രസ്ഥാനമാണ്. കുട്ടികളിൽ കാലികമായി കണ്ടുവരുന്ന കുറെയധികം പ്രശ്നങ്ങളിൽ ഇടപെട്ട് കായിക വിനോദം വർദ്ധിപ്പിച്ച് അനാരോഗ്യ പ്രവണതകളായ പൊണ്ണത്തടി, വിഷാദരോഗം, ഉന്മേഷക്കുറവ് എന്നിവ പരിഹരിച്ച് സമൂഹത്തിൽ നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന പൊതുകൂട്ടായ്മ വളർത്തികൊണ്ടു വന്ന് ആരോഗ്യ പൂർണ്ണമായ ഒരു പുതുതലമുറയെ വാർത്തെടുക്കുവാനാണ് സ്റ്റാമിന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ഓരോ പഞ്ചായത്തിലും 50 കുട്ടികളെ, അതിൽ 50% പെൺകുട്ടികളെ തെരഞ്ഞെടുത്ത് സി ഡി എസ്സ് അംഗീകരിച്ച് പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം 3 മാസക്കാലത്തേക്ക് ആഴ്ചയിൽ 3 ദിവസം ഫുട്ബോൾ/വോളിബോൾ പരിശീലനം നൽകുകയാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കുടുംബശ്രീ ബാലസഭ കുട്ടികൾക്ക് ഈ പദ്ധതി സ്വപ്നതുല്യമായിരുന്നു. ഓരോ പഞ്ചായത്തിലും 50ൽ കൂടുതൽ കുട്ടികൾ വരികയും പല പഞ്ചായത്തുകളും ഈ പദ്ധതിക്ക് സംയോജന സാധ്യത ആരാഞ്ഞ് ഫണ്ട് വകയിരുത്തുകയും ചെയ്തു. പല നൂതന ആശയങ്ങളും കൊണ്ടുവന്ന കണ്ണൂർ ജില്ലാ പഞ്ചായത്താണ്. കുട്ടികളെ പൂർണമായും സഹായിക്കുന്ന ഈ പദ്ധതി ആവിഷ്ക്കരിക്കുകയും അതിന് 1826000/- (പതിനെട്ട് ലക്ഷത്തി ഇരുപത്തി ആറായിരം) രൂപ വകയിരുത്തുകയും ചെയ്തത്. ഭക്ഷണത്തിന് ഒരു കുട്ടിക്ക് 10 രൂപ പ്രകാരം ആഴ്ചയിൽ 3 ദിവസത്തേക്ക് ആകെ 3 മാസത്തേക്ക് 18000 രൂപയും, പരിശീലകരുടെ ഓണറേറിയമായി മാസം 1500 രൂപപ്രകാരം 3 മാസത്തേക്ക് 4500 രൂപയും, സംഘാടന ചെലവിലേക്ക് ബാനറിന് 250 രൂപയും, ഫസ്റ്റ് എയ്ഡ് കിറ്റിന് 250 രൂപയും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് 3600 രൂപയും ഫോട്ടോയ്ക്ക് 250 രൂപയും ചേർത്ത് ഒരു പഞ്ചായത്തിന് 26850 രൂപയും നൽകുന്നു.



*കണ്ണൂർ ജില്ലാ പഞ്ചായത്തും കുടുംബശ്രീയും സംയുക്തമായി നടപ്പാക്കുന്ന സ്റ്റാമിന പ്രോജക്ടിന്റെ കോച്ചുമാരുടെ പരിശീലനപരിപാടി കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. കെ.എ. സരള ഉദ്ഘാടനം ചെയ്യുന്നു.*

പരിശീലനത്തിന് വരുന്ന കുട്ടികൾക്ക് ലഘുഭക്ഷണം നൽകുവാനും പരിശീലകർക്ക് ഓണറേറിയം നൽകുവാനും പരിശീലനം കഴിഞ്ഞാൽ സർട്ടിഫിക്കറ്റ് നൽകുവാനും ഈ പ്രൊജക്ട് ലക്ഷ്യമിടുന്നു. വിവിധ പഞ്ചായത്തുകളിൽ നിന്ന് തെരഞ്ഞെടുത്ത കോച്ചുമാർക്ക് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ ജില്ലാതല ഓറിയന്റേഷൻ നൽകി.

## ഫുട്ബോൾ

സ്റ്റാമിന പദ്ധതിയുടെ പ്രവർത്തനത്തിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. കെ.എ. സരള നേതൃത്വം നൽകുന്നു. തികച്ചും അനുകരണീയമായ മാതൃകാ പ്രോജക്ടാണ് സ്റ്റാമിന. ആലസ്യത്തിലായ കുട്ടികൾക്ക് സ്റ്റാമിന നൽകുന്ന പ്രോജക്ട്. ■

*ലേഖകൻ കുടുംബശ്രീ, കണ്ണൂർ ജില്ലാമിഷനിൽ എ.ഡി.എം.സിയാണ്*

ആഷ്‌ലി ജോസ്

# മഴവെള്ളം സംഭരിക്കാതെ കേരളത്തിന്റെ ദാഹം തീരില്ല

ജനുവരി മുതൽ മേയ് വരെയുള്ള കനത്ത ചൂടിൽ കേരളം ചുട്ടുപൊള്ളുന്നു. കേരളത്തിലെ വേനൽ താപനില 37 ഡിഗ്രി കടന്നതോടെ കുടിവെള്ളം ഏറെ പ്രദേശങ്ങൾക്കും കിട്ടാക്കനിയായി. പരമ്പരാഗത ജലസ്രോതസുകളായ കുളം, നദി, കായൽ, തോട് എന്നിവ അതിരൂക്ഷമായ മലിനീകരണത്തിന്റെ പിടിയിലായതോടെ കുടിക്കാനും കുളിക്കാനും പാചകത്തിനും വെള്ളമില്ലാതെ ജനം നെട്ടോട്ടത്തിലാണ്.

മഴയിൽ സമ്പന്നമാണെങ്കിലും വരൾച്ചബാധിത സംസ്ഥാനങ്ങളായ രാജസ്ഥാൻ, ഗുജറാത്ത് എന്നിവിടങ്ങളെക്കാൾ ആളോഹരി ജലലഭ്യത കേരളത്തിൽ കുറവാണ്. കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകത മൂലം പെയ്യുന്ന മഴയുടെ 45 ശതമാനവും 12 മണിക്കൂറുകൾക്കുള്ളിൽ അറബിക്കടലിൽ പതിക്കുന്നു. മണ്ണിൽ വെള്ളം സംഭരിക്കുന്നതിലെ കുറവാണ് കേരളം നേരിടുന്ന പ്രധാന പരിമിതി. ചൂടും ഉഷ്ണവും കൂടിവരുന്ന സംസ്ഥാനത്ത് കുടിവെള്ളം വിൽപന വലിയൊരു വിപണിയായി മാറിയിരിക്കുന്നു.

ആസ്ബസ്റ്റോസ്, കോൺക്രീറ്റ് നിർമ്മാണത്തിന്റെ വ്യാപനവും ഈർപ്പം നഷ്ടമായി ചൂട് വർധിക്കുന്നതിനു പ്രധാന കാരണമാണ്.

ശുദ്ധമായ വെള്ളം മണ്ണിലും ടാങ്കുകളിലും പടുതാക്കുളങ്ങളിലും സംഭരിക്കുക മാത്രമാണ് കേരളത്തിന്റെ ദാഹം അകറ്റാനുള്ള പോംവഴി. മഴക്കൊയ്ത്ത് എന്ന ആശയം കേരളം പൂർണമായി ഉൾക്കൊള്ളാത്തതിനാൽ വേനൽ തുടങ്ങുമ്പോഴേ ജലസ്രോതസുകൾ വറ്റുന്നു. കർക്കിടപ്പെയ്ത്തിന്റെ മൂന്നിലൊന്നു വെള്ളം ശാസ്ത്രീയമായി സംഭരിച്ചാൽ കേരളത്തിന്റെ ദാഹത്തിന് പരിഹാരമാകും. ഇന്നാവട്ടെ വെള്ളം വിലയ്ക്കു വാങ്ങി ജീവിക്കേണ്ട ഗതികേടിലാണ് 44 പുഴകളും അനേകായിരം തോടുകളും കുളങ്ങളുമുള്ള കേരളം.

കുപ്പിവെള്ളംകുടി ഇക്കാലത്ത് സ്റ്റാറ്റസിന്റെ മാത്രം അടയാളമല്ല. ഏറെ ജലസ്രോതസുകളും മലിനമായതോടെയാണ് ശുദ്ധീകരിച്ച വെള്ളം മാത്രം വിലകൊടുത്തുവാങ്ങി കുടിക്കാൻ നിർബന്ധിതരാകുന്നത്. ജീവിതശൈലിയുടെ മാറ്റത്തിൽ ഉപഭോഗസംസ്കാരം സ്വാധീനിക്കുന്നതും മറ്റൊരു ഘടകമാണ്. കൂജയിലെയും മൺകലങ്ങളിലെയും വെള്ളവും മോരുംപാനിയും പഴയകാല ജീവിതശൈലിയുടെ ഭാഗമായിരുന്നു. ഇക്കാലത്ത് ബ്രാൻഡഡ് കമ്പനികളുടെ പാനീയങ്ങളും ജ്യൂസുകളും വിവിധ രുചിയിലും നിറത്തിലും വിപണിയിൽ നിറഞ്ഞിരിക്കുന്നു. പലതും ആരോഗ്യത്തെ നശിപ്പിക്കുന്നതും പരിസ്ഥിതിയെ തകർക്കുന്നതുമാണ്.

പ്രതിവർഷം ഏകദേശം 100 കോടി രൂപയുടെ കുപ്പിവെള്ളമാണ് കേരളത്തിൽ വിറ്റഴിയുന്നത്. ചൂടിലും വെള്ളംകുടിയിലും പാലക്കാട് ജില്ലയാണ് ഒന്നാം സ്ഥാനത്ത്. രണ്ടാം സ്ഥാനം എറണാകുളമാണ്. ഒരു മാസം ശരാശരി രണ്ടു ലക്ഷം കെയ്സ് വെള്ളം കേരളത്തിൽ വിറ്റഴിയുന്നു.

ഔദ്യോഗിക കണക്കുകൾ വിലയിരുത്തിയാൽ മാസം ഏഴു കോടി രൂപയുടെ കുപ്പിവെള്ളം സംസ്ഥാനത്ത് വിറ്റഴിയുന്നുണ്ട്. ജാറുകളിലും ടാങ്കർ ലോറികളിലും നടത്തുന്ന വെള്ളം വിൽപന കൂടാതെ പ്ലാസ്റ്റിക് കുപ്പികളിൽ മാത്രമുള്ള വിൽപനയുടെ കണക്കാണ് 100 കോടി.

കുംഭം, മീനം മാസങ്ങളിൽ കേരളം കത്തുന്ന പ്രതീതിയാണ്. സൂര്യാഘാതവും പകർച്ചവ്യാധികളും പതിവു വാർത്തകളായി മാറുന്നു. വഴിയോരങ്ങളിൽ ശീതളപാനീയങ്ങളുടെ താൽക്കാലിക കടകൾ വേനൽക്കാലത്ത് വർധിച്ചുവരികയാണ്.

പ്രധാന പാതകളോടു ചേർന്ന് നടത്തുന്ന ഇത്തരം കടകളിൽ വിവിധയിനം പഴങ്ങളുടെയും പാനീയങ്ങളുടെയും കച്ചവടം തകൃതിയായി നടക്കുന്നു. ഓറഞ്ച്, മുന്തിരി, ആപ്പിൾ, വാഴപ്പഴം തുടങ്ങി അന്യസംസ്ഥാന വിഭവങ്ങളുടെ വലിയ വിപണിയായി കേരളം മാറിയിരിക്കുന്നു. അയൽസംസ്ഥാനങ്ങളിൽ നിന്നു മാത്രമല്ല വിദേശങ്ങളിൽ നിന്നുവരെ എത്തുന്ന പഴങ്ങൾ തിന്നാണ് കേരളം വേനൽച്ചൂടിൽ ആശ്വാസം കണ്ടെത്തുന്നത്.

തമിഴ്നാട്, ഗോവ, കർണാടക സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ടൺ കണക്കിന് തണ്ണിമത്തൻ തിന്ന് വേനൽച്ചൂടിനെ പലരും പ്രതിരോധിക്കുന്നു. തണ്ണിമത്തൻ കിലോഗ്രാമിന് 10 മുതൽ 15 രൂപ വരെയാണ് വില. കേരളത്തിലെ തനതു വിഭവങ്ങളായ വാഴപ്പഴവും ചക്കപ്പഴവും കപ്പളങ്ങയും പുതിയ തലമുറയ്ക്ക് വേണ്ടാതായി. ചുരുക്കത്തിൽ വേനൽ ദാഹമകറ്റാൻ നാലു മാസത്തേക്ക് ആയിരക്കണക്കിന് രൂപ അധികമായി ചെലവഴിക്കുന്നവരാണ് ഏറെപ്പേരും.

കഴിഞ്ഞ തലമുറയിൽ ഇത്തരമൊരു വെള്ളംകുടി ചെലവ് കേരളീയ സമൂഹത്തിനുണ്ടായിരുന്നില്ല.

കേരനാടായ കേരളത്തിൽ കരിക്കിന്റെ വിൽപന തകൃതിയാണ്. 20 രൂപ നിരക്കിലാണ് കരിക്കു കച്ചവടം. കേരളത്തിൽ വേണ്ടത്ര കരിക്ക് ലഭ്യമല്ലാത്തതിനാൽ തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ നിന്നുവരെ കേരളവിപണിയിൽ കരിക്ക് എത്തുന്നുണ്ട്. നാരങ്ങാവെള്ളം, സോഡ, ജ്യൂസ് എന്നിവയുടെ വിലയും വിൽപനയും വർധിച്ചിരിക്കുന്നു. ഷാർജ, ഈത്തപ്പഴം, മാങ്ങ എന്നിവയുടെ വിൽപനയും ഉയരങ്ങളിലാണ്.

നൂറിലേറെ ഇനം മാവുകളും സുലഭമായി മാങ്ങയുമുണ്ടായിരുന്ന കേരളം മാമ്പഴത്തിനും അയൽനാടുകളിലേക്ക് കൈ നീട്ടുകയാണ്. തമിഴ്നാട്, കർണാടകം, മഹാരാഷ്ട്ര സംസ്ഥാനങ്ങളിൽ നിന്നാണ് കേരള വിപണിയിൽ വിറ്റഴിയുന്ന മാമ്പഴങ്ങളുടെ 80 ശതമാനവും എത്തുന്നത്.

ദാഹം അകറ്റാൻ ശുദ്ധമായ പച്ചവെള്ളവും മോരുംവെള്ളവും സുലഭമായിരുന്ന ഇവിടെ ചോദിക്കുന്ന കാശിന് വെള്ളം വാങ്ങി ദാഹം അകറ്റേണ്ട സ്ഥിതിയാണുള്ളത്. 10 രൂപ മുതൽ 100 രൂപ വിലയ്ക്ക് ദാഹശമിനിയും ജ്യൂസുമൊക്കെ കുടിക്കേണ്ട സ്ഥിതിയാണ് നാടിനുള്ളത്.

ശുദ്ധമായ വെള്ളം സ്വന്തം വീടുകളിൽ സംഭരിക്കാൻ ഏവർക്കും കഴിയണം. ഒപ്പം വേനലിനെ നേരിടാനുള്ള ആരോഗ്യദായകമായ വെള്ളം വീട്ടിൽ തയാറാക്കുകയും വേണം. ■

*ലേഖിക കോട്ടയം സെന്റ് മേരീസ് ഹൈസ്ക്കൂൾ അദ്ധ്യാപികയാണ്*







# മഞ്ചേശ്വരം രാജ്യത്തെ ആദ്യ ഇ-പേയ്മെന്റ് ഗ്രാമപഞ്ചായത്ത്

മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ഇനി മുതൽ നികുതി ഒടുക്കുവാൻ പഞ്ചായത്ത് ഓഫീസിലേക്ക് യാത്ര ചെയ്യേണ്ടതില്ല. ലോകത്ത് എവിടെയാണെങ്കിലും വീട്ടിലിരുന്നോ, ഓഫീസിലിരുന്നോ 24 മണിക്കൂറും ഇനി നികുതി ഒടുക്കാം. www.tax.Isqkerala.gov.in എന്ന വെബ്സൈറ്റിൽ കയറിയാൽ ഓരോ കെട്ടിടത്തിന്റെയും അടയ്ക്കാനുള്ള നികുതി മനസ്സിലാകും, തുടർന്ന് എളുപ്പത്തിൽ നിന്ന് പണം ഓൺലൈനായി കൈമാറാം. സ്വയം രസീതിയും എടുക്കാം. ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഇല്ലാത്തവർക്ക് തൊട്ടടുത്ത അക്ഷയ കേന്ദ്രത്തിൽ നിന്ന് പണം അടച്ച് രസീതി കൈപ്പറ്റാം. ഐ.കെ.എം. ഒരുക്കിയ സോഫ്റ്റ്വെയറാണ് ഇതിനുവേണ്ടി ഉപയോഗിച്ചത്.

കാസർകോട് കളക്ടറേറ്റ് ഹാളിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. മുക്താറിനു രസീതി നൽകി മഞ്ചേശ്വരത്തെ ഇന്ത്യയിലെ ആദ്യത്തെ ഇ-പെയ്മെന്റ് പഞ്ചായത്തായി പ്രഖ്യാപിച്ചു. പി.ബി. അബ്ദുൾ റസാഖ് എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. ജില്ലാകളക്ടർ വി.എൻ. ജിതേന്ദ്രൻ, പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ പി. മുഹമ്മദ് നിസാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഫാത്തിമത്ത് സുഹറ, ഐ.കെ.എം. ജില്ലാ കോർഡിനേറ്റർ കെ. ഗോപിനാഥൻ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എം.എസ്. നാരായണൻ നമ്പൂതിരി, ഐ.കെ.എം. സീനിയർ പ്രോഗ്രാമർ വി. നാരായണൻ നമ്പൂതിരി സംബന്ധിച്ചു.



*ഇന്ത്യയിലെ ആദ്യത്തെ ഇ-പെയ്മെന്റ് പഞ്ചായത്തായി മഞ്ചേശ്വരത്തെ പ്രഖ്യാപിക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. മുക്താറിനു വസ്തുനികുതി രസീത് നൽകുന്നു. പി.ബി. അബ്ദുൾ റസാഖ് എം.എൽ.എ സമീപം.*

മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിൽ ജനനമരണ വിവാഹ സർട്ടിഫിക്കറ്റുകൾ നേരത്തെ തന്നെ ആവശ്യക്കാർക്ക് സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ സൗകര്യമൊരുക്കിയിരുന്നു. കൂടാതെ പഞ്ചായത്തിലെ എല്ലാവിധ സാമൂഹികസുരക്ഷിതത്വ പെൻഷൻകാരുടെ വിലാസങ്ങളും ഏതുവരെ പെൻഷൻ നൽകി എന്ന വിവരങ്ങളും സൈറ്റിൽ ലഭ്യമാണ്. അടുത്ത മാസം പഞ്ചായത്തിന്റെ മുഴുവൻ വരവുചെലവുകണക്കുകളും ഓൺലൈനായി ലഭ്യമാക്കുന്നതോടെ മഞ്ചേശ്വരം സമ്പൂർണ്ണ സുതാര്യ പഞ്ചായത്താകും.

# കല്ലിയൂർ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ബയന്റിംഗ്, പ്രിന്റിംഗ് പരിശീലനം

കേരളാ റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ രണ്ടാമത്തെ യൂണിറ്റ് കല്ലിയൂർ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ബയന്റിംഗ്, ഓഫ്സെറ്റ് പ്രിന്റിംഗ് എന്നീ വിഭാഗത്തിൽ യുവതീയുവാക്കൾക്ക് പരിശീലനം ആരംഭിച്ചു. കുടുംബശ്രീ മുഖേന തെരഞ്ഞെടുത്തവർക്ക് ബൈന്റിംഗ് വിഭാഗത്തിൽ പ്രതിദിനം 100 രൂപയും പ്രിന്റിംഗ് വിഭാഗത്തിന് ഒരു മാസം 2500/- രൂപ സ്റ്റൈപ്പെന്റും നൽകിയാണ് ട്രെയിനിംഗ് നടത്തുന്നത്. ഇരു വിഭാഗത്തിലും കൂടി പതിമൂന്നുപേർ പരിശീലനം നേടി വരുന്നു. പരിശീലന കാലാവധി ബൈന്റിംഗ് ഒരു വർഷവും പ്രിന്റിംഗ് രണ്ടു വർഷവുമാണ്. പരിശീലനപരിപാടിയുടെ ഉദ്ഘാടനം ക്രൂസ് പ്രസിഡന്റ് സൂപ്പി നരിക്കാട്ടേരി നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് രമാകുമാരി വി.ആർ. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മാനേജിംഗ് ഡയറക്ടർ ജെ. സദാനന്ദൻ, കല്ലിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.കെ. ശൈലേശ് കുമാർ, ക്രൂസ് സെക്രട്ടറി സി.ടി. ഹരികുമാർ, ബോർഡ് അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



*കല്ലിയൂർ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ബയന്റിംഗ്, ഓഫ്സെറ്റ് പ്രിന്റിംഗ് വിഭാഗങ്ങളിൽ പരിശീലനം നൽകുന്ന പരിപാടിയുടെ ഉദ്ഘാടനം ക്രൂസ് പ്രസിഡന്റ് സൂപ്പി നരിക്കാട്ടേരി നിർവ്വഹിക്കുന്നു. വൈസ് പ്രസിഡന്റ് രമാകുമാരി വി.ആർ., മാനേജിംഗ് ഡയറക്ടർ ജെ. സദാനന്ദൻ, കല്ലിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.കെ. ശൈലേശ് കുമാർ, ക്രൂസ് സെക്രട്ടറി സി.ടി. ഹരികുമാർ, ബോർഡ് അംഗങ്ങൾ തുടങ്ങിയവർ സമീപം.*



പി.എ. സലാം

# സഫലമീ സായാഹ്നം

## പൂക്കോട്ടൂർ: വയോജന സൗഹൃദ പഞ്ചായത്ത്

ലോകത്തിൽ ഏറ്റവും കൂടുതൽ വയോജനങ്ങളുള്ള രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. ഇന്ത്യയിൽ ഏറ്റവുമധികം മുതിർന്ന പൗരന്മാരുള്ള സംസ്ഥാനമാകട്ടെ കേരളവും.

ജീവിത ദൈർഘ്യം ഏറിവരുന്നതോടെ മുതിർന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. ലോകമെങ്ങും കുട്ടികളുടെ എണ്ണം കുറയുകയും പ്രായമായവരുടെ എണ്ണം കൂടിവരുകയും ചെയ്യുന്ന പ്രവണതയാണ് കണ്ടുവരുന്നത്.

പ്രായമേറുന്നതോടെ ഒരുപാട് പ്രശ്നങ്ങൾ ആളുകളെ അലട്ടാൻ തുടങ്ങുന്നു. അസഹനീയമായ ഏകാന്തത (റിട്ടയർമെന്റ്, ഇണയുടെ വേർപാട്, മക്കളുടെ കൂടുമാറ്റം (Empty Net Syndrome), കടുത്ത അവഗണന (സദാ പരാതിയും പരിഭവവുമായി നടക്കുന്ന മാതാപിതാക്കളെ ശല്യമായി കാണാനുള്ള പ്രവണത, കുടുംബ കാര്യങ്ങളിൽ പ്രായം ചെന്നവരെ അടുപ്പിക്കാതിരിക്കൽ), ക്ഷയിച്ചു വരുന്ന ആരോഗ്യം (പ്രമേഹം, രക്ത സമ്മർദ്ദം, ഹൃദ്രോഗം, കാഴ്ച്ചക്കുറവ്, കേൾവിക്കുറവ്, സന്ധിവേദന, പക്ഷാഘാതം, സ്മ്രിതിക്ഷയം, മാനസികാസ്വാസ്ഥ്യങ്ങൾ), സാമ്പത്തിക ഞെരുക്കം (ഏറിവരുന്ന ചെലവുകളും കുറഞ്ഞ വരുമാനവും), പീഡനം (മക്കളിൽനിന്നും മറ്റു കുടുംബാംഗങ്ങളിൽ നിന്നും ശാരീരികവും മാനസികവുമായ പീഡനം-നേരത്തിന് ഭക്ഷണവും ചികിത്സയും ലഭിക്കാതിരിക്കുക. ദേഹോപദ്രവം ചെയ്യുക). ചുരുക്കത്തിൽ ശരീരത്തെ കടന്നാക്രമിക്കാൻ തുടങ്ങുന്ന പലവിധ രോഗങ്ങൾ, വഴക്കം നഷ്ടപ്പെടുന്ന മാംസപേശികൾ, മങ്ങിവരുന്ന കാഴ്ചശക്തി, മാഞ്ഞുപോകുന്ന ഓർമ. കുടുബാംഗങ്ങളിൽ നിന്നുള്ള അവഗണന, പ്രിയപ്പെട്ടവരുടെ വേർപാട്, അതുണ്ടാക്കുന്ന ഏകാകിത്വം. മക്കളിൽ നിന്നും മരുമക്കളിൽ നിന്നും ഏൽക്കേണ്ടിവരുന്ന പീഡനം, സാമ്പത്തിക ഞെരുക്കം, സർവോപരി ആധുനിക യുഗത്തിലെ വയോജനങ്ങളോടുള്ള കാഴ്ചപ്പാട് (Use and throw culture) ഇവയെല്ലാം ഒത്തുചേരുമ്പോൾ നരകതുല്യമായി മാറുന്നു വാർദ്ധക്യകാലം.

ആളുകളുടെ സായംകാലം സന്തോഷപ്രദവും ഫലസമൃദ്ധവുമാക്കി മാറ്റാനുള്ള ഒരു ജനകീയ പദ്ധതിയാണ് മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ "സഫലമീ സായാഹ്നം".

**മുഖ്യഘടകങ്ങൾ**

- *നീഡ് അസസ്മെന്റ് സർവേ:* കുടുംബപശ്ചാത്തലം, വിദ്യാഭ്യാസം, തൊഴിൽ, നൈപുണികൾ തുടങ്ങി എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് 60 വയസിന് മുകളിലുള്ളവരെക്കുറിച്ചൊരു സമഗ്ര സർവ്വേ.
- *വയോജന അയൽക്കൂട്ടങ്ങൾ* (Elder's Circle): പ്രായം ചെന്നവർക്ക് മാത്രമായുള്ള അയൽക്കൂട്ടങ്ങൾ.
- *ആരോഗ്യം:* മെഡിക്കൽ ക്യാമ്പുകൾ, ഡോക്ടർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും ആശുപത്രികളുടെയും സേവനം ലഭ്യമാക്കൽ, ആരോഗ്യ ബോധവൽക്കരണം.
- *തൊഴിലും സമ്പാദ്യവും:* പ്രായമുള്ളവർക്ക് ഏർപ്പെടാവുന്ന തൊഴിൽ സംരംഭങ്ങൾ, വരുമാനത്തോടൊപ്പം മറ്റുള്ളവരുമായി ഇടപഴകാനുള്ള അവസരം സൃഷ്ടിക്കൽ.
- *വിനോദം:* റിലാക്സേഷൻ, യോഗ, സംഗീതം, കലാപരിപാടികൾ വിനോദയാത്രകൾ.
- *ഇളം തലമുറയുമായുള്ള സംവേദനം(Bridging)* കുട്ടികളുമായി അനുഭവങ്ങൾ പങ്കിടൽ (മുത്തശ്ശി മുത്തശ്ശന്മാരുടെ പുനർജനി), വഴിതെറ്റിപോകുന്ന ഇളംതലമുറയ്ക്ക് ദിശാബോധം നൽകൽ.
- *സന്നദ്ധസേവനം:* സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടികളിൽ സഹകരിക്കുക, നിർദ്ധനകുട്ടികൾക്ക് സൗജന്യട്യൂഷൻ, ഗൃഹസന്ദർശനം,
- *സൗഹൃദപരിപോഷണം:* വിഭിന്ന ജനവിഭാഗങ്ങളുടെ ഇടയിൽ പരസ്പര സ്നേഹവും സൗഹൃദവും വളർത്തിയെടുക്കാൻ നേതൃത്വം നല്കുക, പ്രശ്നപരിഹാരങ്ങൾക്ക് മുൻകൈയ്യെടുക്കുക
- *പകൽവീട്:* പ്രായം ചെന്നവർക്ക് പകൽ സമയങ്ങളിൽ ഒന്നിച്ച് കൂടാനുള്ള സംവിധാനം
- *വൃദ്ധസദനം:* നിരാലംബരായ വയോജനങ്ങൾക്ക് താമസിക്കാൻ വൃദ്ധസദനം

വയോജനങ്ങളുടെ ജീവിതത്തിന്റെ വിവിധ മേഖലകളേയും സ്പർശിക്കുന്ന ഒരു സമഗ്ര പരിപാടിയായിട്ടാണ് "സഫലമീ സായാഹ്നം" വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

**കർമ്മ പരിപാടികൾ**

*1. പ്രാരംഭ പ്രവർത്തനങ്ങൾ*

- വോലന്റിയർമാരെ കണ്ടെത്തൽ (ഒരു വാർഡിൽ നിന്നും 3 പേർ വീതം).
- വോലന്റിയർമാർക്ക് പരിശീലനം.
- സർവ്വേ പൂർത്തിയാക്കലും റിപ്പോർട്ട് തയ്യാറാക്കലും.
- ഉൽഘാടനം.
- വയോജന കൂട്ടങ്ങളുടെ രൂപികരണം- വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും.
- വയോജന കൂട്ടങ്ങളിലൂടെയുള്ള ആശയവിനിമയത്തിലൂടെ വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തൽ- വയോജന കൂട്ടങ്ങളുടെ സാധ്യതകൾ വിലയിരുത്തൽ - കണ്ടെത്തലുകളുടെ ക്രോഡീകരണം.
- പഞ്ചായത്തുതല വയോജന ഉപദേശക സമിതിയുടെ രൂപീകരണം
- ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, വ്യവസായം, കൃഷി, സന്നദ്ധ - രാഷ്ട്രീയ സംഘടനകൾ എന്നിവരുടെ കൂടിച്ചേരൽ.

*2. ആരോഗ്യം*

- ആരോഗ്യ വോളന്റിയർമാരെ കണ്ടെത്തലും ചുമതല ഏൽപ്പിക്കലും.
- പ്രായം ചെന്നവരുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തൽ.
- ആരോഗ്യ വോളന്റിയർമാർക്ക് വയോജനങ്ങളെ പരിചരിക്കുന്നതിൽ പരിശീലനം.
- മെഡിക്കൽ/രോഗ നിർണയ ക്യാമ്പുകൾ.
- ആരോഗ്യ ഇൻഷുറൻസ് നടപ്പിലാക്കൽ.
- ആരോഗ്യ കാർഡ് വിതരണം.
- ഗുരുതര രോഗം ബാധിച്ചവർക്ക് പരിചരണവും സാന്ത്വന ചികിത്സയും.
- ഷുഗർ ബി.പി, കൊളസ്ട്രോൾ എന്നിവ കണ്ടെത്താനുള്ള സംവിധാനത്തോടുകൂടിയുള്ള മൊബൈൽ ആരോഗ്യയൂണിറ്റ്.
- വയോജന ചികിത്സയിൽ പരിശീലനം നേടിയ ഹോം നേഴ്സുമാരുടെ സേവനം ലഭ്യമാക്കൽ.
- ആരോഗ്യ ബോധവൽക്കരണ പരിപാടികൾ.

*3. വിദ്യാഭ്യാസം*

- നിരക്ഷരരായ ആളുകൾക്ക് സാക്ഷരതാ ക്ലാസ്സുകൾ.
- തുടർന്ന് പഠിക്കാൻ താല്പര്യമുള്ളവർക്ക് തുല്യതാ ക്ലാസ്സുകൾ.
- വായിക്കാൻ പത്രങ്ങൾ, ആനുകാലികങ്ങൾ, മൊബൈൽ ലൈബ്രറി.
- കമ്പ്യൂട്ടർ പഠനം- ഇന്റർനെറ്റിന്റെ ഉപയോഗം.
- അംഗൻവാടി കുട്ടികളുമായി ആശയവിനിമയം.
- സ്കൂൾ കുട്ടികളുമായി ഒന്നിച്ചിരിക്കലും അനുഭവങ്ങൾ പങ്കിടലും.
- ബാലസഭകളുടെ പ്രവർത്തനങ്ങളിൽ വയോജനങ്ങളെ പങ്കാളികളാക്കൽ.

*4. തൊഴിൽ*

- തൊഴിൽ നൈപുണ്യമുള്ളവരെ കണ്ടെത്തൽ
- വയോജനങ്ങൾക്ക് ഏർപ്പെടാൻ പറ്റിയ തൊഴിൽ സംരംഭങ്ങൾ കണ്ടെത്തൽ.
- തൊഴിൽ പരിശീലനം
- കഴിവ് വർദ്ധിപ്പിക്കാനുള്ള (Capacity building)പരിശീലനങ്ങൾ
- വരുമാനമുണ്ടാക്കലും സമ്പാദ്യവും
- വയോജന സംരംഭങ്ങളുടെ ഉൽപന്ന പ്രദർശനം

*5. കായികം, കല, വിനോദം*

- കായിക മത്സരങ്ങൾ
- കലോത്സവം
- വിനോദ യാത്രകൾ
- വയോജന ക്ലബ്ബുകൾ

*6. കുടിവെള്ളവും ശുചിത്വവും*

- കുടിവെള്ളം ലഭ്യമാക്കൽ
- യൂറോപ്യൻ ക്ലോസറ്റ് ഉറപ്പു വരുത്തൽ

*7. പുനരധിവാസം*

- പകൽസമയം വീട്ടിൽ തനിച്ചാകുന്ന വയോജനങ്ങൾക്ക് പകൽ വീട് സംവിധാനം ഏർപ്പെടുത്തൽ.
- ആരോരുമില്ലാത്തവർക്ക് താമസിക്കാൻ സ്നേഹവീട് അഥവാ വൃദ്ധ സദനം

*8. സവിശേഷ പരിപാടികൾ*

- അവിവാഹിതർ, വിവാഹ മോചിതർ, കുട്ടികളില്ലാത്തവർ എന്നിവർക്ക് പ്രത്യേക പരിപാടികൾ
- 80 വയസിന് മുകളിലുള്ളവർക്ക് പ്രത്യേക പാക്കേജ്.
- അംഗവൈകല്യമുള്ളവർക്ക് പ്രത്യേക പരിഗണന.
- വീടില്ലാത്തവർക്ക് താമസിക്കാൻ ഒരിടം കണ്ടെത്തൽ.
- അഗതികളെ ദത്തെടുക്കൽ പരിപാടി.
- വയോജന ഫണ്ട് രൂപീകരിക്കൽ.
- പ്രാദേശിക അടിസ്ഥാനത്തിൽ കുട്ടികൾ, കൗമാരപ്രായക്കാർ, സ്ത്രീകൾ, പുരുഷന്മാർ, വയോജനങ്ങൾ എന്നിവരുടെ കൂട്ടങ്ങൾ (സർക്കിൾ) രൂപീകരിക്കുകയും ഇവയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ ഉൾപ്പെടുത്തി വാർഡ്-പഞ്ചായത്ത് തലത്തിൽ സമിതികൾ രൂപീകരിക്കലും-അതുവഴി വയോജന ക്ഷേമം സമൂഹത്തിന്റെ ബാധ്യതയാക്കി മാറ്റുകയും പ്രാദേശിക വികസനം ഉറപ്പ് വരുത്തുകയും ചെയ്യുക.
- പ്രായമുള്ളവർ, കുട്ടികൾ എന്നിവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ ജാഗ്രതാ സമിതികൾ രൂപീകരിക്കുക.
- പ്രായമുള്ളവർക്ക് നിയമ സഹായം ലഭ്യമാക്കാൻ നിയമ വേദി രൂപീകരിക്കുക.
- പ്രായമുള്ളവർക്ക് അർഹതപ്പെട്ട എല്ലാവിധ സഹായങ്ങളും അവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
- വയോജനങ്ങളെ ആദരിക്കുന്ന ചടങ്ങുകൾ.
- പഞ്ചായത്തിന് മൊത്തമായി ഒരു വയോജന നയത്തിന് രൂപം നൽകുക.
- പഞ്ചായത്തിനെ ഒരു വയോജന സൗഹൃദ പഞ്ചായത്തായി പ്രഖ്യാപിക്കുക.
- വയോജനങ്ങളുടെ ജീവിതാനുഭവങ്ങൾ, പ്രത്യേക അറിവുകൾ എന്നിവ ഉൾപ്പെടുത്തി ഒരു പുസ്തകം പ്രസിദ്ധീകരിക്കുക.
- സഫലമീ സായാഹ്നം പദ്ധതിയുടെ വിജയ കഥ/സവിശേഷത പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക.
- സഫലമീ സായാഹ്നം കേരളത്തിന് മൊത്തം മാതൃകയാക്കാവുന്ന രൂപത്തിലുള്ള ഒരു പദ്ധതിയായി മാറ്റിയെടുക്കുക.

*9. പങ്കാളിത്തം*

ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ആരോഗ്യവകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പട്ടികജാതി വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, വ്യവസായ വകുപ്പ്, റവന്യൂ വകുപ്പ്, കൃഷി വകുപ്പ്, കില, മാസ് കമ്മ്യൂണിക്കേഷൻ ഡിപാർട്ട്മെന്റ്/AVRC, കോഴിക്കോട് സർവ്വകലാശാല, ബാങ്കുകൾ, കലാസമിതികൾ/ക്ലബ്ബുകൾ, സാക്ഷരതാമിഷൻ, കുടുംബശ്രീ, നാഷണൽ സർവ്വീസ് സ്കീം, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവരുടെ പങ്കാളിത്തം പദ്ധതിയുടെ സമ്പൂർണ്ണ വിജയത്തിന് അനിവാര്യമാണ്.

*ലേഖകൻ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്*

മുരളീധരൻ തഴക്കര

പരമ്പര: 32

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ



വ്യക്തിനിഷ്ഠമായ ക്രയവിക്രയങ്ങളിൽ നിന്ന് സമൂഹം വളരുന്നത് സമൂഹക്രമത്തിലേക്ക് വ്യാപാരം വരുന്നതോടെയാണ്. അതിന്റെ പ്രാഥമിക ചിഹ്നം എന്ന നിലയിലാണ് പൊതു സ്ഥലത്തെ വ്യാപാരം നിലവിൽ വരുന്നത്. ചന്തകൾ ഉണ്ടാവുന്നത് അങ്ങനെയാണ്. സാധനങ്ങൾ പരസ്പരം കൈമാറ്റം ചെയ്യാൻ ഉചിതമായ ഒരു സംവിധാനം എന്ന നിലമാത്രമേ ആദ്യം ചന്തകൾക്കുണ്ടായിരുന്നുള്ളൂ. പിന്നെ ക്രയവിക്രയത്തിന്റെ ഉപാധിയായി പണം വരുന്നതോടെയാണ് ചന്തകൾ വ്യാപാരതന്ത്രത്തിന്റെ കേന്ദ്രമാകുന്നത്. മറ്റു രാജ്യങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ ചന്തകൾ കാർഷിക വിപണി എന്ന നിലയിലാണ് നിലനിന്നു പോന്നത്. കാർഷികോപകരണങ്ങളും ഉല്പന്നങ്ങളും പ്രധാന വിപണന വസ്തുക്കളായി. പിന്നെ പിന്നെ കർഷകനു വേണ്ടതെന്തൊക്കെയാണോ അവയൊക്കെ ചന്തയിൽ വന്നു ചേരാൻ തുടങ്ങി. ഉത്സവങ്ങളെ കേന്ദ്രീകരിച്ച് മറ്റൊരുതരം വിപണി രൂപം കൊണ്ടു. അവയ്ക്കും നാരായവേരായി കൃഷിയുണ്ടായിരുന്നു. ചന്തകൾ നമ്മുടെ ജീവിതത്തിന്റെ ഒഴിവാക്കാനാവാത്ത ഘടകമായിരുന്നു. ചന്തയുമായി ബന്ധപ്പെട്ടു രൂപം കൊണ്ട എത്രയെങ്കിലും പദങ്ങൾ നമ്മുടെ ജീവിതത്തിലുണ്ട്. അതിലൂടെ പരിമിതമായ ഒരന്വേഷണമാണിവിടെ, ബാക്കി വായനക്കാരുടെ പൂരിപ്പിക്കലിനായി വിടുന്നു.

**അന്തിചന്ത**

വൈകുന്നേരങ്ങളിൽ മാത്രം കച്ചവടം നടക്കുന്ന ചന്തയാണിത്. സാധനങ്ങൾ വില്ക്കുകയും വാങ്ങുകയും ചെയ്യേണ്ടവർ ഉച്ചയ്ക്കുശേഷം അന്തിച്ചന്തയിൽ ഒത്തു കൂടുന്നു. വൈകുന്നേരം ആറര ഏഴുമണിയാകുമ്പോഴേക്കും കച്ചവടം അവസാനിക്കുകയും ചെയ്യും.

**മീൻചന്ത**

മീൻകച്ചവടം മാത്രം നടക്കുകയോ അഥവാ അതിന് മുൻതൂക്കമുള്ളതോ ആയ ചന്തയാണിത്. രാവിലെയോ വൈകുന്നേരമോ ഏതെങ്കിലും ഒരു നേരമേ ഈ ചന്തയിൽ കച്ചവടം നടക്കൂ. ഇവിടെ കച്ചവടം നടത്തുന്നതിനായി ചില സ്ഥിരം മീൻകച്ചവടക്കാരുമുണ്ടാകും.

**കാലിചന്ത**

കന്നുകാലികളുടെ ക്രയവിക്രയം നടക്കുന്ന ചന്തയാണിത്. മാസത്തിൽ ഒരു ദിവസമോ രണ്ടു ദിവസമോ മാത്രമേ ചന്ത നടക്കുകയുള്ളൂ. എല്ലാ മാസവും ഒരു നിശ്ചിത ദിവസമായിരിക്കും ചന്ത നടക്കുന്നത്. നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും കന്നുകാലികളെ വാങ്ങേണ്ടവരും വില്ക്കേണ്ടവരും ചന്തയിലെത്തും. ചന്തദിവസം മൂക്കു കയർ, കന്നുകാലികളെ കെട്ടുവാനുള്ള കയർ എന്നിവയും ഇവിടെ വില്പനയ്ക്കുണ്ടാകും.

**കാളചന്ത**

ഉഴവുകാളകളെയും വണ്ടിക്കാളകളെയും മാത്രം വില്ക്കുകയും വാങ്ങുകയും ചെയ്യാൻ വേണ്ടിയുള്ള ചന്തയാണിത്. കാലിചന്തയിൽ പശു, ആട്, എരുമ, പോത്ത് എന്നിവയെല്ലാം വില്പനയ്ക്കായി കൊണ്ടുവരുമ്പോൾ കാളച്ചന്തയിൽ പേര് സൂചിപ്പിക്കും പോലെ കാളകളെ മാത്രമേ വില്പനയ്ക്കായി കൊണ്ടുവരൂ. മലയാള മാസത്തിലെ ഏതെങ്കിലും ഒരു നിശ്ചിത ദിവസമായിരിക്കും കാളചന്ത നടക്കുക.

**ചന്തലേലം**

ചന്തകൾ അതാത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലാണ് പ്രവർത്തിക്കുക. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഈ ചന്തകൾ വർഷാവർഷം ലേലം ചെയ്യും. ഇതിലൂടെ ലഭിക്കുന്ന തുക പ്രാദേശിക സർക്കാരുകളുടെ സാമ്പത്തിക സ്രോതസ്സാണ്.

**ചന്തപ്പിരിവ്**

ചന്തലേലത്തിൽ പിടിക്കുന്ന വ്യക്തി എല്ലാ ദിവസവും ചന്തസമയത്ത് ചന്തയിലെത്തി സാധനങ്ങൾ വില്പനയ്ക്കായി കൊണ്ടുവരുന്നവരിൽ നിന്നും പിരിവ് വാങ്ങുന്നു. ഓരോ കാർഷിക ഉല്പന്നങ്ങൾക്കും മത്സ്യം വില്പന നടത്തുന്നതിനും മറ്റും എത്ര രൂപ വീതം ഈടാക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൂട്ടിത്തന്നെ നിജപ്പെടുത്തുകയും നോട്ടീസ് ബോർഡിൽ രേഖപ്പെടുത്തുകയും ചെയ്യും. ഈ നിബന്ധന പ്രകാരം മാത്രമേ ചന്തപ്പിരിവ് നടത്താൻ അനുമതിയുള്ളൂ.

**ചന്തപിരിയുക**

ഏത് ചന്തയിലും കച്ചവടത്തിന് ഒരു സമയപരിധിയുണ്ട്. അന്തിച്ചന്തയുടെ കാര്യത്തിൽ വൈകുന്നേരം നാലുമണിയോടെ തുടങ്ങി അഞ്ചുമണിയോടെ വളരെ സജീവമായി ആറര, ഏഴുമണിയോടെ കച്ചവടം ഏതാണ്ട് പൂർണ്ണമായും അവസാനിക്കും. കച്ചവടം അവസാനിച്ച് സാധനങ്ങൾ വില്ക്കുവാനും വാങ്ങുവാനും വരുന്നവർ പൂർണ്ണമായും ഒഴിയുന്നതിനാണ് 'ചന്ത പിരിയുക' എന്നുപറയുക.

**ചന്തവർത്തമാനം**

സമൂഹത്തിലെ പലവിധ സ്വഭാവവും സംസാര രീതികളുമെല്ലാം ഉള്ളവർ ഒത്തുകൂടുന്ന ഇടമാണ് ചന്ത. ചന്തയിലെ സംസാരത്തിൽ മിക്കപ്പോഴും സഭ്യതയും സംസ്ക്കാരവും മിതത്വവുമൊന്നും ഉണ്ടാകണമെന്നില്ല. അതുകൊണ്ട് തരംതാണ സംസാരത്തിന് "ചന്തവർത്തമാനം" എന്നൊരു ശൈലി തന്നെയുണ്ടായി. 'ഇത്തരം ചന്തവർത്തമാനം പറയാതെ കുറച്ചുകൂടി മാന്യമായി സംസാരിക്കൂ' എന്ന് പറയാറുണ്ടല്ലോ.

**ചന്തക്കുരങ്ങ്**

നമ്മുടെ പല ക്ഷേത്രങ്ങളോടു ചേർന്നുള്ള കാവുകളിൽ കുരങ്ങുകൾ അധിവസിക്കുന്നുണ്ട്. വള്ളിക്കാവ്, ശാർങ്ങക്കാവ്, ശാസ്താംകോട്ട തുടങ്ങിയ ക്ഷേത്രങ്ങൾ തന്നെ ഉദാഹരണം. ശാസ്താംകോട്ടയിലെ കുരങ്ങുകൾ രണ്ടു വിഭാഗമാണ്. ഒന്ന് അമ്പലക്കുരങ്ങും മറ്റൊരു വിഭാഗം ചന്തക്കുരങ്ങും. ഇവയുടെ സ്വഭാവ സവിശേഷതകളിലെ പ്രകടമായ വ്യത്യസ്തതയാണ് ഈ വിഭജനത്തിന്റെ മാനദണ്ഡം. അമ്പലക്കുരങ്ങുകൾ ക്ഷേത്രത്തെ ചുറ്റിപ്പറ്റി മാത്രം ജീവിക്കുമ്പോൾ ചന്തക്കുരങ്ങുകൾ സമീപ സ്ഥലങ്ങളിലെല്ലാം കടന്നു ചെന്ന് നാട്ടുകാർക്ക് ഉപദ്രവമുണ്ടാക്കുകയും കണ്ണിൽ കണ്ട നടുതലകളും വിളവുകളുമെല്ലാം കൈക്കലാക്കി വലിയ ശല്യമായി മാറുകയും ചെയ്യുന്നു. അതുകൊണ്ട് ഇവയെ ചന്തക്കുരങ്ങുകൾ എന്നാണ് പറയുന്നത്.



**ആഴ്ച ചന്ത**

ആഴ്ചയിൽ ഒരു ദിവസം മാത്രം നടക്കുന്ന ചന്തയാണിത്. ഒരാഴ്ചത്തേക്കാവശ്യമായ പലവ്യഞ്ജനം, കേടുകൂടാതെ ഇരിക്കുന്ന പച്ചക്കറികൾ തുടങ്ങിയവയെല്ലാം ആഴ്ചചന്തയിൽ നിന്നും



വാങ്ങി ഉപയോഗിക്കുകയാണ് ചെയ്യുക. ആഴ്ച ചന്തകളുടെ പ്രവർത്തനം മിക്കപ്പോഴും രാവിലെയും വൈകുന്നേരവുമുണ്ടാകും. "പട്ടി ചന്തയ്ക്കു പോയതുപോലെ" എന്നത് മലയാളിയുടെ ശൈലിയും പ്രയോഗവുമാണ്. നായ ചന്തയിൽ പോകുന്നത് യാതൊരു ലക്ഷ്യവും ഉദ്ദേശങ്ങളുമില്ലാതെയാണല്ലോ. പോയതുപോലെ തന്നെ തിരിച്ചുപോകുകയും ചെയ്യും. ലക്ഷ്യബോധമില്ലാതെ ഓരോ പ്രവർത്തിയിൽ ഏർപ്പെടുകയും ഏതെങ്കിലും സ്ഥലത്തേക്കു പോകുകയും ചെയ്യുന്നതിനാണ്– "പട്ടി ചന്തയ്ക്കു പോയതുപോലെ" എന്ന പ്രയോഗം കൊണ്ടുദ്ദേശിക്കുന്നത്. ■

*ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.*



പഞ്ചായത്ത് രാജ്

# വാർത്തകളും വിശേഷങ്ങളും

### ഇലക്ട്രിക്കൽ/നെറ്റ്‌വർക്കിംഗ് ജോലികൾക്ക് ക്വട്ടേഷൻ ക്ഷണിക്കാം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ/നെറ്റ്‌വർക്കിംഗ് ജോലികൾക്കായി തെരഞ്ഞെടുത്ത കോൺട്രാക്ടർമാരുടെ സേവനം അവസാനിപ്പിച്ചുകൊണ്ടും ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത ജോലികൾ പ്രാദേശികമായ ക്വട്ടേഷൻ ക്ഷണിച്ച് ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ പൂർത്തീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവു പുറപ്പെടുവിച്ചു. (സ.ഉ.(സാധാ) നം. 1066/2012/തസ്വഭവ, തീയതി 4.4.12)

### പെട്ടിക്കട നൽകുന്നതിനുള്ള സഹായധനം വർദ്ധിപ്പിച്ചു

ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് പെട്ടിക്കട നൽകുന്നതിന് പരമാവധി 25000/- രൂപ വരെ സബ്സിഡി അനുവദിക്കാവുന്നതാണെന്ന് ഉത്തരവായി. പെട്ടിക്കട റോഡ് പുറമ്പോക്കിൽ അനധികൃതമായി സ്ഥാപിക്കാൻ പാടില്ല എന്ന നിബന്ധന കർശനമായി പാലിക്കേണ്ടതാണ്. (സ.ഉ.(സാധാ)നം. 967/2012/തസ്വഭവ, തീയതി 30.3.12)

### നികുതിവരവ് വർദ്ധിപ്പിക്കുന്നവർക്ക് അധിക ഇൻസെന്റീവ്

എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അവയുടെ തനത് നികുതി വരവ് മുൻവർഷത്തേക്കാൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ വാർഷിക സമയബന്ധിത കാര്യപരിപാടി തയ്യാറാക്കി കമ്മിറ്റി/കൗൺസിൽ/ഗ്രാമസഭ/വാർഡുസഭ യോഗത്തിൽ ചർച്ചചെയ്ത് തുടർനടപടി സ്വീകരിച്ച് നാലാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള അധിക ഇൻസെന്റീവ് ലഭിക്കുന്നതിനുള്ള കർമ്മപരിപാടി നടപ്പാക്കേണ്ടതാണ്. (സർക്കുലർ നമ്പർ 53577/എഫ്എം.3/2011/തസ്വഭവ തീയതി 13.04.2012)

### എം. എൻ. ആർ. ഇ. ജി. എസ്: ബോധവൽക്കരണത്തിന് നിർദ്ദേശങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ കർത്തവ്യങ്ങളും നേട്ടങ്ങളും തൊഴിലാളികളുടെ ബോധവത്ക്കരണത്തിന് ലഭ്യമാക്കുന്നതിലേക്കായി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. (സർക്കുലർ നമ്പർ 12329/ഡി.ഡി.2/2012/തസ്വഭവ തീയതി 09.04.2012)

### വികസന, മെയിന്റനൻസ് ഫണ്ടുകൾ: ചെലവുപരിധി 60 ശതമാനമായി കുറച്ചു

2011-12 വർഷത്തിലെ വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ ഷോർട്ട്ഫാൾ കണക്കാക്കുന്നതിനുള്ള കുറഞ്ഞ ചെലവിന്റെ പരിധി 60 ശതമാനമായി കുറവുചെയ്ത് സർക്കാർ ഉത്തരവായി. (ജി.ഒ.(എം.എസ്)നമ്പർ 103/2012/തസ്വഭവ തീയതി 16.04.2012)

### എം. എൻ. ആർ. ഇ. ജി. എസ്: സാധനസാമഗ്രികളുടെ വാങ്ങലിനും സംഭരണത്തിനും മാർഗ്ഗനിർദ്ദേശങ്ങൾ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സുഗമവും സുതാര്യവുമാക്കുന്നതിന് പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി. (സ.ഉ.(കൈ.)നമ്പർ.93/2012/തസ്വഭവ, തീയതി 31.3.2012)

### ഡെപ്പോസിറ്റ് വർക്ക്: പുതിയ പ്രവൃത്തിക്ക് അനുമതി

വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതും പണി ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾക്ക് പകരം പുതിയ പ്രവൃത്തികൾ നിർദ്ദേശിച്ച് പ്രസ്തുത സ്ഥാപനങ്ങളെ കൊണ്ട് നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായി. (സ.ഉ.(സാധാ)നമ്പർ 996/12/തസ്വഭവ, തീയതി 31.03.2012)

### വാംബെ പദ്ധതി: ധനസഹായം വർദ്ധിപ്പിച്ചു


വാംബെ പദ്ധതിയിലുള്ള അനുവദനീയ ധനസഹായം 40000/- രൂപയിൽ നിന്നും ജനറൽ, എസ്.സി വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപയായും, എസ്.റ്റി. വിഭാഗത്തിന് 2.50 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് 15.09.2011 മുതൽ പ്രാബല്യം നൽകി ഉത്തരവായി. 15.09.2011 നുശേഷം മുഴുവൻ പണിയും നടത്തുന്നവർക്ക് മുഴുവൻ തുകയും, 15.09.2011 ന് മുമ്പ് ഒന്നോ അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം സ്വീകരിച്ചവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ആനുപാതിക വർദ്ധനവുമായിരിക്കും ബാധകമാകുന്നത്. പ്രസ്തുത തുക മേഖലാ വിഭജനത്തിനതീതമായി ഉപയോഗിക്കാതെ വരുന്ന പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. (സ.ഉ.(ആർ.റ്റി.)നമ്പർ 999/2012/തസ്വഭവ, തീയതി 31.03.2012)

### ഷോർട്ട്ഫാൾ നിശ്ചയിക്കുന്നത് സംബന്ധിച്ച്


തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2011-12ലെ പദ്ധതി ചെലവ് കണക്കാക്കി ഷോർട്ട്ഫാൾ നിശ്ചയിക്കുമ്പോൾ അക്കൗണ്ട് Vൽ ചെലവഴിക്കാത്ത തുക ഉൾപ്പെടുത്തേണ്ടതില്ല എന്ന് ഉത്തരവായി. (സ.ഉ. (സാധാ) നമ്പർ 1035/12/തസ്വഭവ, തീയതി 31.03.12)

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsg.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by J. Sadanandan, Director of Panchayats(Additional Charge), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.


ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി




പഞ്ചായത്ത്‌രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക


**പരസ്യ നിരക്ക്**

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ, മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033